بســم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**2006**
**നവംബർ – ഡിസംബർ**

1180 വൃശ്ചികം – ധനു
1426 ദുൽഖഅദ് – ദുൽഹജ്ജ്
1387 നുബൂവ്വത്ത് – ഫതഹ്

പുസ്തകം 6
ലക്കം 6
വില 10 രൂപ

**SATHYAMITHRAM**
ANSARULLAH PUBLICATION

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.



***Postal Address :***
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


**ആമുഖം**
സത്യസന്ധത ........ 4

**യുഗനാദം**
നബിതിരുമേനി(സ)യുടെ രണ്ട് കാലഘട്ടം ........ 5

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ........ 6

**ഖുത്ബ**
തിരഞ്ഞെടുപ്പിൽ ഭക്തി അവലംബിക്കുക ........ 7
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**പ്രഭാഷണം**
അഭിപ്രായസ്വാതന്ത്ര്യവും സഹിഷ്ണുതയും ഇസ്‌ലാമിൽ ........ 8
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**
ദൈവസങ്കല്പം ഇസ്‌ലാമിലും ക്രിസ്തുമതത്തിലും ........ 11
കെ.പി.എ. പുന്നൂൽ

**കവിത**
സത്യമിത്രം ........ 13
എ.കെ.എ. റഹിമാൻ

**വിവർത്തനം**
അല്ലാഹുവിന്റെ മലക്കുകൾ ........ 14
മുസ്‌ലിഹ് മൗഊദ്(റ)

**ലേഖനം**
ഖുർആനിലെ ജിന്ന് ........ 17
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

**കാലികം**
സാൽവേഷനും അല്പം മോക്ഷചിന്തകളും ........ 19
ഇബ്നു എസ്. ഹമീദ്

**ലേഖനം**
അൽഖുർആൻ എക്സിബിഷൻ വീണ്ടും ........ 21
ഉമർ പാറപ്പുറത്ത്

**യാത്രാവിവരണം**
ചൈനാ സന്ദർശനവും ശാസ്ത്രചിന്തകളും ........ 22
എ.ക്യു. മഹ്ദി

പുസ്തക പരിചയം ........ 31
ടി. ശറഫ്കോയ

തബ്‌ലീഗ് അനുഭവങ്ങൾ ........ 33
യാസിർ അറഫാത്ത്

ത്യാഗീവര്യനായ അമീൻ സാഹിബ് ........ 36
റംല ഇച്ച

പത്രം പ്രതികരണം ........ 42
സഗീർ എച്ച്.എസ്.

بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# സത്യസന്ധത

സമൂഹത്തിൽനിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന സൽസ്വഭാവമാണ് സത്യസന്ധത. ദോഷമൊന്നും ഉണ്ടാകുകയില്ലെന്ന് കണ്ടാൽ സത്യം പറയാൻ ആർക്കും മടിയില്ല. എന്നാൽ, സത്യം പറഞ്ഞാൽ അത് തനിക്കോ തന്റെ ബന്ധുമിത്രാദികൾക്കോ പ്രശ്നമാണെന്ന് കാണുമ്പോൾ സമർത്ഥമായി സത്യത്തിൽനിന്ന് ഓടിയൊളിക്കാനാണ് മനുഷ്യൻ ധിറുതിപെടുന്നത്. വാസ്തവത്തിൽ അതാണ് സത്യം പറയേണ്ട യഥാർത്ഥ ഘട്ടം.

എല്ലാ സത്യവും എല്ലാ സമയത്തും പറഞ്ഞുകൊള്ളണമെന്നില്ല. അത് എല്ലാവരോടും പറഞ്ഞുനടക്കേണ്ടതുമില്ല. പക്ഷേ, ചോദിച്ചാൽ സത്യമേ പറയാവൂ.

എല്ലാ മതധർമ്മങ്ങളും മാനുഷികമൂല്യങ്ങളും സത്യം എന്നതിന് അമിതമായ പ്രാധാന്യം നൽകിയിട്ടുണ്ട്. സത്യം പറയാനും പറയിപ്പിക്കാനും അവ മനുഷ്യനെ ഉദ്ബോധിപ്പിക്കുന്നു.

എന്നാൽ, വിശുദ്ധഖുർആൻ ഒരുപടികൂടി കടന്ന് ഋജുവായ സംസാരമാർഗ്ഗം കൈക്കൊള്ളാനാണ് വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്. സംബോധിതന് ശങ്കയ്ക്ക് വകനല്കുന്നതോ അവ്യക്തത ഉണ്ടാക്കുന്നതോ ആയ സംസാരം പാടില്ലായെന്നാണ് ഋജുവായ സംസാരമെന്നതുകൊണ്ടുള്ള വിവക്ഷിതം. കാരണം സത്യം പലപ്പോഴും ഭംഗ്യന്തരേണ അവതരിപ്പിക്കുമ്പോൾ കേൾക്കുന്നയാൾ തെറ്റുധരിക്കാൻ ഇടവരും.

കളവിനെ ഒരു കാരണവശാലും അംഗീകരിക്കാൻ സാധ്യമേയല്ല എന്നതാണ് മതങ്ങളുടെ വിശിഷ്യാ, മനുഷ്യമനസാക്ഷിയുടെ പക്ഷം. ഇക്കാര്യത്തിൽ ഇസ്‌ലാമികാധ്യാപനങ്ങൾ ഏറെ പ്രസക്തമാണ്.


ഒരിക്കൽ നബി(സ) തിരുമേനിയുടെ അടുക്കലെത്തിയ ഒരു സഹാബിയോട് കളവ് പറയരുതെന്ന് അവിടന്ന് പറഞ്ഞു. നിഷ്കളങ്കനായ ആ സഹാബി പറഞ്ഞു: 'മഹാനായ ഈ പ്രവാചകൻ എത്ര എളുപ്പമുള്ള കാര്യമാണ് എന്നോട് ആവശ്യപ്പെടുന്നത്.' പിന്നീട് ജീവിതത്തിലെ വിവിധ മേഖലകളിലേക്ക് കടന്നുചെന്നപ്പോഴാണ് അതിന്റെ ഗൗരവം ആ സഹാബിക്ക് മനസ്സിലായത്. നബി(സ) കളവിനെ ഒരിക്കലും ഇഷ്ടപ്പെട്ടില്ല. ഒരിക്കൽ അവിടന്ന് പറഞ്ഞത്, 'ഒരുത്തൻ കളവ് പറഞ്ഞുപറഞ്ഞ് അല്ലാഹുവിന്റെ പക്കൽ പെരുംകള്ളനെന്ന് എഴുതപ്പെടും' എന്നാണ്.

കൂറുമാറ്റവും മൊഴിമാറ്റവും സാർവ്വത്രികമായ ഇക്കാലത്ത് സത്യസന്ധതയുടെ അധ്യാപനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. കള്ളസാക്ഷ്യത്തെ ഇസ്‌ലാം വിരോധിക്കുന്നു. സത്യസന്ധമായ സാക്ഷ്യമായിരിക്കണം മുസ്‌ലിമിന്റേതെന്നും വാക്ചാതുരികൊണ്ട് സത്യത്തെ മറച്ചുപിടിച്ച് എന്തെങ്കിലും കൈപറ്റിയാൽ അത് തീയാണെന്നും നബി(സ) പ്രത്യേകം ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

വർത്തമാനകാല വ്യവഹാരങ്ങളും ഇടപെടലുകളും, മതാധ്യാപനങ്ങളെ പ്രത്യേകിച്ച് ഇസ്‌ലാമികാധ്യാപനങ്ങളെ വിസ്മരിച്ചതിന്റെ പരിണിതിയാണ് വിളിച്ചോതുന്നത്.

നബി(സ) തന്റെ മൂന്ന് നൂറ്റാണ്ടിനുശേഷം കളവ് പരക്കുമെന്ന് പ്രവചിച്ചിട്ടുണ്ടായിരുന്നു. അതിൽനിന്നുള്ള സുരക്ഷ ഇസ്‌ലാമിക മാർഗ്ഗങ്ങളെ ജീവിതത്തിലേക്ക് ആവാഹിച്ചെടുക്കുക എന്നതാണ്.

അതിനുവേണ്ടിതന്നെയാണ് അല്ലാഹു ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ വാഗ്ദത്ത മഹ്ദി മസീഹായി നിയോഗിച്ചത്. ആ മഹാത്മാവ് ജീവിതത്തിലുടനീളം സത്യസന്ധതയെ മുറുകെപിടിച്ചു. മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്തു. അതിന്റെ ജീവൽപ്രതീകമാകാൻ ആ മഹാത്മാവിനെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ പിന്നിൽ അണിനിരക്കുകയേ നിർവ്വാഹമുള്ളൂ.



# നബിതിരുമേനിയുടെ രണ്ട് കാലഘട്ടം

**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**എ**ല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠതയും ഔന്നത്യവും നാം നബി(സ)തിരുമേനിക്ക് നല്കുന്നു. ഈ ശ്രേഷ്ഠമായ ജീവിതത്തെക്കുറിച്ചാണ് ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*** എന്ന് വിശുദ്ധഖുർആൻ സൂചിപ്പിക്കുന്നത്. ഇതിന്റെ വിവക്ഷിതം എപ്രകാരം സ്വഹാബാക്കൾ നബി(സ) തിരുമേനിയിൽനിന്ന് ആത്മീയസംരക്ഷണം കരസ്ഥമാക്കിയിരുന്നുവോ അപ്രകാരം അവസാനകാലത്ത് സംഭവിക്കുന്നതാണെന്നാകുന്നു.

നമ്മുടെ നബി(സ) ആത്മീയപ്രഭാവമടങ്ങിയ ഉന്നത ജീവിതം വെച്ചുപുലർത്തുന്നതുപോലെ മറ്റാർക്കും സാധ്യമല്ലായെന്നുള്ളതിന് ഏറ്റവും വലിയ തെളിവ് അദ്ദേഹത്തിന്റെ അഭ്യുന്നതിയും അനുഗ്രഹവും അനശ്വരമാകുന്നുവെന്നതാണ്. കാരണം ഒരു യഥാർത്ഥ മുസ്ലിം നബി(സ) തിരുമേനിയെ അക്ഷരാർത്ഥത്തിൽ പിന്തുടരുന്നതിന്റെ ഫലമായി ദൈവഭാഷണം എന്ന അനുഗ്രഹം കരസ്ഥമാക്കുകയും അസാധാരണമായ അത്ഭുതസിദ്ധികൾ ആർജ്ജിക്കുകയും മലക്കുകൾ അയാളോട് സംസാരിക്കുകയും അയാളുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നതായി നാം കാണുന്നു. (വിജ്ഞാപനം, 25.5.1900)

അല്ലാഹു ഏകനാണെന്നും മുഹമ്മദ് മുസ്തഫാ (സ) അവന്റെ പ്രവാചകനും ഖാത്തമുന്നബിയ്യീനും എല്ലാവരേക്കാൾ ശ്രേഷ്ഠനുമാണെന്നും മുഹമ്മദിയ്യത്തിന്റെ പുതപ്പ് പുതച്ചുകൊണ്ട് ആ പുണ്യാത്മാവിന്റെ പ്രതിരൂപമായി വരുന്നവരൊഴികെ അദ്ദേഹത്തിനുശേഷം ഒരു നബിയും ആഗതനാകുന്നതല്ലെന്നുമുള്ള വിശ്വാസമാണ് നിങ്ങളിൽനിന്ന് അല്ലാഹു കാംക്ഷിക്കുന്നത്. കാരണം ഒരു സേവകൻ തന്റെ യജമാനനിൽനിന്നും വേറിട്ടുനില്ക്കുന്നതല്ല. അതുകൊണ്ട് പരിപൂർണ്ണമായും തന്റെ യജമാനനിൽ അർപ്പണം ചെയ്തതിന്റെ ഫലമായി അല്ലാഹുവിൽനിന്ന് നബി എന്ന പദവി ലഭിക്കുന്നത് നബി തിരുമേനിയുടെ ഖത്തമുന്നുബൂവ്വത്തിൽ ഒരു വിഘ്നവും വരുത്തുന്നില്ല. നിങ്ങൾ ഒരു ദർപ്പണത്തിൽ നിങ്ങളുടെ പ്രതിരൂപം കാണുമ്പോൾ നിങ്ങൾ രണ്ടായിത്തീരുന്നില്ല. പ്രത്യക്ഷത്തിൽ രണ്ടായി തോന്നുന്നുവെങ്കിലും യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്. മൂലവസ്തുവും പ്രതിരൂപവസ്തുവും തമ്മിലുള്ള അന്തരം മാത്രമേ ഉണ്ടാകുന്നുള്ളൂ. അല്ലാഹു വാഗ്ദത്ത മസീഹിൽ ഇച്ഛിക്കുന്നതും അതുതന്നെയാണ്. (കിശ്തിനൂഹ്, 17,18)

## വിശുദ്ധ ഖുർആൻ

# സൂറ: ബഖറ

### (മദീനയിൽ അവതരിച്ച അദ്ധ്യായം)

## അർത്ഥം, വ്യാഖ്യാനം

وَدَّ كَثِيرٌ مِّنْ أَهْلِ الْكِتَابِ لَوْ
يَرُدُّونَكُم مِّن بَعْدِ إِيمَانِكُمْ كُفَّارًا
حَسَدًا مِّنْ عِندِ أَنفُسِهِم مِّن بَعْدِ مَا تَبَيَّنَ
لَهُمُ الْحَقُّ ۖ فَاعْفُوا وَاصْفَحُوا حَتَّىٰ يَأْتِيَ
اللَّهُ بِأَمْرِهِ ۗ إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿١١٠﴾

**110. "വേദക്കാരിൽ ബഹുഭൂരിഭാഗവും അവർക്ക് സത്യം വ്യക്തമായിക്കഴിഞ്ഞിട്ടും അവരുടെ ഉള്ളിലെ അസൂയ നിമിത്തം നിങ്ങളെ നിങ്ങളുടെ വിശ്വാസത്തിനുശേഷം നിഷേധികളാക്കി മാറ്റാൻ ആഗ്രഹിക്കുന്നു. അല്ലാഹു തന്റെ വിധി നടപ്പിൽവരുത്തുന്നതുവരെ നിങ്ങൾ (അവരോട്) ക്ഷമിക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക. നിശ്ചയമായും അല്ലാഹു സർവ്വകാര്യത്തിനും പൂർണ്ണമായും കഴിവുള്ളവനാകുന്നു."**

*പദാർത്ഥം*

ആഗ്രഹിച്ചു كَثِيرٌ ബഹുഭൂരിഭാഗവും وَدَّ
لَوْ يَرُدُّونَكُم വേദക്കാരിൽനിന്ന് مِّنْ أَهْلِ الْكِتَابِ
അവർക്ക് നിങ്ങളെ പിന്തിരിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ
كُفَّارًا നിങ്ങളുടെ വിശ്വാസത്തിനുശേഷം مِّن بَعْدِ إِيمَانِكُمْ
നിഷേധികൾ مِّنْ عِندِ أَنفُسِهِم അസൂയകാരണം حَسَدًا അവരുടെ
ഉള്ളിലുള്ള مِّن بَعْدِ مَا تَبَيَّنَ لَهُمُ അവർക്ക് വ്യക്തമായതിനുശേഷം
الْحَقُّ സത്യം فَاعْفُوا നിങ്ങൾ മാപ്പുനൽകുക وَاصْفَحُوا നിങ്ങൾ
വിട്ടുവീഴ്ച ചെയ്യുക حَتَّىٰ يَأْتِيَ اللَّهُ അല്ലാഹു വരുന്നതുവരെ بِأَمْرِهِ
തന്റെ കല്പനയുമായി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلَىٰ كُلِّ شَيْءٍ
എല്ലാ കാര്യങ്ങൾക്കും قَدِيرٌ കഴിവുള്ളവനാണ്

*വ്യാഖ്യാനം*

ഹദ്റത്ത് ഇബ്റാഹീം നബിയുടെ ആദ്യജാതനായ ഇസ്മാഈൽ എന്ന കുട്ടി ഹദ്റത്ത് ഹാജറയിൽ നിന്നും രണ്ടാമത്തെ കുട്ടി സാറയിൽനിന്നും ജനിച്ചു. സാറ ഹദ്റത്ത് ഇബ്റാഹീം നബി(അ)ന്റെ ആദ്യഭാര്യയും അമ്മാവന്റെ മകളുമായതുകൊണ്ട് ഹാജറയേക്കാളും സ്ഥാനമാനങ്ങൾ തനിക്കാണുള്ളതെന്ന് ധരിച്ചിരുന്നു. ഹാജറ പുറത്തുനിന്നും വന്നവളാണെന്ന ചിന്തയും അവർക്കുണ്ടായിരുന്നു. ഒരിക്കൽ ഇസ്ഹാഖിന്റെ ഏതോ ഒരു പ്രവർത്തി കണ്ട് ഇസ്മാഈൽ ആർത്തുചിരിക്കുകയുണ്ടായി. അപ്പോൾ, തന്നേയും തന്റെ മകനേയും ഇസ്മാഈൽ പരിഹസിക്കുകയാണ് എന്ന് സാറ കരുതുകയും ഇസ്മാഈൽ മൂത്തപുത്രനായതുകൊണ്ട് അനന്തരാവകാശം അവന് മാത്രമായിരിക്കുമെന്ന് അവർ വിചാരിക്കുകയും ചെയ്തു. തന്റെ മകനായ ഇസ്ഹാഖിന് അനന്തരാവകാശമായി ഒന്നും ലഭിക്കുകയില്ലെന്ന് കരുതിയ സാറ ഒരിക്കൽ ഇബ്റാഹീം നബി(അ)നോട് പറഞ്ഞു. "ഹാജറയേയും കുട്ടിയേയും ഈ വീട്ടിൽനിന്നും പുറത്താക്കുക. എന്റെ മകനോടൊപ്പം താങ്കളുടെ ഈ മകൻ അനന്തരാവകാശിയാകുന്നത് എനിക്ക് ഇഷ്ടമല്ല." ആദ്യമൊക്കെ ഹദ്റത്ത് ഇബ്റാഹീം(അ) സാറയുടെ ഈ ആവശ്യങ്ങൾ നിരാകരിച്ചെങ്കിലും തിരുനബി(സ)യ്ക്ക് മക്കയിൽനിന്നും ജന്മം നൽകാൻ ഉദ്ദേശിച്ച അല്ലാഹു അദ്ദേഹത്തിന് ഇപ്രകാരം വഹ്യ് ഇറക്കുകയുണ്ടായി. "നീ നിന്റെ ഭാര്യ സാറ പറയുന്നതുപോലെ ചെയ്യുക." (ഉൽപത്തി, 21:12)

അല്ലാഹുവിന്റെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ ഭാര്യ ഹാജറയേയും മകൻ ഇസ്മാഈലിനേയും മക്കാ മണലാരണ്യത്തിൽ ഉപേക്ഷിക്കുകയും കൻആൻ ദേശം സാറക്കും മകൻ ഇസ്ഹാഖിനും വിട്ടുകൊടുക്കുകയും ചെയ്തു. ഹദ്റത്ത് ഇസ്മാഈൽ(അ)ന്റെ സന്താനപരമ്പര വ്യാപിക്കുകയും അതിൽനിന്ന് തിരുനബി(സ) ജന്മമെടുക്കുകയും ചെയ്തു. എന്നാൽ, ഇസ്ഹാഖിന്റെ പരമ്പരയും ഇസ്മാഈലിന്റെ പരമ്പരയും തമ്മിലുള്ള വെറുപ്പും അസൂയയും നൂറ്റാണ്ടുകളായിട്ടും അവസാനിച്ചിട്ടുണ്ടായിരുന്നില്ല. ഹദ്റത്ത് ഇസ്മാഈലിന്റെ ജനനത്തെ തുടർന്ന് അദ്ദേഹത്തിന്റെ മാതാവിനോട് ദൈവം ഇപ്രകാരം അരുളിയിരുന്നു. "അവന്റെ കൈ എല്ലാവർക്കുമെതിരിലും എല്ലാവരുടെയും കൈ അവനെതിരിലും." (ഉല്പത്തി, 16:12) ഇസ്മാഈലിന്റെ സന്തികൾക്കെതിരിൽ ഇസ്ഹാഖിന്റെ സന്തതികളുടെ എതിർപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നതാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ഈ സംഭവത്തെക്കുറിച്ചാണ് മുകളിലെ ആയത്ത് വിശദീകരിക്കുന്നത്. വേദക്കാരിൽ ബഹുഭൂരിഭാഗവും ആഗ്രഹിക്കുന്നത് ഇസ്മാഈലിന്റെ സന്തതികൾ അഥവാ തിരുനബി(സ)യുടെ സഹചരർ തിരുനബിയെ ഉപേ

ഖുത്വ്ബ

*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)*

# തിരഞ്ഞെടുപ്പിൽ ഭക്തി അവലംബിക്കുക

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി ആരംഭിച്ചുവെന്നത് അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണ്. ഈ ഖിലാഫത്ത് വ്യവസ്ഥിതിക്കു ചുറ്റും ജമാഅത്തിന്റെ ചെറിയ ചെറിയ തലംമുതൽ ദേശീയതലം വരെയുള്ള വ്യവസ്ഥിതി കറങ്ങിക്കൊണ്ടിരിക്കുന്നു. അതായത്, ചെറിയ ജമാഅത്തിലെ സദ്ർ മുതൽ ദേശീയ അമീർ വരെ നേരിട്ടോ അല്ലാതെയോ ഖലീഫയുമായി ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ ഓരോ വ്യക്തിക്കും വ്യക്തിഗതമായ നിലയിലും ഈ ബന്ധം നിലനിറുത്താൻ കഴിയുന്നു. ജമാഅത്തിലെ ഓരോ വ്യക്തിയും ഖലീഫയുമായി ബന്ധപ്പെടാറുണ്ട്. എന്നാൽ, ജമാഅത്തിന്റെ ഭാരവാഹിയെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അഥവാ, ഖലീഫയെ അറിയിക്കാനാഗ്രഹിക്കുന്നുവെങ്കിൽ വ്യക്തിഗതമായ ബന്ധങ്ങളൊക്കെ നിലവിലിരിക്കെത്തന്നെ അത് അമീർ മുഖേന എത്തിക്കേണ്ടതാണ്. തനിക്കെതിരെയുള്ള പരാതിയാണെങ്കിൽപോലും ദേശീയ അമീർ അത് മുകളിലെത്തിക്കണം. എന്തെങ്കിലും വിശദീകരണം ആവശ്യമെന്ന് തോന്നുന്നെങ്കിൽ വിശദീകരിക്കേണ്ടതുമാണ്; ഇതുമുഖേന കൂടുതൽ എഴുത്തുകുത്തുകൾ നടത്തി സമയം പാഴാകുന്നത് ഒഴിവാക്കാൻ കഴിയും. എന്നാൽ, പരാതിക്കാരൻ തന്റെ ഏതെങ്കിലും വ്യക്തിപരമായ വൈരാഗ്യംകൊണ്ട് ഏതെങ്കിലും ഭാരവാഹിക്കെതിരെ പരാതി നൽകി അതിനെ ജമാഅത്തുപരമായ രീതിയിൽ കൊണ്ടുവരാതെ ദൈവഭയത്തോടെ പ്രവർത്തിക്കേണ്ടതാണ്. അറിവ് കുറഞ്ഞവർ അല്ലെങ്കിൽ ഭൗതികസുഖലോലുപതയുടെ സ്വാധീനത്തിന് വിധേയരായവർ ജമാഅത്തിന്റെ അന്തസ്സിനും അഭിമാനത്തിനും നിരക്കാത്ത കാര്യങ്ങൾ ചിലപ്പോൾ പറയാറുണ്ട്. അതുകൊണ്ട് അത്രയും ദൗർബല്യമുള്ളവർക്കും അറിവ് കുറഞ്ഞവർക്കും കാര്യം മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി അത്തരം കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ ഞാൻ പറയുകയാണ്.

തിരഞ്ഞെടുപ്പിലൂടെയാണ് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. പൊതുവെ ഈ രീതിയാണ് നടന്നുവരുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ നേരിട്ടും ഭാരവാഹികളെ നിശ്ചയിക്കാറുണ്ട്. ഇതും ഖലീഫയുടേയോ കേന്ദ്രത്തിന്റേയോ അനുവാദത്തോടുകൂടിയുള്ളതാണ്. ഭൂരിപക്ഷതീരുമാനപ്രകാരം ഒരാൾ തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ, തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്കൊപ്പം വോട്ട് ചെയ്യാത്ത ആളും പൂർണ്ണ അനുസരണത്തോടുകൂടി നില്ക്കേണ്ടതാണ്. ജമാഅത്ത് ഒന്നടങ്കം ഇങ്ങനെ നിലനിന്നാൽ അത് ഈയ മുരുക്കിയൊഴിച്ച് നിർമ്മിച്ച ഭിത്തിപോലെ നിലകൊള്ളുന്നതായിരിക്കും. ഇക്കാര്യങ്ങളെല്ലാം ഞാൻ പറയുന്നത് എവിടെനിന്നെങ്കിലും കലഹത്തിന്റെ നാറ്റമോ അല്ലെങ്കിൽ അതുപോലുള്ള മറ്റെന്തെങ്കിലും പ്രശ്നങ്ങളോ ഉള്ളതുകൊണ്ടല്ല. സുഖലോലുപരായ ചില ആളുകൾ തങ്ങളുടെ അറിവുകേടുകൊണ്ടോ വിവരക്കേടുകൊണ്ടോ ഭൗതികതയിൽ മുഴുകുന്നതുകൊണ്ടോ പുതിയതായി വരുന്ന ആളുകളെ സ്വാധീനിക്കുംവിധം ഇത്തരം കാര്യങ്ങൾ പറയാൻ ഇടയുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഇതുകൂടാതെ നവാഗതരായ അഹ്മദികളുടെ തർബിയ്യത്തിനും ഇത് പറയേണ്ടത് ആവശ്യമാണ്. അതായത്, ജമാഅത്തിന്റെ വ്യവസ്ഥിതികളെക്കുറിച്ചും, ഭാരവാഹികളുടെ ചുമതലകളെക്കുറിച്ചും അവർക്ക് പറഞ്ഞുകൊടുക്കേണ്ടതുണ്ട്. കാരണം പുതിയതായി വരുന്നവർക്ക് ഇത്തരം ചോദ്യങ്ങൾ എപ്പോഴുമുണ്ടാകാം. ദൈവികവാഗ്ദാനമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഈ വ്യവസ്ഥിതി, ഖിലാഫത്ത് വ്യവസ്ഥിതിയോടൊപ്പം നിലനില്ക്കേണ്ടതാണ്. ഇപ്പോൾ ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുശക്തമായ അടിത്തറയിൽ നിലനിന്നുകഴിഞ്ഞിരിക്കുന്നു. ഒരു എതിരാളിക്കും ശത്രുവിനും ഇതിന് ക്ഷതമേല്പിക്കുവാൻ സാധ്യമല്ല. ഇൻശാഅല്ലാഹ്.

*പേജ് 29 – ൽ*

ക്ഷിച്ച് നിഷേധികളായിത്തീരണം എന്നാണ്. ഈ ആഗ്രഹം തിരുനബിയുടെ വല്ല പോരായ്മയും കൊണ്ടല്ല മറിച്ച്, അവർക്കിടയിൽ നേരത്തെ നിലനിന്നുപോരുന്ന അസൂയയുടെ ഫലമായിട്ടാണ്. സാറയും ഹാജറയും തമ്മിലുള്ള തർക്കം അവർ രണ്ടായിരം വർഷംവരെ നീട്ടിക്കൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. തിരുനബിയെ വിശ്വസിച്ച കാരണത്താൽ ഇസ്മാഈൽ സന്തതികൾ തഖ്‌വയിലും ആത്മാർത്ഥതയിലും തങ്ങളേക്കാളും മുൻകടന്നിരിക്കുന്നു എന്ന് ഇസ്ഹാഖിന്റെ സന്തതികൾ കരുതുകയും അതുകൊണ്ട് ആ പ്രവാചകനെ നിഷേധിക്കുന്നവരായിത്തീർന്നാൽ മാത്രമേ ഇസ്മാഈലിന്റെ സന്തതികളെക്കാളും തങ്ങൾക്ക് ഉയരാൻ സാധിക്കുകയുള്ളൂ എന്ന് അവർ വിചാരിക്കുകയും ചെയ്തു. അതുകൊണ്ട് ഈ ചിന്താഗതിക്ക് കാരണം അവർക്കിടയിലുള്ള അസൂയ ആയതുകൊണ്ട് അല്ലാഹുവിന്റെ ശിക്ഷയുടെ കല്പന വരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. അവരെ ശിക്ഷിക്കാനുള്ള അവകാശം നിങ്ങൾക്കില്ല. കാരണം ശാരീരികമായും മാനസികമായും എല്ലാ നിലയിലും അവർക്ക് ശിക്ഷ ലഭിക്കേണ്ടതുള്ളതുകൊണ്ട് നിങ്ങൾ ദൈവശിക്ഷ വരുന്നതുവരെ അവർക്ക് മാപ്പ് നൽകുകയും അവരുടെ ദുഷ്പ്രവർത്തനങ്ങളെ കണ്ടുകൊണ്ട് വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക. •

പ്രഭാഷണം

*ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു)*
*വിവ: പ്രൊഫ. എം. മുഹമ്മദ്*

# അഭിപ്രായസ്വാതന്ത്ര്യവും സഹിഷ്ണുതയും ഇസ്ലാമിൽ

*(2006 മാർച്ച് 25-ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ ഒരു പൊതുസദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് ചെയ്ത പ്രഭാഷണം)*

വിശിഷ്ടാതിഥികളേ, മാന്യശ്രോതാക്കളേ,

ദൈവത്തിന്റെ അനുഗ്രഹാശിസ്സുകൾ നിങ്ങളിലുണ്ടാകുമാറാകട്ടെ.

ഈയ്യിടെ ഡെൻമാർക്കിലെ ഒരു പത്രം ഇസ്ലാം മതസ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്(സ)നെ കുറിച്ച് ചില ഹാസ്യചിത്രാഭാസങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ ആ പുണ്യാത്മാവ് അവതരിപ്പിച്ച അനുശാസനങ്ങളും ദർശനങ്ങളും തീവ്രവാദത്തിന് ബീജാവാപം നടത്തിയിരിക്കുന്നുവെന്ന ആരോപണമാണുള്ളത്. ഈ കാരണത്താൽ ഇസ്ലാം മതാനുയായികൾ തീവ്രവാദികളും കഠിനഹൃദയരുമായിത്തീർന്നുവത്രെ! എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഹിംസാത്മകമായ ഇടപെടലാണെന്ന് ഇസ്ലാം സിദ്ധാന്തിക്കുന്നുവത്രെ! ഇസ്ലാമിൽ സഹിഷ്ണുത, വിട്ടുവീഴ്ച, സ്നേഹം എന്നിവയ്ക്ക് സ്ഥാനമില്ലെന്നും പ്രസ്തുത കുത്സിതശ്രമം ചൂണ്ടിക്കാട്ടുന്നു.

തോക്കിന്റെ കാഞ്ചി വലിക്കുന്നതിൽ ആത്മനിർവൃതി കണ്ടെത്തുന്ന ജിഹാദീ സംഘടനകൾ ഇസ്ലാമിനെക്കുറിച്ച് ഭീമമായ തെറ്റുധാരണകൾക്ക് ഇടം നല്കിയിരിക്കുന്നു. പ്രശ്നങ്ങൾ പരസ്പര ധാരണയിലൂടെയും രമ്യതയിലൂടെയും പരിഹരിക്കുന്നതിന് പകരം കടുംപിടിത്തവും അസഹിഷ്ണുതയുമാണ് അവരുടെ നിലപാടുതറകൾ. ഇസ്ലാമികാദ്ധ്യാപനങ്ങളെ തിരസ്കരിക്കുന്ന അവരുടെ നിലപാടുകളെ പിന്തുണക്കാൻ ഒരുപിടി മതപണ്ഡിതന്മാരുണ്ടായി എന്നത് നിർഭാഗ്യകരം.

ഇവിടെ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജിഹാദീസംരംഭങ്ങളെ ഞാനും പിന്തുണക്കുന്നുവെന്ന് ഒരുവേള നിങ്ങൾ ധരിച്ചേക്കാം. കാര്യമിതാണ്. വൻശക്തികൾ അവികസിത ദരിദ്രരാഷ്ട്രങ്ങളോടുള്ള പെരുമാറ്റത്തിൽ പ്രകടമാക്കുന്ന പക്ഷപാതിത്വവും ഇരട്ടത്താപ്പുമാണ് ഈ അക്രമങ്ങൾക്ക് കാരണമായിരിക്കുന്നത്; അവ അനിസ്ലാമികമാണെങ്കിലും. മുസ്ലിംകളിൽ മാത്രമല്ല, എല്ലാ മതവിശ്വാസികളിലും ഇന്ന് കാണപ്പെടുന്ന ഒരു വൈരുദ്ധ്യമാണ് വിശ്വാസവും പ്രവർത്തിയും തമ്മിലുള്ള പൊരുത്തമില്ലായ്മ. അതുകൊണ്ട് കൂടിയാണ് അഹ്മദിയ്യാ മുസ്ലിംകൾ ഇനിയും പ്രവാചകന്മാരുടെയും പരിഷ്ക്കർത്താക്കളുടെയും ആവശ്യം ലോകത്തിനുണ്ടെന്ന് വിശ്വസിക്കുന്നത്. കാലത്തിന്റെ കടന്നുപോക്കിൽ ജനം സ്വമതാദ്ധ്യാപനങ്ങൾ വിസ്മരിക്കുമ്പോൾ അവരെ തന്റെ പാതയിലേക്ക് വഴിനടത്താൻ ദൈവം പ്രവാചകന്മാരേയും പരിഷ്ക്കർത്താക്കളേയും നിയോഗിക്കുന്നു. സ്രഷ്ടാവിനോട് സൃഷ്ടികൾക്കുള്ള കടപ്പാടുകൾ അവർ കാലാനുസൃതം വിവരിക്കുന്നു. ഞങ്ങൾ, മുസ്ലിംകൾ വിശ്വസിക്കുന്നത് ഒരു ലക്ഷത്തി ഇരുപത്തിനാലായിരം ദൈവനിയുക്തർ ലോകത്താവിർഭവിച്ചുവെന്നാണ്. ഇവർ ദൈവത്തെ തിരിച്ചറിയാനും സമസൃഷ്ടികളോടു സ്നേഹ-കാരുണ്യങ്ങളോടെ പെരുമാറാനും മനുഷ്യരെ പരിശീലിപ്പിക്കുന്ന പുണ്യാത്മാക്കളത്രെ. മനുഷ്യകുലത്തിനുള്ള ഒടുവിലത്തെ ആദ്ധ്യാത്മിക നിയമസംഹിതയും ജീവിതപദ്ധതിയും കൊണ്ടുവന്നത് ഹദ്റത്ത് മുഹമ്മദ്(സ) ആണ്. ആദം (അ) മുതൽ മുഹമ്മദ്(സ) വരെയുള്ള (ദൈവത്തിന്റെ കരുണാകടാക്ഷങ്ങൾ അവരിലെല്ലാവരിലും ഉണ്ടാകുമാറാകട്ടെ) എല്ലാ ദൈവനിയുക്തരിലും ഒരു മുസ്ലിം വിശ്വസിക്കുന്നു. കൂടാതെ ഒരഹ്മദീ മുസ്ലിം കഴിഞ്ഞുകടന്ന എല്ലാ പ്രവാചകവര്യരിലും വിശ്വസിക്കുന്നത് കൂടാതെ അവസാനകാലത്ത് ആവിർഭവിക്കുമെന്ന് പ്രവചിക്കപ്പെട്ട വാഗ്ദത്ത പരിഷ്കർത്താവിലും വിശ്വസിക്കുന്നു. അദ്ദേഹം വന്നുകഴിഞ്ഞുവെങ്കിലും ഹദ്റത്ത് മുഹമ്മദ്(സ) പ്രദാനം ചെയ്ത ശരീഅത്ത്- നിയമസംഹിതയും ജീവിതചര്യകളും തന്നെയാണ് അദ്ദേഹവും പ്രബോധിപ്പിച്ചത്. ഇപ്രകാരം എല്ലാ പ്രവാചകരിലും അവർക്ക് നല്കപ്പെട്ട അദ്ധ്യാപനങ്ങളിലും വിശ്വസിക്കേണ്ടത് നിർബന്ധമാക്കപ്പെട്ട ഒരു മതവിഭാഗമെങ്ങനെയാണ് മറ്റ് മതങ്ങൾക്കുനേരെ അസഹിഷ്ണുത പുലർത്തുക? മറ്റു മതങ്ങളെ എങ്ങനെ അവർ അനാദരിക്കും? മറ്റ് മതവിശ്വാസങ്ങളെ എങ്ങനെ അവർ ഹനിക്കും? സ്നേഹവും കാരുണ്യവും കൂടാതെ മറ്റുള്ളവരോട് പെരുമാറാൻ അവർക്കാവുമോ? ഇതൊന്നും ഒരിക്കലും അവർക്കു സാധ്യമല്ല. ഇസ്ലാമിൽ സഹനവും അഭിപ്രായസ്വാതന്ത്ര്യവുമില്ലെന്ന ആരോപണമാണ് അടിസ്ഥാനരഹിതം.

സമയപരിധി കണക്കിലെടുത്തുകൊണ്ട് സഹിഷ്ണുതയെ സംബന്ധിച്ചും അഭിപ്രായസ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള ഇസ്ലാമിന്റെ പാഠങ്ങൾ പ്രവാചകനും (സ) അനുചരരും എങ്ങനെ നടപ്പിലാക്കിയെന്നതിനെക്കുറിച്ച് സംക്ഷിപ്തമായി ഞാൻ വിവരിക്കാം. എല്ലാതരം ക്രൂരതകൾക്കും അസഹിഷ്ണുതകൾക്കും മതസ്പർദ്ധക്കും എതിരാണ് ഇസ്ലാം. ഇസ്ലാം എന്ന

പദത്തിന്റെ ഒരർത്ഥം സമാധാനം എന്നാണ്. മറ്റൊരർത്ഥം കീഴ്പ്പെടൽ, അനുസരണം എന്നുമാണ്. മറ്റൊന്ന് സമാധാന സംസ്ഥാപനാർത്ഥം വിട്ടുവീഴ്ചകൾ ചെയ്യുക എന്നാണ്. നിങ്ങൾക്കുപദ്രവം വരുത്തിവെക്കുമെന്ന് തോന്നുന്ന ആളുകളുടെ കൂട്ടുപേക്ഷിക്കുകയെന്നും ഒത്തൊരുമയോടെ ജീവിക്കുക എന്നും ഈ പദത്തിന് അർത്ഥവ്യാപ്തിയുണ്ട്. ഇവയെക്കുറിച്ചൊക്കെ ഇവിടെ പറയുന്നത് ഇസ്‌ലാം എങ്ങനെ സ്നേഹത്തിലും രമ്യതയിലും വിട്ടുവീഴ്ചയിലും മതസമന്വയത്തിലും അധിഷ്ഠിതമായിരിക്കുന്നുവെന്ന് സൂചിപ്പിക്കാനാണ്.

ഇതിനെ സംബന്ധിച്ച് മുസ്‌ലിംകളുടെ പവിത്രഗ്രന്ഥമായ വിശുദ്ധഖുർആൻ എന്തു പറയുന്നുവെന്ന് നോക്കാം. ഏതെങ്കിലും ഒരു മതത്തെക്കുറിച്ച് ആധികാരികമായി വല്ലതും പറയേണമെങ്കിൽ നമുക്ക് ആ മതത്തിന്റെ വിശുദ്ധഗ്രന്ഥത്തിലേക്ക് ശ്രദ്ധതിരിക്കേണ്ടതായിട്ടുണ്ട്. ആ മതത്തിന്റെ അദ്ധ്യാപനങ്ങളും തത്ത്വസംഹിതയും അതിലാണല്ലോ അടങ്ങിയിരിക്കുക. പരിശുദ്ധപ്രവാചകൻ(സ) താൻ ദൈവത്തിന്റെ സന്ദേശവാഹകനാണെന്നും താൻ അവസാനത്തെ നിയമസംഹിതയുമായി നിയോഗിതനായിരിക്കുന്നുവെന്നും മോക്ഷപ്രാപ്തിക്കുള്ള ഏകമാർഗ്ഗം ഇസ്‌ലാമിനെ അംഗീകരിക്കലാണെന്നും അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തലാണെന്നും പറഞ്ഞപ്പോൾ, സർവ്വശക്തനായ ദൈവം ആ വിളംബരത്തെ ഇങ്ങനെയാണ് ഖുർആനിൽ വിവരിച്ചത്. "പറയുക, ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, അല്ലാത്തവർ അവിശ്വസിക്കട്ടെ." (18:30) വിശ്വസിക്കാത്തവരെ എങ്ങനെ കൈകാര്യം ചെയ്യേണമെന്നത് ദൈവത്തിന്റെ ഇംഗിതമാണ്. ഈ ലോകത്തും പരലോകത്തും ആ ഇംഗിതം നടപ്പിലാകും. അതുകൊണ്ട് വിശുദ്ധഗ്രന്ഥം പറയുന്നു: "ഓ നബീ, താങ്കൾക്കും താങ്കളിൽ വിശ്വസിക്കുന്നവർക്കുമുള്ള കർത്തവ്യം സന്ദേശം മറ്റുള്ളവർക്കെത്തിക്കുകയെന്നത് മാത്രമാകുന്നു. ആ കൃത്യം നിങ്ങൾ സ്നേഹത്തോടെയും സഹാനുഭൂതിയോടെയും നിർവ്വഹിക്കുക. നിങ്ങൾ സത്യമാണെന്ന് വിശ്വസിക്കുന്ന മതസംഹിതയെ മനുഷ്യരാശിക്ക് പരിചയപ്പെടുത്തുകയെന്ന ബാധ്യത മനുഷ്യസ്നേഹവും പ്രതിബദ്ധതയും നിങ്ങളിൽ അർപ്പിക്കുന്നുണ്ട്."

മക്കയിലെ നിസ്സഹായാവസ്ഥയിലും ദുർബലാവസ്ഥയിലുമാണ് മതവിശ്വാസസ്വാതന്ത്ര്യം മുസ്‌ലിംകൾ മറ്റു മതസ്ഥർക്ക് നല്കിയതെന്നും ശക്തിയും ബലവും വർദ്ധിച്ചപ്പോൾ നിലപാട് മാറ്റിയെന്നുമുള്ള ആരോപണം എതിരാളികൾ ഉന്നയിക്കാറുണ്ട്. ഇത് എത്രയും ബാലിശമായ ഒരു വിമർശനമാണ്. മുസ്‌ലിംകൾ മതവിശ്വാസസ്വാതന്ത്ര്യം മറ്റുള്ളവർക്ക് നല്കിയത് കാരണം അവർ മുസ്‌ലിംകളോട് സഹിഷ്ണുത പുലർത്തുകയുണ്ടായിട്ടില്ലെന്നതാണ് വസ്തുത. പ്രത്യുത, ശത്രുക്കൾ അതീവകഠിനവും മനുഷ്യത്വഹീനവുമായ മർദ്ദനമുറകളാണ് മുസ്‌ലിംകൾക്ക് നേരെ പ്രയോഗിച്ചത്. ചുട്ടുപഴുത്ത കൽക്കരിക്കൂനകളിൽ മുസ്‌ലിംകൾ വലിച്ചെറിയപ്പെട്ടു. മദ്ധ്യാഹ്നസൂര്യന് താഴെ ചുട്ടുപൊള്ളുന്ന മണൽപരപ്പിൽ അവർ വലിച്ചിഴക്കപ്പെട്ടു. കാലുകൾ രണ്ട് ഒട്ടകങ്ങളിൽ ബന്ധിച്ച് അവയെ വിപരീതദിശകളിലേക്ക് ഓടിച്ചുകൊണ്ട് മുസ്‌ലിംകളുടെ ശരീരങ്ങൾ നടുവെ പിളർക്കപ്പെട്ടു. എത്രയോ അബലകളും നിസ്സഹായരുമായ സ്ത്രീകളും കിരാതഭേദ്യങ്ങൾ സഹിക്കേണ്ടി വന്നു. മതവിശ്വാസ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഖുർആന്റെ പ്രഖ്യാപനം ഗതികേടിൽ മുസ്‌ലിംകളെ സംരക്ഷിക്കാനുള്ള ഒരു തന്ത്രമായിരുന്നില്ല. മറിച്ച്, എല്ലാ കാലത്തേക്കും എല്ലാ സാഹചര്യങ്ങളിലും അനുവർത്തിക്കാനുള്ളതായിരുന്നു. സ്വന്തം നാട്ടുകാരുടെ മർദ്ദനങ്ങൾ സഹിക്കവയ്യാതെ വന്നപ്പോൾ മുസ്‌ലിംകൾ മദീനായിലേക്കു പലായനം ചെയ്തു. പാവപ്പെട്ട ദരിദ്രരുടെ സംഘങ്ങളായിരുന്നു ആദ്യം നാടുവിട്ടത്. നബിതിരുമേനി(സ) അവരെ അനുഗമിച്ചു. മദീനായിലെത്തിയ നബി(സ) അവിടെ ഭരണാധികാരിയായിത്തീർന്നു. മദീനായിലെ ജൂതസമൂഹവുമായി പ്രവാചകൻ(സ) ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു. മുസ്‌ലിംകളും ജൂതരും ഈ ഉടമ്പടിപ്രകാരം അവരവരുടെ മതവിശ്വാസങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് തന്നെ സ്നേഹത്തിലും പരസ്പരധാരണയിലും വർത്തിക്കേണ്ടതായിരുന്നു. വിശുദ്ധഖുർആന്റെ അസന്ദിഗ്ദമായ ശാസനയാണ് 'മതവിശ്വാസകാര്യത്തിൽ യാതൊരു വിധ ബലപ്രയോഗവും പാടില്ല' (2:257) എന്നത്. ഈ കല്പനയാകട്ടെ മദീനയിലാണവതരിച്ചത്. അപ്പോഴേക്ക് മദീനാനിവാസികളിൽ ഭൂരിഭാഗവും മുസ്‌ലിംകളായി കഴിഞ്ഞിരുന്നു. മതവിശ്വാസികളല്ലാത്തവർപോലും അവിടെ മുസ്‌ലിംകളുടെ ഭാഗം ചേർന്നു. ജൂതന്മാർ അങ്ങനെ ചെറിയൊരു ന്യൂനപക്ഷമായിത്തീരുകയുണ്ടായി. മുഹമ്മദ്(സ) മദീനായിലെ ഭരണാധികാരിയും. അപ്പോഴാണ് 'മതവിശ്വാസകാര്യത്തിൽ ബലപ്രയോഗമില്ലെ'ന്ന ഖുർആനികകല്പന അവതരിക്കുന്നത്. മുസ്‌ലിംകളുടെ ബലഹീനാവസ്ഥയിലല്ല ഈ പാഠം ഖുർആൻ നല്കിയതെന്ന് വ്യക്തം.

നബിതിരുമേനി(സ) ജൂതന്മാരുമായുണ്ടാക്കിയ ഉടമ്പടിയിലെ പ്രധാന വ്യവസ്ഥകൾ ഇവയായിരുന്നു. (1) മുസ്‌ലിംകളും ജൂതരും പരസ്പരധാരണയിലും സൗഹാർദ്ദത്തിലും മദീനായിൽ സഹവർത്തിക്കുന്നതാണ്. (2) ജൂതന്മാർ അവരുടെ മതവും മുസ്‌ലിംകൾ അവരുടേതും അനുസരിച്ച് ജീവിക്കുന്നതാണ്. യാതൊരു അക്രമവും അവർ പരസ്പരം നടത്തുകയില്ല. (3) കുറ്റകൃത്യങ്ങൾ ചെയ്യാത്തിടത്തോളം രണ്ട് സമൂഹങ്ങളുടേയും ജീവനും സ്വത്തിനും പരിപൂർണ്ണ സംരക്ഷണം നല്കുന്നതാണ്. (4) കലഹങ്ങളും വഴക്കുകളും തീർപ്പിനായി നബി(സ)യുടെ സമക്ഷം അവതരിപ്പിക്കേണ്ടതാണ്. ഇവ വ്യക്തിഗതങ്ങളാകുമ്പോൾ അവരവരുടെ മതനിയമങ്ങൾക്കനുസരിച്ച് വിധി നല്കുന്നതാണ്. ഈ നാല് നിബന്ധനകൾ കൂടാതെയുള്ളവയും ഉടമ്പടി ഉൾക്കൊണ്ടിരുന്നു. എന്നാൽ, ഈ നാല് ഉപാധികൾ മാത്രം മതി ഏതുതരം സാമൂഹിക

നീതിയാണ് ഇസ്‌ലാം വിഭാവന ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ. എത്ര ഉദാരവും മാന്യവുമാണ് ഇസ്‌ലാമിക നിലപാടുകൾ എന്ന് കാണാൻ പ്രയാസമില്ല. ഈ ഉടമ്പടി നടപ്പിലാക്കുന്നകാലത്ത് രാഷ്ട്രീയവും സാമൂഹികവുമായ നിയമങ്ങൾ പൗരജീവിതത്തെ നിയന്ത്രിക്കാനുണ്ടായിരുന്നില്ലെന്നതും നമ്മൾ ഓർക്കണം. വിശ്വാസകാര്യങ്ങളിൽ ലോകം കണ്ട ആദ്യത്തെ മത സ്വാതന്ത്ര്യപ്രഖ്യാപനം ഇസ്‌ലാമിന്റേതായിരുന്നു.

വിശുദ്ധഖുർആനിലെ പല കല്പനകളും മതസൗഹാർദ്ദത്തിന്റെ മകുടോദാഹരണങ്ങളാണ്. സാഹചര്യം എന്തുതന്നെയായാലും മുസ്‌ലിംകൾ സഹിഷ്ണുത കൈവെടിയാൻ പാടുള്ളതല്ലെന്നതാണ് കല്പന. എന്തെന്ത് ക്രൂരതകൾ നിങ്ങളോടനുവർത്തിക്കപ്പെട്ടാലും നിങ്ങൾ തിരിച്ച് ക്രൂരരാവാതിരിക്കുക. നീതിയും നന്മയും നിങ്ങളുടെ ചെയ്തികളുടെ മുഖമുദ്രയായിരിക്കട്ടെ. മറിച്ച്, പ്രതികാരനടപടിയെന്ന നിലയിലായാലും നിങ്ങൾ ക്രൂരതയും അനീതിയും കൈകൊള്ളുകയാണെങ്കിൽ നിങ്ങൾക്ക് മാർഗ്ഗഭ്രംശം സംഭവിച്ചിരിക്കുന്നുവെന്നാണർത്ഥം. പിന്നെ നിങ്ങൾ മുസ്‌ലിംകളല്ല– ഇതൊക്കെയാണ് മുസ്‌ലിംകൾക്ക് വിശുദ്ധഖുർആൻ നൽകുന്ന പാഠങ്ങൾ. "ഒരു സമുദായത്തോടുള്ള വിദ്വേഷം അവരോട് അനീതി കാട്ടുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. എല്ലാ സാഹചര്യങ്ങളിലും നിങ്ങൾ നീതിപാലിക്കുക. അതാണ് ധാർമ്മികത."(5:9) ഇവ വിശുദ്ധഖുർആന്റെ വാക്കുകളാകുന്നു. ഇതാണ് ഇസ്‌ലാം പ്രബോധിക്കുന്ന സഹിഷ്ണുതയും നീതിബോധവും. എതിരാളികളുടെ ജുഗുപ്സാവഹങ്ങളായ അധിക്ഷേപങ്ങൾക്കും പരിഹാസങ്ങൾക്കും അതേ നാണയത്തിൽ തിരിച്ചടി നൽകാൻ വിശുദ്ധഗ്രന്ഥം അനുവദിക്കുന്നില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ മുസ്‌ലിംകളും എതിരാളികളുടെ നിലവാരത്തിലേക്കു അധഃപതിക്കുന്നതാണ്. നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് മാപ്പ് നല്കാനാവുമെങ്കിൽ അതാണ് എത്രയും ഉത്തമമെന്ന് ഖുർആൻ ഉദ്ഘോഷിക്കുന്നു. പ്രതികാര നടപടിക്ക് തുനിയുകയാണെങ്കിൽ അത് അതിരുകവിയരുത്. "നിങ്ങളുടെമേൽ അനുവർത്തിക്കപ്പെട്ട അക്രമത്തേക്കാൾ ഒരുതരത്തിലും ശത്രുക്കളുടെമേൽ നിങ്ങൾ നടപടിക്കൊരുങ്ങരുത്." എന്നതാണ് പാഠം.

സഹിഷ്ണുതയുടേയും പൊറുത്തുകൊടുക്കലിന്റേയും അതിമഹത്തായ ദൃഷ്ടാന്തമാണ് മക്കാവിജയ വേളയിൽ വിശുദ്ധനബി(സ) കാഴ്ചവെച്ചത്. മുസ്‌ലിംകളെ കിരാതമർദ്ദനങ്ങൾക്ക് വിധേയരാക്കിയ തന്റെ വിരോധികൾക്ക് അദ്ദേഹം നിരുപാധികം മാപ്പുനല്കി. ചരിത്രപ്രസിദ്ധമാണീ സംഭവം. ഇക്‌രിമ ഇസ്‌ലാമിന്റെ ബദ്ധവൈരിയായിരുന്നു. നബി(സ) ശത്രുക്കൾക്ക് പൊതുമാപ്പ് പ്രഖ്യാപിച്ചവേളയിൽപോലും മുസ്‌ലിംകളുമായി പോരിനിറങ്ങിയ ആളായിരുന്നു ഇക്‌രിമ. അതിൽ പരാജിതനായപ്പോൾ അയാൾ നാടുവിട്ടോടി. ഇക്‌രിമയുടെ ഭാര്യ തന്റെ ഭർത്താവിന് മാപ്പ് നല്കാനായി നബി(സ)യോടപേക്ഷിച്ചപ്പോൾ പ്രവാചകൻ (സ) അയാൾക്ക് മാപ്പ് നല്കി. തുടർന്ന് നബിയുടെ സവിധത്തിലെത്തിയ ഇക്‌രിമയുടെ വാക്കുകൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. "നിങ്ങൾ എനിക്ക് മാപ്പു നല്കിയതുകൊണ്ട് ഞാൻ മുസ്‌ലിമാകുമെന്ന് കരുതേണ്ട. ഞാനെന്റെ മതത്തിൽതന്നെ ഉറച്ചുനില്ക്കുന്നു. ഇക്‌രിമ പറഞ്ഞു." നബി(സ) പ്രതിവചിച്ചു. "താങ്കൾക്കങ്ങനെ ആവാമല്ലോ. താങ്കളുടെ മതത്തിൽതന്നെ താങ്കൾ തുടർന്നുകൊള്ളുക. താങ്കൾ തികച്ചും സ്വതന്ത്രനാണ്." ഇതുപോലെ ആയിരക്കണക്കിന് മക്കാനിവാസികൾക്ക് അവരുടെ മതവിശ്വാസം തുടർന്നും പുലർത്താൻ നബി(സ) അനുമതി നല്കിയിരുന്നു.

ഒരിക്കൽ നബി(സ) ഒരു അറബിയോട് 90 കിലോ കാരയ്ക്കക്ക് പകരമായി ഒരു ഒട്ടകത്തെ വാങ്ങുകയുണ്ടായി. വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് അത്രയും കാരയ്ക്ക അവിടെയിരിപ്പില്ലെന്ന് കാണുന്നത്. ഉടൻതന്നെ നബി(സ) അറബിയുടെ അടുക്കൽ ചെല്ലുകയും തനിക്ക് പറ്റിയ അബദ്ധം ഏറ്റുപറയുകയും ചെയ്തു. അപരിഷ്കൃതനായ ആ കാട്ടറബി "ഓ, വഞ്ചകാ!" എന്നലറി. ഇതിൽ കുപിതരായ അനുചരരോട് നബി(സ) പറഞ്ഞു. അയാളെ വെറുതെ വിടുക. അയാൾക്ക് പറയാനുള്ളത് പറയട്ടെ. (*മുസ്നദ് അഹ്മദ് ബിൻഹമ്പൽ, വാല്യം 6, പേജ് 268*) ഇങ്ങനെയാണ് ഭരണാധിപനായിരുന്ന പ്രവാചകൻ(സ) വെറുമൊരു അപരിഷ്കൃത മനുഷ്യനോട് പെരുമാറിയിരുന്നത്. നജ്റാനിൽനിന്ന് ഒരു ക്രിസ്തീയ ദൗത്യസംഘം വിശുദ്ധനബി(സ)യുടെ അടുക്കൽ വന്നു. അവർ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയത് മദീനായിലെ നബിയുടെ പള്ളിയിൽ വെച്ചായിരുന്നു. തങ്ങളുടെ പ്രാർത്ഥനക്കുള്ള സമയമായപ്പോൾ അവർ പള്ളിയിൽനിന്നും ഇറങ്ങാൻ ഒരുങ്ങുകയായിരുന്നു. പരിശുദ്ധ പ്രവാചകൻ(സ) അവരോട് തങ്ങളുടെ പ്രാർത്ഥനകൾ തന്റെ പള്ളിയിൽവെച്ച് നിർവഹിക്കാവുന്നതാണെന്ന് അറിയിച്ചു. അവർ മതം മാറി മുസ്‌ലിംകളായില്ല. അവരുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ അവർക്ക് പൂർണ്ണമായ മതസ്വാതന്ത്ര്യം നബി(സ) അനുവദിക്കുകയാണുണ്ടായത്. കൂടാതെ അവരുടെ ആരാധനാലയങ്ങൾ സംരക്ഷിക്കാനുള്ള ചുമതല മുസ്‌ലിംകളെ ഏല്പിക്കുകയും ചെയ്തു. ഒരു ക്രിസ്തീയപള്ളിക്കെങ്കിലും കേടുപാടുകൾ സംഭവിക്കാനോ ക്രിസ്തീയ പുരോഹിതർക്ക് വിഷമങ്ങളുണ്ടാക്കാനോ പാടില്ലെന്നും അദ്ദേഹം പ്രത്യേകമായി നിർദ്ദേശിച്ചു. ചർച്ചുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുന്നത് നല്ല കാര്യമാണെന്ന് അദ്ദേഹം വിവരിച്ചു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) സത്യം, നീതി, മതസ്വാതന്ത്ര്യം എന്നീ മൂല്യങ്ങൾ പരിശുദ്ധപ്രവാചകൻ(സ) എങ്ങനെ പ്രാവർത്തികമാക്കിയെന്ന് വിവരിച്ചുകൊണ്ട് പറയുന്നു. "ഒരിക്കൽ ഒരു മുസ്‌ലിമും ഒരു ജൂതനും തമ്മിലുണ്ടായ കലഹം തീർപ്പിനായി നബി(സ)യുടെ മുന്നിലെത്തി. പ്രവാചകൻ(സ) ജൂതനനുകൂലമായിട്ടാണ് വിധി നല്കിയത്. വിശുദ്ധഖുർആൻ പറയുന്നു. "ഓ നബീ, ഗ്രന്ഥാനുസാരികളോടും അറേബ്യയിലെ നിരക്ഷരസമൂഹത്തോടും ഇസ്‌ലാംമ

ലേഖനം

കെ.പി.എ. പുന്നോൽ

# ദൈവസങ്കല്പം ഇസ്‌ലാമിലും ക്രിസ്തുമതത്തിലും

വിദ്യാർത്ഥികളുടെ കുരുന്നുഹൃദയങ്ങളിൽ ധാർമ്മികബോധം വളർന്നുവരാനുള്ള ലക്ഷ്യത്തെ മുൻനിറുത്തി തയ്യാറാക്കപ്പെട്ട സന്മാർഗ്ഗപാഠാവലി ലളിതമായ ശൈലിയിൽ ആവിഷ്കരിക്കപ്പെട്ട നിലവാരം പുലർത്തുന്ന പ്രബന്ധങ്ങളാൽ സമൃദ്ധമായ ഒരു ലഘുകൃതിയാണ്. ഈ പരമ്പരയിലെ അഞ്ചാംതരത്തിലേക്കു വേണ്ടി തയ്യാറാക്കപ്പെട്ട പുസ്തകത്തിൽ 'ഈശ്വരൻ സ്രഷ്ടാവ്' 'ഈശ്വരൻ പിതാവ്' എന്നീ രണ്ട് ലേഖനങ്ങൾ യാദൃശ്ചികമായി കാണാനിടയായി. 'ഈശ്വരൻ പിതാവ്' എന്ന രണ്ടാമത്തെ പാഠം വായിച്ചപ്പോൾ എന്നിലുളവായ വിചാരവിശേഷങ്ങളാണ് ഈ വരികളിൽ രേഖപ്പെടുത്തുന്നത്.

ബൈബിൾ, ദൈവത്തെ 'അബ്ബാ പിതാവേ' എന്ന് സംബോധന ചെയ്യുന്നുണ്ട്. ഖുർആനിലാകട്ടെ, അത്തരം സംബോധന കാണപ്പെടുന്നേയില്ല. ബൈബിളിലേയും, ഖുർആനിലേയും ക്രിസ്തുമതത്തിലേയും ഇസ്‌ലാം മതത്തിലേയും ദൈവസങ്കല്പങ്ങളെ അടിസ്ഥാനപ്പെടുത്തി ക്രിസ്തുമതം ഇസ്‌ലാംമതത്തേക്കാൾ ശ്രേഷ്ഠമാണെന്നും ബൈബിൾ ഖുർആനേക്കാൾ മഹത്വമുള്ളതാണെന്നും സ്ഥാപിക്കാൻ ഒരു പാശ്ചാത്യക്രിസ്തീയ ഗ്രന്ഥകാരൻ ഒരു ശ്രമം നടത്തിയിരുന്നു.

പിതാവെ എന്ന അതിമനോജ്ഞവും, അതീവപ്രിയങ്കരവുമായ പദങ്ങളാൽ ക്രിസ്തീയവേദങ്ങൾ ദൈവത്തെ സംബോധന ചെയ്യുമ്പോൾ പിതാവ് എന്ന സംജ്ഞ ഇസ്‌ലാമിന്റെ അടിസ്ഥാനഗ്രന്ഥമായ ഖുർആനിൽ എവിടെയും ദൈവത്തെപ്പറ്റി പ്രയോഗിച്ചുകാണുന്നില്ല എന്നതാണ് ക്രിസ്തുമതം ഇസ്‌ലാംമതത്തേക്കാൾ ശ്രേഷ്ഠമാണെന്നതിനുള്ള ഗ്രന്ഥകർത്താവിന്റെ ന്യായം. ദൈവം സ്രഷ്ടാവാണെന്ന കാര്യം ഏറെക്കുറേ എല്ലാ മതവിഭാഗക്കാരും ഒരുപോലെ അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ, അവനെ പിതാവായി സങ്കല്പിക്കുവാനോ പിതാവിനോടുപമിക്കുവാനോ മുതിരുന്നത് ശരിയല്ലെന്നു മാത്രമല്ല പല കാരണങ്ങളാലും ദൈവദൂഷണപരമാണെന്ന് പറയാതെ തരമില്ല. ഒരു പദാർത്ഥത്തേയോ, വ്യക്തിയേയോ, വ്യക്തിക്കുള്ള സ്ഥാനമാനത്തേയോ മഹത്വപ്പെടുത്തി പ്രദർശിപ്പിക്കുവാൻ വേണ്ടി അതിനേക്കാൾ മഹത്വമുള്ള ഒന്നിനോടാണല്ലോ ഉപമിക്കേണ്ടത്. ദൈവത്തെപോലെ മഹത്വമേറിയ മറ്റൊന്നില്ലാത്തതുകൊണ്ട് അവനെ മറ്റെന്തിനോടെങ്കിലും ഉപമിക്കുന്നത് ശരിയല്ല. ദൈവത്തെ ഉപമിക്കാൻ ദൈവം മാത്രമേയുള്ളൂ. ആകയാൽ പിതാവിനോടല്ല, ചുരുക്കം ചില ദൈവികഗുണങ്ങൾ കുറേയെങ്കിലും കൈമുതലായുള്ള മാതാവിനോട്പോലും ദൈവത്തെ ഉപമിച്ചുകൂടാ.

മാതാവാകട്ടെ, ഭാരതീയദർശനത്തിൽ ശക്തിസ്വരൂപിണിയും, ദേവിയായും സങ്കല്പിച്ച് ഭക്തിബഹുമാനപുരസ്സരം സ്മരിക്കപ്പെടുന്നു. ഭാരതത്തെ ഭാരതാംബയായും പ്രകൃതിയെ പ്രകൃതീദേവിയായും ഗംഗയെ ഗംഗാദേവിയായും സങ്കല്പിച്ച് ഉദാത്തമായ മാതൃ

---

തമാശ്ലേഷിക്കാൻ പറയുക. അങ്ങനെ അവർ ഇസ്‌ലാമിലേക്ക് വരികയാണെങ്കിൽ അവർ സന്മാർഗ്ഗം പ്രാപിച്ചു. ഇനി അവർ പിന്തിരിയുകയാണെങ്കിൽ, താങ്കളുടെ ദൗത്യം അവർക്ക് ദിവ്യസന്ദേശം എത്തിക്കുകയെന്നത് മാത്രമാകുന്നു." ദൈവികവചനം അവിശ്വാസികളോട് അവരുടെ അവിശ്വാസം കാരണമായി യുദ്ധം ചെയ്യാൻ കല്പിക്കുന്നില്ല. യുദ്ധപ്രഖ്യാപനമുണ്ടായത് മുസ്‌ലിംകളെ കൊന്നൊടുക്കാൻ ഇറങ്ങിത്തിരിച്ചവർക്കെതിരെയും കൊള്ളയും കൊള്ളിവെപ്പുമായി രാജ്യത്ത് അരാജകത്വം സൃഷ്ടിച്ചവർക്കെതിരെയും മാത്രമായിരുന്നു. ഈ യുദ്ധാനുമതിയുണ്ടായത് നബി (സ) ദൈവനിയുക്തനായ പ്രവാചകനായത് കൊണ്ടല്ല, അദ്ദേഹം ഒരു പരമാധികാര രാഷ്ട്രത്തിന്റെ സൈന്യാധിപനായതുകൊണ്ടായിരുന്നു. അല്ലാഹു പറയുന്നു. "നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് ദൈവമാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക." അതിരുകവിയുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ലെന്ന് ആ പവിത്രഗ്രന്ഥം തുടർന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളൊരു മതത്തിനും ആ മതസ്ഥാപകനുമെതിരെ അസഹിഷ്ണുതയുടെയും ക്രൂരതയുടെയും സ്വഭാവങ്ങൾ ആരോപിക്കുന്നതിനേക്കാൾ അനീതി മറ്റെന്തുണ്ട്? കുറച്ചാളുകൾ അവരുടെ നിക്ഷിപ്ത താല്പര്യസംരക്ഷണത്തിനായി നടത്തുന്ന അക്രമങ്ങളെയും ഹിംസാത്മക പ്രവർത്തനങ്ങളെയും ഇസ്‌ലാമിന്റേതായി വിലയിരുത്താൻ ശ്രമിക്കുന്നത് അപഹാസ്യമത്രെ.

നിങ്ങളിവിടെ ഇന്ന് വന്നതിലും എന്റെ വാക്കുകൾ ക്ഷമാപൂർവ്വം ശ്രവിച്ചതിലും എന്റെ അകൈതവമായ നന്ദി ഞാനിവിടെ രേഖപ്പെടുത്തട്ടെ. ഇനിയുമിതുപോലെ നാം ഒരുമിച്ച് കൂടുമെങ്കിൽ, ആശയവിനിമയം നടത്തുമെങ്കിൽ, ഒട്ടേറെ തെറ്റുധാരണകൾ നീങ്ങിപ്പോകുന്നതാണ്.

●

സ്ഥാനം കല്പിക്കുന്നു. ഉപനിഷത്തുകളിൽവെച്ച് സുപ്രധാനമായ തൈത്തീരിയോപനിഷത്തിലെ ഒരു മന്ത്രമാണ് 'മാതൃദേവോഭവ, പിതൃദേവോഭവ, ആചാര്യദേവോ ഭവ' എന്നത്. ഉപനിഷത്തിലെ ഈ ഉപദേശത്തിൽ, മാതാപിതാക്കന്മാരേയും ആചാര്യന്മാരേയും ദേവതുല്യമായി, ബഹുമാനിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അവിടേയും ആദ്യം മാതാവിനെയാണ് എടുത്തുപറഞ്ഞിരിക്കുന്നത്.

'യത്രനാര്യസ്തു പൂജ്യന്തെ
രമന്തെ തത്ര ദേവതാ'

എന്ന് മനുസ്മൃതിയിൽ പറയപ്പെട്ടിട്ടുള്ളതും മറ്റൊന്നല്ല. ഇങ്ങനെ ഹൈന്ദവപുരാണങ്ങളിലും സ്മൃതികളിലും ഉപനിഷത്തുകളിലും ഉദാത്തമായി സങ്കല്പിച്ച് ഭക്ത്യാദരപൂർവ്വം സ്മരിക്കപ്പെടുന്ന മാതാവിനോടുപോലും ദൈവത്തെ ഉപമിച്ചുകൂടാ.

സന്തതികൾക്ക് സ്നേഹവാത്സല്യങ്ങൾ നൽകുക, പോഷണസംരക്ഷണാദികളിലും മക്കളുടെ സ്വഭാവരൂപീകരണത്തിലുമുള്ള പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കുക മുതലായ നൈസർഗ്ഗിക ഗുണങ്ങൾ പിതാവിനേക്കാൾ മാതാവിലാണ് നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ, പക്ഷിമൃഗാദികളടക്കം ജീവിവർഗ്ഗത്തിലെ ആൺവർഗ്ഗങ്ങൾ പൊതുവെ അതിന്റെ ജീവിതപ്രയാണത്തിനിടയിൽ ലഭ്യമാകുന്ന ഇണകളിൽ തോന്നുമ്പോഴെല്ലാം ബോധപൂർവ്വമല്ലാതെ നൈമിഷികമായ ആവേശത്തിനും ആനന്ദാനുഭൂതിക്കും വേണ്ടി മാത്രം കേവലം മലമൂത്രവിസർജ്ജനം നടത്തുന്ന ലാഘവത്തോടെ ബീജവിക്ഷേപണം നടത്തുന്നു. അതേനിമിഷം തന്നെ സംഭവം വിസ്മരിക്കുകയും അലക്ഷ്യമായി എങ്ങോട്ടെങ്കിലും അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അതോടുകൂടി വിക്ഷേപിത ബീജവുമായുള്ള അവയുടെ ബന്ധം എന്നെന്നേക്കുമായി അവസാനിക്കുന്നു.

സ്വന്തം ബീജത്തിൽനിന്ന് സന്താനം ഉൽപന്നമായോ? എങ്കിൽ അവ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചു നിലനിൽക്കുന്നുണ്ടോ? പിതാവ് എന്ന് പറയപ്പെടുന്ന ബീജദാതാവിന് അവയോട് വല്ല കടമയോ ബാധ്യതയോ ഉണ്ടോ? സ്നേഹപരിലാളനങ്ങൾ നൽകി പരിപാലിക്കേണ്ടതുണ്ടോ? എന്നും മറ്റുമുള്ള ബോധംപോലും അവയ്ക്കുണ്ടാകുന്നില്ലെന്ന് മാത്രമല്ല അവ പരസ്പരം അറിയുന്നുപോലുമില്ല. അവയ്ക്കുവേണ്ടി ഒരിറ്റു കണ്ണുനീർ പൊഴിക്കേണ്ടി വരുന്ന അവസരംപോലും അവയ്ക്ക് ഉണ്ടാകുന്നില്ല. മാതാവാകട്ടെ തന്റെ സന്താനങ്ങൾക്ക്, ഒരു പോറൽപോലും ഏൽക്കാതെ വളർച്ചയുടെ ഒരു ഘട്ടംവരെ തന്റെ സംരക്ഷണയിൽ തന്നെ നിറുത്തി അവയെ പരിപാലിക്കുന്നു. അവയ്ക്ക് പാലൂട്ടുന്നു, ഭക്ഷണം നൽകുന്നു, ഇതരജന്തുക്കളുടെ ആക്രമണത്തിൽനിന്നും രക്ഷിക്കുന്നു. ജീവിവർഗ്ഗങ്ങളിൽ വളരെ ചെറിയ വിഭാഗമായ മനുഷ്യരിൽപെട്ട പിതാക്കന്മാരിൽ ഒരു പങ്ക് തങ്ങളുടെ ജീവിതാവശ്യങ്ങൾക്കു വേണ്ട ഘടകങ്ങൾ ഒരുപരിധിവരെ സജ്ജീകരിച്ചുകൊടുക്കുന്നുണ്ടെന്ന കാര്യം ഞാൻ മറക്കുന്നില്ല. എന്നാൽ, ഈ രംഗത്ത് മാതാവിനുള്ള പങ്ക് വളരെ വലുതാണ്.

പിതാവിന്റെ സാന്നിധ്യം എന്നല്ല, ദർശനം പോലും ലഭിച്ചിട്ടില്ലാത്ത ധാരാളം സന്താനങ്ങൾ മനുഷ്യരിലുമുണ്ട്. വനാന്തരങ്ങളിൽ വസിക്കുന്ന പ്രാകൃത വിഭാഗങ്ങളിൽപെട്ട മനുഷ്യരും, ആധുനിക പരിഷ്കാരസീമയിൽ വിലസുന്ന പാശ്ചാത്യരാജ്യങ്ങളിലെ സംസ്കൃതവിഭാഗത്തിൽപെട്ട ചിലരെങ്കിലും, പിതാവിന്റെ സംരക്ഷണം ലഭിക്കാത്തവരും പിതാവിനെ തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്തവരുമാണ്. ഇതിന് പുറമെ പിതൃബന്ധമില്ലാതെ കന്യകയായ മാതാവിൽനിന്ന് മാത്രം ജനിച്ചവരും അപൂർവ്വമായിട്ടെങ്കിലും ഉണ്ടല്ലോ. യേശുക്രിസ്തു തന്നെയും അത്തരത്തിൽ ജന്മംകൊണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ല. പുരുഷബീജസങ്കലനം കൂടാതെയുള്ള ജനനം അപൂർവ്വമാണെങ്കിലും സംഭാവ്യമാണെന്ന് ഇന്ന് ശാസ്ത്രം തെളിയിച്ചുകഴിഞ്ഞ സ്ഥിതിക്ക് സൃഷ്ടികർത്താവായ ദൈവത്തെ പിതാവിനോടുപമിക്കുന്നത് എങ്ങനെ ശരിയാവും. പരിത്രാണകാര്യത്തിൽ പിതാവിനേക്കാൾ മാതാവിനാണല്ലോ പ്രാമുഖ്യം.

ഭാഷയിൽ പിതാവ് എന്ന പദത്തിനുള്ള നിർവചനം എന്താണെന്നും അതിന് കൽപിക്കപ്പെട്ട പരിശുദ്ധിയുടേയും, ശ്രേഷ്ഠതയുടേയും മഹത്വത്തിന്റേയും അളവ് എത്രയാണെന്നും പ്രസ്തുത ഗ്രന്ഥകാരൻ ചിന്തിച്ചു കാണുകയില്ല. ഭാഷയിലെ ഓരോ പദത്തിനും അതിന്റെ അർത്ഥവും നിർവചനവും അടിസ്ഥാനമാക്കി വ്യത്യസ്ത പടവുകളിലായി അതിന്റെ പദവി നിർണ്ണയിക്കുന്നതിന് ഭാഷാശാസ്ത്രവും, കോശനിർവചനവും അവലംബമാക്കേണ്ടതാണല്ലോ. ഈ മാനദണ്ഡം വെച്ച് പരിശോധന നടത്തുമ്പോൾ, ഒരു വ്യക്തിയോ, ജന്തുവോ മറ്റൊരു വ്യക്തിയുടേയോ ജന്തുവിന്റേയോ ബീജത്തിൽനിന്ന് ഉൽപന്നമാവുന്നതോടെ ബീജദാതാവുമായുള്ള ബന്ധം എന്നെന്നേക്കുമായി അവസാനിക്കുന്നു എന്നതാണ് ഭാഷാശാസ്ത്ര നിർവചനംകൊണ്ട് മനസ്സിലാക്കേണ്ടത്. ബീജനിക്ഷേപകന് ഇവിടെ പിതാവ് എന്ന് പറയപ്പെടുന്നു.

ജീവജാലങ്ങളെ ബോധപൂർവ്വം സൃഷ്ടിക്കുന്ന ദൈവം തന്റെ സൃഷ്ടി പ്രക്രിയക്കുശേഷം സൃഷ്ടികളുമായുള്ള ബന്ധം വിച്ഛേദിക്കാതെ തുടർന്നുപോവുകയും, അവയെ വളർത്തി പരിപോഷിപ്പിച്ച് പരിപൂർണ്ണതയിലേക്ക് എത്തിക്കാൻ സഹായിക്കുകയും ചെയ്യുന്നു. അവന്റെ അത്യധികമായ ദയാവായ്പിനാൽ തനതായ അനുഗ്രഹലബ്ധിക്ക് വിധേയമാക്കുന്നു. സൃഷ്ടികളുടെ സാക്ഷാൽ രക്ഷിതാവായ ദൈവം തന്നെ എന്നെന്നും തന്റെ സൃഷ്ടികളുടെ താങ്ങും തണലും ആയി വർത്തിക്കുന്നു. ഈ നിർവചനം ആർക്ക് ബാധകമാകുന്നുവോ അവന് പിതാവ് എന്ന് നാമകരണം ചെയ്യാൻ ഭാഷാശാസ്ത്രം അനുവദിക്കുന്നില്ല. ഈ എല്ലാ ഗുണങ്ങളും നിക്ഷിപ്തമായിട്ടുള്ളത് ആരിലാണോ അവന് അറബി നിഘണ്ടുകൾ 'അബ്ബ്' അഥവാ പിതാവ് എന്നല്ല റബ്ബ് എന്ന അഭിധാനത്തിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്. 'റബ്ബ്' എന്ന വാക്കിന് അബ്ബ് എന്നതിനേക്കാൾ വിശാലമായ അർത്ഥമാണുള്ളത്.

അറബിഭാഷയിൽ ഏറ്റവും ആധികാരികമായ താജുൽ ഉറൂസ്, ലിസാനുൽ അറബ് എന്നീ നിഘണ്ടുകൾ റബ്ബ് എന്ന പദത്തിന് ഏഴ് അർത്ഥങ്ങളുള്ളതായി പറയുന്നു.

1. ***മാലിക്ക്:–*** ഉടമസ്ഥൻ, യജമാനൻ (Master or Owner) ഈ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടേയും അതായത്, ചലിതവും നിശ്ചലവും, സജീവവും നിർജ്ജീവവും, സൂക്ഷ്മവും സ്ഥൂലവും, ദൃശ്യവും അദൃശ്യവുമായ സർവ്വചരാചര പ്രകൃതിയുടേയും യജമാനൻ. ഈ പ്രപഞ്ചത്തിന്റേയും ന്യായവിസ്താരനാളിന്റേയും ഉടമസ്ഥൻ.

2. ***സയ്യിദ്:–*** ഉന്നതൻ, ഉടമസ്ഥൻ (Master or Cheif)

3. ***മുദബ്ബിർ:–*** (Regulator) ക്രമകാരകൻ. പ്രപഞ്ചത്തിലെ എല്ലാ വ്യവസ്ഥിതികളുടേയും ക്രമങ്ങളുടേയും ആസൂത്രകൻ.

4. ***മുറബ്ബി:–***പരിപൂർണ്ണ പരിപാലകൻ. (one who nurtures) മനുഷ്യന്റെ ശാരീരികം, ആദ്ധ്യാത്മികം, അവന്റെ പ്രാപ്തി അഥവാ കാര്യശേഷി, ശക്തി, കഴിവ് എന്നീ ഗുണങ്ങളെ പരിപോഷിപ്പിക്കുകയും മനുഷ്യനെ ആത്മീയവും ഭൗതികവുമായ പുരോഗതിയുടെ പരമമായ അവസ്ഥയിൽ എത്തിക്കുകയും ചെയ്യുന്നവൻ. ഈ അറബിപദത്തിന്റെ 'റുബൂബിയ്യത്ത്' എന്ന മൂലപദത്തിന് ഇല്ലാത്ത അവസ്ഥയിൽനിന്ന് പരിപൂർണ്ണതയുടെ പരമസീമയിൽ എത്തിക്കുക എന്ന വ്യാപകവും അഗാധവുമായ അർത്ഥമുണ്ട്; സ്രഷ്ടാവ് മുതലായ പദങ്ങൾ റബ്ബിന്റെ ഉൽപന്നമത്രെ.

5. ***ഖയ്യൂം:–*** (All Sustaining) എല്ലാ കാര്യത്തിനും എപ്പോഴും എല്ലാ വിധത്തിലുമുള്ള താങ്ങും തണലുമായിട്ടുള്ളവൻ, എല്ലാ വ്യവസ്ഥിതികളുടേയും മേൽനോട്ടവും സംരക്ഷണവും നടത്തുന്നവൻ.

6. ***മുനീം:–*** ദാതാവ് (Bestower) മനുഷ്യർക്കും ഇതര ജന്തുക്കൾക്കും അതാതിന്റെ പ്രകൃതവും പ്രാപ്തിയും അർഹതയുമനുസരിച്ചുള്ള അനുഗ്രഹലബ്ധിയുടെ ദാതാവ്.

7. ***മുതമ്മിം:–*** മനുഷ്യന്റെ ന്യൂനതയും പോരായ്മയും വകവെക്കാതെ അനന്തമായ അനുഗ്രഹം ചൊരിയുന്നവൻ.

ചുരുക്കത്തിൽ പിതാവ് എന്ന സംജ്ഞ എത്ര തന്നെ അതിമനോജ്ഞവും പ്രിയങ്കരവുമായാലും ദൈവത്തെ സംബോധന ചെയ്യുന്നത് ദൈവത്തിന്റെ ഉദാത്തമായ സ്ഥാനമാഹാത്മ്യത്തിന് അനുയോജ്യമല്ലതന്നെ.

●

---

## സത്യമിത്രം

*എ.കെ.എ. റഹിമാൻ*

സത്യവും
അസത്യവും
തിരിച്ചറിയാനുള്ള
മാനദണ്ഡമാണ് 'സത്യമിത്രം'
ജീവിതവും മരണവും
വിചാരണയും ശിക്ഷയും
ദൈവദത്തമായ സത്യദർശനങ്ങൾ
സത്യം വെളിച്ചമാണ്
അസത്യം ഇരുളും
ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക്
പ്രയാണം ചെയ്യുന്ന പ്രക്രിയയാണ്
സത്യമിത്രത്തിന്റെ ദൗത്യം
ആ ദൗത്യ നിർവ്വഹണത്തിന്
'സത്യദൂതൻ' സാക്ഷിയാകുന്നു.
'സത്യമിത്ര'ത്തെ തിരിച്ചറിയുന്നതിലൂടെ
സത്യദൂതന്റെ സ്ഥാനവും മനസ്സിലാകുന്നു.
സത്യമേ നയിക്കുക
സത്യത്തിന്റെ പാതയായ
സാക്ഷാൽപാത
ആ പാതയാണ്
ഫീ സബിലില്ലാഹിയെന്ന
അല്ലാഹുവിന്റെ പാത.



*ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)*

# അല്ലാഹുവിന്റെ മലക്കുകൾ (2)

**യഹൂദമതത്തിൽ മലക്കുകൾ**

യഹൂദികളിലും മലക്കുകളെക്കുറിച്ചുള്ള പാഠം കാണാം. അവർ ജിബ്റായീലിനെ അഗ്നിയുടെ മലക്കായിട്ടാണ് പറയുന്നത്. എന്നാൽ, അവർക്ക് തെറ്റു പറ്റിയിരിക്കുന്നു. കാരണം ഇതേ നാമം സർതുശ്തികളിലും കാണാം. അവർ ജിബ്റായീലിനെ ദൈവഭാഷണം എത്തിക്കുന്ന മലക്കായിട്ടാണ് പറയുന്നത്. ഈ നാമം അവരിൽ പൂർവ്വകാലം മുതലേ നിലനിന്നുവരുന്നതാണ്. യഹൂദികളിൽ ഇത് പിന്നീടാണ് വന്നത്. ഇറാനിൽനിന്ന് അവരെ നാടുകടത്തിയതിനു ശേഷമാണ് അവരിൽ ഈ നാമം പ്രചരിച്ചത്. അതുകൊണ്ട് ഏതൊരു യഹൂദികളിൽനിന്നാണോ ഈ നാമം എടുത്തത് അവർ, അദ്ദേഹം കാരുണ്യത്തിന്റെ മലക്കാണെന്നും ദൈവഭാഷണം കൊണ്ടുവന്ന മലക്കാണെന്നും വിശ്വസിക്കുന്നു. ബൈബിളിലും അദ്ദേഹം കാരുണ്യത്തിന്റെ മലക്കാണെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. 'താൽമൂദ്' എന്ന ഗ്രന്ഥത്തിൽ പറയുന്നത്, ദാനിയേൽ നബിയുടെ കാലത്ത് തീയിലേക്ക് എറിയപ്പെട്ട ആളുകളെ രക്ഷിച്ചത് ജിബ്റായീലാണെന്നാണ്.

ഹദ്റത്ത് ഇബ്റാഹീം(അ)നെ അഗ്നിയിലേക്ക് എറിയാൻ പോയപ്പോൾ 'അദ്ദേഹത്തെ രക്ഷിക്കാൻ എനിക്ക് അനുവാദം തന്നാലും' എന്ന് ജിബ്റായീൽ (അ) അല്ലാഹുവിനോട് പറഞ്ഞതായി എഴുതിയിരിക്കുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു: ഇല്ല, നിനക്കതിന് അനുവാദം തരികയില്ല. ഭൂമിയിൽ ഇബ്റാഹീമും ഒന്നു മാത്രമേയുള്ളൂ. ഞാനും ഏകനാണ്. അതുകൊണ്ട് ഞാൻതന്നെ അവനെ രക്ഷിക്കുന്നതാണ്. ഇബ്റാഹീമിനെ അഗ്നിയിലേക്ക് എറിയാൻ പോകുമ്പോൾ, ജിബ്റായീൽ(അ) അദ്ദേഹത്തിന്റെയടുക്കൽ വന്നുവെന്നും, തന്നിൽനിന്ന് എന്തെങ്കിലും ചോദിക്കാൻ പറഞ്ഞുവെന്നും, താങ്കളിൽനിന്നും ഒന്നും ചോദിക്കാനില്ലെന്ന് അദ്ദേഹം പറഞ്ഞുവെന്നും അപ്പോൾ അല്ലാഹുവിനോട് ചോദിക്കാൻ ജിബ്റായിൽ പറഞ്ഞുവെന്നും അല്ലാഹുവിനോട് ചോദിക്കേണ്ട കാര്യമെന്താണെന്നും തന്റെ സ്ഥിതി അവൻതന്നെ കാണുന്നില്ലേ എന്ന് ഇബ്റാഹീം ചോദിച്ചുവെന്നുമുള്ള കാര്യങ്ങൾ ഇവിടെ പൊതുവെ പറഞ്ഞുവരാറുള്ളതാണ്.

ജിബ്റായീലിനോട് നീയല്ല, താൻതന്നെ ഇബ്റാഹീമിനെ രക്ഷിക്കാൻ പോകുമെന്നും, എന്നാൽ, നിന്റെ ഈ സൽകൃത്യം താൻ നഷ്ടപ്പെടുത്തുകയില്ലെന്നും ഭാവിയിൽ ഇബ്റാഹീമിന്റെ സന്താനപരമ്പരയിൽ ഒരാളെ രക്ഷിക്കാൻ നിനക്ക് അനുവാദം തരുമെന്നും അല്ലാഹു പറഞ്ഞതായി താൽമൂദിൽ വന്നിരിക്കുന്നു. ദാനിയേൽനബിയുടെ കാലത്ത് ജനങ്ങൾ അദ്ദേഹത്തെ അഗ്നിയിലേക്ക് എറിയാൻ പോയപ്പോൾ, അദ്ദേഹത്തെ രക്ഷിക്കാൻ ജിബ്റായീലിന് അല്ലാഹു അനുവാദം നൽകി. അങ്ങനെ ദാനിയേൽ(അ)നെ ജിബ്റായിൽ(അ) രക്ഷിച്ചു. ചുരുക്കത്തിൽ, തുടക്കം മുതൽ അവസാനംവരെ മലക്കുകളെ കുറിച്ചുള്ള പ്രതിപാദനം യഹൂദികളിലും കാണാം. അവർ ദൈവത്തിന്റെ മക്കൾ എന്നു പറയപ്പെട്ടിരിക്കുന്നു.

**ഹൈന്ദവമതത്തിൽ മലക്കുകൾ**

ഇപ്രകാരംതന്നെ ഹിന്ദുക്കളിലും മലക്കുകളെക്കുറിച്ച് പ്രതിപാദിച്ചുകാണാം. വരുണൻ തുടങ്ങിയ പേരുകൾ വന്നിട്ടുണ്ട്. പൂജിക്കേണ്ടുന്ന ആത്മാക്കളാണ് അവരെന്ന് സാധാരണക്കാർ കരുതുന്നു. വാസ്തവത്തിൽ ദൈവത്തിന്റെ ഭാഷണം കൊണ്ടുവന്നിരുന്ന മലക്കുകളായിരുന്നു അവർ. കാരണം വാമനന്റേയും വരുണന്റേയും പ്രവൃത്തി ഒന്നാണെന്ന് മനസ്സിലാകുന്നു. വാമനന്റെ ബന്ധവും സൂര്യനുമായിട്ടാണെന്ന് പറയുന്നു. വരുണന്റെ ബന്ധവും സൂര്യനുമായിട്ടുതന്നെ. സൂര്യനുമായിട്ട് അവർക്ക് ബന്ധമുള്ളതുകൊണ്ടാണ് സൂര്യൻ ദൈവമാണെന്ന് തെറ്റായി മനസ്സിലാക്കാൻ ഇടയായത്. അങ്ങനെ സൂര്യനെ ദൈവമായി വിശ്വസിക്കാൻ തുടങ്ങി.

അവരുടെ ബന്ധം സൂര്യനുമായിട്ടാണെന്നതിൽ സംശയമില്ല. ഇസ്‌ലാമിലും സൂര്യനുമായിട്ട് ജിബ്റായീലിന് ബന്ധമുള്ളതായി പറയപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ബന്ധവും സൂര്യനുമായിട്ടാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം എഴുതിയിട്ടുണ്ട്. ജബ്റായീലിന്റെ ബന്ധം റസൂൽകരീം(സ)യുമായിട്ടാണ്. റസൂൽ കരീം(സ)നെ വിശുദ്ധഖുർആൻ സൂര്യൻ എന്നു പറഞ്ഞിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ കുഫ്ർ ഫത്വ പ്രഖ്യാപിച്ചതിനുള്ള കാര്യങ്ങളിൽ ഒന്ന് അവിടന്ന് മലക്കുകളെ നിഷിധിക്കുന്നു എന്നതുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മലക്കുകളെ സംബന്ധിച്ച് തൗളീഹെ മറാം, ആയിനയെ കമാലാത്തെ ഇസ്‌ലാം എന്നീ ഗ്രന്ഥങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. മലക്കുകളുടെ ബന്ധം ആകാശഗോളങ്ങളുമായിട്ടാണെന്ന് വിശുദ്ധഖുർആനിലൂടെ അവിടന്ന് പ്രഖ്യാപിച്ചിരുന്നു. അവ മുഖേനയാണ് അവരുടെ പ്രഭാവങ്ങൾ ലോകത്ത് പതിക്കുന്നത്. ഇതു പറഞ്ഞപ്പോൾ മലക്കുകളെ നിഷേധിക്കുകയും നക്ഷത്രങ്ങളുടെ സ്വാധീന ശക്തികളിൽ വിശ്വസിക്കുകയും ചെയ്യുന്ന ആളാണെന്ന് പറഞ്ഞ് ആലിംകൾ അവിടത്തെമേൽ കുഫ്ർ ഫത്വ അടിച്ചേല്പിച്ചു.

നക്ഷത്രങ്ങളെ സംബന്ധിക്കുന്ന ഈ വിഷയം

മറ്റൊരു വിഷയമാണ്. അതിനെ സംബന്ധിച്ച് ഇപ്പോൾ ഒന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അങ്ങനെയായാൽ ഈ ചർച്ച എവിടെയും അവസാനിക്കാതെ നീണ്ടുപോകും. ഒന്നാമതായി ഞാൻ പറയാനാഗ്രഹിക്കുന്നത്, സർവ്വമതങ്ങളിലും മലക്കുകളിലുള്ള വിശ്വാസം കാണുന്നു എന്നതാണ്. ബഹുദൈവവിശ്വാസപരമായ നൂറുക്കണക്കിന് കാര്യങ്ങളെ തടഞ്ഞിട്ടുള്ള ഇസ്‌ലാമിലും മലക്കുകളിലുള്ള വിശ്വാസത്തെ നിലനിറുത്തിയിരിക്കുന്നു. അത് എത്രമാത്രം ശക്തമായിട്ടാണെന്നുവെച്ചാൽ, അവരെ വിശ്വസിക്കുന്നില്ലെങ്കിൽ മനുഷ്യൻ അവിശ്വാസിയായിത്തീരുന്നതാണ്. നബിമാരുടെമേലുള്ള എല്ലാ ആക്ഷേപങ്ങളേയും ദൂരീകരിച്ചുകൊണ്ട് ഇസ്‌ലാം എല്ലാ മതങ്ങളോടും ഔദാര്യം കാണിച്ചിരിക്കുകയാണ്. ഇപ്രകാരംതന്നെ മലക്കുകളുടെമേൽ ഉന്നയിക്കുന്ന ആക്ഷേപങ്ങളേയും അത് അകറ്റിയിരിക്കുന്നു.

മലക്കുകളും ശയ്ത്വാന്റെ കെണിയിൽ കുടുങ്ങാറുണ്ടെന്ന് സർതുശ്തികളും യഹൂദികളും വിശ്വസിക്കുന്നു. ഇതിനെ അന്ധമായി അനുകരിച്ചുകൊണ്ട് മുസ്‌ലിംകളും ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ട് മലക്കുകളെ സംബന്ധിച്ച്, അവർ രണ്ടുപേരും ശയ്ത്വാന്റെ കെണിയിൽ കുടുങ്ങിയ കാരണത്താൽ ഇന്നേവരെ ബാബിളിലെ ഏതോ കിണറ്റിൽ തലകീഴായി കിടക്കുകയാണെന്ന് മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ കല്പന കൂടാതെ ഒന്നും ചെയ്യാത്ത ഒരു സൃഷ്ടിയാണ് മലക്കുകളെന്ന് ഖുർആനിൽനിന്ന് മനസ്സിലാകുന്നു. അത് പറയുന്നു.

**അല്ലാഹു അവരോട് കല്പിക്കുന്ന ഒരു കല്പനയും അവർ ലംഘിക്കുകയില്ല. അവരോട് ആജ്ഞാപിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു.** (66:7)

എല്ലാ ജനതകളും ഐകകണ്ഠ്യേന മലക്കുകളിൽ വിശ്വസിക്കുന്നുവെന്ന് മനസ്സിലായ സ്ഥിതിക്ക്, ശാന്തരായ ഓരോരുത്തരും ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. ഇത് വലുതും പ്രധാനപ്പെട്ടതുമായ കാര്യമായതുകൊണ്ടാണല്ലോ എല്ലാ മതഗ്രന്ഥങ്ങളിലും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. ഈ വിശ്വാസം ഹദ്റത്ത് നൂഹ് നബി(സ)ന്റെ കാലത്തും ഉണ്ടായിരുന്ന പൗരാണികവിശ്വാസമാണെന്ന് ഖുർആനിൽനിന്ന് മനസ്സിലാകുന്നു. ഹദ്റത്ത് നൂഹിന്റെ ശത്രുക്കൾ പറഞ്ഞത് അല്ലാഹു എടുത്തുദ്ധരിച്ചിരിക്കുന്നു.

അപ്പോൾ ഹദ്റത്ത് നൂഹിനെ നിഷേധിച്ചവരുടെ നേതാക്കന്മാർ പറഞ്ഞു: ഇവൻ നിങ്ങളെപോലുള്ള ഒരു മനുഷ്യനാണ്. ഇവൻ നിങ്ങളുടെമേൽ ശ്രേഷ്ഠത നേടാൻ ഉദ്ദേശിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കുമായിരുന്നു. ഞങ്ങളുടെ പൂർവ്വപിതാക്കളിൽ ഞങ്ങൾ കേട്ടിട്ടില്ലാത്ത ഒരു കാര്യമാണിത്. (അതായത്, അവരിൽ റസൂൽ വരാറുണ്ടായിരുന്നു എന്നത്) (23:25)

നബി(സ) തിരുമേനിക്കെതിരിലും ഈ ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നു. നീ സത്യവാദികളിൽപെട്ടവനാണെങ്കിൽ എന്തുകൊണ്ട് നീ ഞങ്ങളുടെയടുക്കൽ മലക്കുകളെ കൊണ്ടുവരുന്നില്ല? (15:8) ഇതിൽനിന്ന് മനസ്സിലാകുന്നത് അറബികളിലും മലക്കുകളെപ്പറ്റിയുള്ള വിശ്വാസം ഉണ്ടായിരുന്നുവെന്നാണ്.

ഈ സംക്ഷിപ്ത വിവരണത്തിനുശേഷം ഞാൻ ഇസ്‌ലാമികപാഠങ്ങളിലേക്ക് വരികയാണ്. മലക്കുകളെക്കുറിച്ച് ഇസ്‌ലാം എന്താണ് പഠിപ്പിച്ചിട്ടുള്ളതെന്ന് പറയാം.

**മലക്കുകളുടെ യാഥാർത്ഥ്യം**

മലക്കുകൾ സൃഷ്ടികളാണോ അല്ലേ എന്നതാണ് ഒന്നാമത്തെ കാര്യം. കാരണം അവർക്ക് നല്കപ്പെട്ട സ്ഥാനമാനങ്ങളിൽനിന്ന് അവർ സൃഷ്ടികളല്ലെന്ന തോന്നലുണ്ടാകാം. ഇക്കാരണത്താൽ ക്രിസ്ത്യാനികൾക്ക് ചതിപറ്റി. റൂഹുൽഖുദുസ്- സത്യത്തിന്റെ ആത്മാവ് സൃഷ്ടിയല്ലെന്നും, ദൈവത്തിന്റെ ഭാഗമാണെന്നും അവർ ധരിച്ചു. അങ്ങനെ റൂഹുൽഖുദുസിനേയും ദൈവമാക്കി. എന്നാൽ, മലക്കുകൾ സൃഷ്ടികളല്ലെന്ന വാദം കളവാണെന്നാണ് ഇസ്‌ലാം പറയുന്നത്. അവർ സൃഷ്ടികളാണ്. മലക്കുകൾ സൃഷ്ടികളാണെന്നതിനുള്ള തെളിവുകൾ വിശുദ്ധഖുർആനിൽനിന്ന് ലഭിക്കുന്നുണ്ട്. അല്ലാഹു പറയുന്നു. മലക്കുകൾ സൃഷ്ടിക്കപ്പെട്ടപ്പോൾ ഇവർ അവിടെ ഉണ്ടായിരുന്നുവോ? പെണ്ണുങ്ങളാണ് മലക്കുകൾ എന്ന് പറയാൻ? *(37:151)*

ഇതിൽനിന്ന് അല്ലാഹു മലക്കുകളെ സൃഷ്ടിച്ചതാണെന്ന് മനസ്സിലാകുന്നു. അവർ നശിക്കുമോ ഇല്ലേ? അതായത്, മനുഷ്യാത്മാക്കളെ സുരക്ഷിതമാക്കിവയ്ക്കുന്നതുപോലെ മലക്കുകളേയും സുരക്ഷിതമാക്കിവയ്ക്കുമോ നശിപ്പിച്ചുകളയുമോ, അല്ലെങ്കിൽ ചിലരെ നിലനിറുത്തുമോ ചിലരെ നശിപ്പിക്കുമോ എന്നത് വേറൊരു കാര്യമാണ്. വെളിപാടുണ്ടാകുമ്പോൾ ആയിരക്കണക്കിന് മലക്കുകൾ, ഇൽഹാമിന്റെ വാക്കുകളുടെ വിവരണത്തിൽനിന്നുണ്ടാകുന്ന ചലനത്താൽ ജനിക്കുകയും പെട്ടെന്നുതന്നെ നശിക്കുകയും ചെയ്യുന്നുണ്ടെന്ന് യഹൂദികൾ വിശ്വസിക്കുന്നു. എന്നാൽ, സർതുശ്തികൾ മലക്കുകളെ നാശമില്ലാത്ത അസ്തിത്വമായിട്ടാണ് വിശ്വസിക്കുന്നത്.

രണ്ടാമതായി മലക്കുകളെ സംബന്ധിച്ച് ഓർമ്മവയ്ക്കേണ്ടത് മനുഷ്യന് ബാഹ്യമായ നേത്രങ്ങൾകൊണ്ട് അവരെ കാണാൻ സാധിക്കുകയില്ല എന്നതാണ്. അഥവാ ബാഹ്യമായ നേത്രങ്ങൾകൊണ്ട് കാണുകയാണെങ്കിൽ, അവരുടെ യഥാർത്ഥ ഉണ്മയിലായിരിക്കുകയില്ല മറ്റ് ഉണ്മയിലായിരിക്കും കാണുക. അതായത്, മലക്കുകളെ കാണാൻ ഈ ബാഹ്യനേത്രങ്ങൾക്ക് സാധ്യമല്ല. പ്രത്യുത, ആന്തരികനേത്രങ്ങൾ ആവശ്യമായി വരും. ബാഹ്യമായ നേത്രങ്ങൾകൊണ്ട് കാണുകയാണെങ്കിൽ, അവരെ അവരുടെ യഥാർത്ഥ ശരീരത്തോടുകൂടിയായിരിക്കുകയില്ല കാണുന്നത്. അല്ലാഹു പറയുന്നു:

"മലക്കുകൾ എന്തുകൊണ്ട് ഇറങ്ങുന്നില്ലെന്ന് ഇവർ ചോദിക്കുന്നു. പക്ഷേ, മലക്കുകൾ വരികയാണെങ്കിൽ മനുഷ്യരൂപത്തിൽ തന്നെയായിരിക്കും വരിക. എങ്കിലേ

ഇവർക്ക് കാണാൻ സാധിക്കുകയുള്ളൂ. മനുഷ്യന്റെ രൂപത്തിൽ വരുമ്പോൾ മലക്കാണോ മനുഷ്യനാണോ എന്ന സംശയാവസ്ഥയിലായിരിക്കും ഉണ്ടാകുക. (6:10) അപ്പോൾ ഏതൊരു സംശയമാണോ ഇവർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് അതായത്, ഈ വചനം അല്ലാഹുവിന്റേതല്ല. മറിച്ച്, മനുഷ്യൻ കെട്ടിച്ചമച്ചതാണെന്ന സംശയം വീണ്ടും നിലനില്ക്കുന്നതാണ്. അതുകൊണ്ട് മലക്കുകളെക്കൊണ്ട് പ്രയോജനമുണ്ടാകുന്ന ഘട്ടത്തിലാണ് നാം മലക്കുകളെ അയക്കുന്നത്. ഈ ബാഹ്യമായ നേത്രങ്ങൾകൊണ്ട് മനുഷ്യന് മലക്കുകളെ കാണാൻ പറ്റാത്തതിനാൽ, അഥവാ കാണുകയാണെങ്കിൽത്തന്നെ മനുഷ്യരൂപത്തിലേ കാണാനൊക്കുകയുള്ളൂ. അപ്പോൾ അവർ വീണ്ടും ആക്ഷേപിക്കും. അതുകൊണ്ട് മലക്കുകളെ ഇറക്കാറില്ല.

മലക്കുകളുടെ അസ്തിത്വം ഗോപ്യമായതാണ്. ബാഹ്യമായ നേത്രങ്ങൾകൊണ്ട് അവരെ കാണാൻ കഴിയില്ല.

മൂന്നാമതായി അവരെ സംബന്ധിച്ച് ഓർമ്മവയ്ക്കേണ്ട കാര്യം അവർ സ്ത്രീപുരുഷ വ്യത്യാസമില്ലാത്ത ഒരു സൃഷ്ടിയാണെന്നതാണ്. ഞാൻ ആദ്യം ഓതിയ ഖുർആനിക വചനത്തിൽനിന്ന് അത് മനസ്സിലാകുന്നുണ്ട്. അതായത്, ***അം ഖലഖ്നൽ മലായിക്കത്ത ഇനാഥൻവ്വഹും ശാഹിദുൻ*** (37:15).

ഇവിടെ അവർ പുരുഷന്മാരാണെന്ന് അല്ലാഹു പറഞ്ഞില്ല. പറഞ്ഞത്, മലക്കുകൾ പെണ്ണുങ്ങളാണെന്ന് ഇവർ പറയുന്നുവെന്നാണ്. അവരെന്താണെന്ന് ഇവിർക്കെന്തെറിയാം? മലക്കുകളെ സൃഷ്ടിച്ചപ്പോൾ ഇവർ അവിടെ ഉണ്ടായിരുന്നുവോ? മലക്കുകൾ പെണ്ണുങ്ങളാണെന്ന വാദത്തെ അല്ലാഹു നിഷേധിച്ചു. എന്നാൽ, അവർ ആണാണെന്നും പറഞ്ഞില്ല. അതുകൊണ്ട് അവരെ ആണെന്നോ പെണ്ണെന്നോ പറയുന്നത് തെറ്റാണ്. ലിംഗവ്യത്യാസം ഭൗതികവസ്തുക്കളിലാണുണ്ടാവുക. ആത്മീയവസ്തുക്കളിൽ അതില്ല. പുരുഷന്റെ ആത്മാവ് ആണാണെന്നും സ്ത്രീയുടേത് പെണ്ണാണെന്നും വകഭേദമില്ല. ലിംഗവ്യത്യാസം കാലത്തിന്റേയും സ്ഥാനത്തിന്റേയും അവസ്ഥയാണ്. അവരിലുള്ള വസ്തു ഒന്നുതന്നെയാണ്.

മലക്കുകളെ സംബന്ധിച്ച് നാലാമതായി മനസ്സിലാക്കേണ്ടത് അവർക്ക് മൂന്ന് സ്ഥാനങ്ങളുണ്ടെന്നാണ്. അവ മൂന്നും ഒരേതരത്തിലുള്ളതല്ല. അല്ലാഹു പറയുന്നു: "സിംഹാസനത്തെ വഹിക്കുന്നവരും അതിന്റെ ചുറ്റുമുള്ളവരും തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും അവനിൽ വിശ്വസിക്കുകയും വിശ്വസിച്ചവർക്കുവേണ്ടി പാപമോചനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. (അവർ പറയുന്നു) 'ഞങ്ങളുടെ നാഥാ, കാരുണ്യവും അറിവുംകൊണ്ട് നീ സകലവസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. അതിനാൽ, പശ്ചാത്തപിക്കുകയും നിന്റെ മാർഗ്ഗം പിന്തുടരുകയും ചെയ്തവർക്ക് നീ പൊറുത്തുകൊടുക്കുകയും നരകശിക്ഷയിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യേണമേ(40:8). ഈ വചനത്തിൽനിന്ന് മൂന്ന് തരത്തിലുള്ള മലക്കുകളെ കുറിച്ച് മനസ്സിലാകുന്നു. രണ്ടുതരം മലക്കുകൾ വ്യക്തമായ നിലയിൽ പരാമർശിക്കപ്പെട്ടത്. മൂന്നാമത്തെതരം മലക്കുകൾ വ്യംഗ്യമായി പരാമർശിക്കപ്പെട്ടത് എന്തുകൊണ്ടെന്നാൽ, ഒരുകൂട്ടം മലക്കുകൾ അർശിനെ വഹിക്കുന്നവരാണെന്നും ഒരുകൂട്ടം അതിനു ചുറ്റും വസിക്കുന്നവരാണെന്നും ഇതിൽ പറയപ്പെട്ടിരിക്കുന്നു. അതായത്, ഒരുവിഭാഗം മലക്കുകൾ മുഖേന ദൈവകല്പനകൾ പ്രചരിതമായിക്കൊണ്ടിരിക്കുന്നു. ഒരുവിഭാഗം അവരുടെ നിർദ്ദേശങ്ങളേയും കല്പനകളേയും താഴത്തെതട്ടിലുള്ളവരിൽ എത്തിക്കുന്നവരാണ്. ഈ വിവരണത്തിൽനിന്ന് അർശിന്റെ ചുറ്റും വസിക്കുന്ന മലക്കുകളുടെ കീഴെ മറ്റൊരു വിഭാഗം മലക്കുകളുണ്ടെന്ന് മനസ്സിലാകുന്നു. ഹദീസുകളും ഇത് സാക്ഷീകരിക്കുന്നുണ്ട്. ചില മലക്കുകൾ വിവിധ വസ്തുക്കളുടെമേൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്ന് ഇതിൽനിന്നും മനസ്സിലാകുന്നു. അതുകൊണ്ട് അർശിനെ വഹിക്കുന്നവർക്കും അതിനു ചുറ്റും വസിക്കുന്നവർക്കും പുറമെ മൂന്നാമതൊരു വിഭാഗം മലക്കുകളുമുണ്ട്. സർതുശ്തികളിൽനിന്നും ഈ പ്രശ്നത്തെക്കുറിച്ച് അല്പം ചില അറിവുകൾ ലഭിക്കുന്നുണ്ട്. കാരണം അവർ പറയുന്നത് ലോകകാര്യങ്ങൾ നടപ്പിൽവരുത്തുന്ന ഏഴ് മലക്കുണ്ടെന്നാണ്. പുനരുത്ഥാനനാളിൽ എട്ട് മലക്ക് ദൈവത്തിന്റെ സിംഹാസനത്തെ ഏറ്റുന്നവരായിട്ടുണ്ടാകുമെന്ന് വിശുദ്ധഖുർആൻ പറയുന്നു. സിംഹാസനം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം വെള്ളിയുടേയോ സ്വർണ്ണത്തിന്റേയോ അല്ല. പ്രത്യുത, ദൈവത്തിന്റെ ഉന്നതമായ സവിശേഷഗുണങ്ങളാണ്. അതുമുഖേന ദൈവത്തിന്റെ ദൈവത്വം വിളങ്ങുന്നു. പരലോകത്ത് അത് 8 മലക്ക് മുഖേന പ്രകടമാകും. എന്നാൽ, തെളിവുകൾ വ്യക്തമാക്കുന്നതുപോലെ ഈ ലോകത്ത് അത് ഏഴ് മലക്കുകൾ മുഖേനയാണ് പ്രകടമാകുന്നത്. ദൈവത്തിന്റെ സിംഹാസനം വഹിച്ചുകൊണ്ടിരിക്കുന്ന ഒരുവിഭാഗം മലക്കുകളുണ്ട്. രണ്ടാമത്തെ വിഭാഗം അവരുടെ കീഴിലുള്ളവരാണ്. എന്നാൽ, ദൈവത്തിന്റെ സമീപസ്ഥർ തന്നെയാണവർ. അത് പ്രസംഗപീഠംപോലെയാണ്. യഥാർത്ഥ ജോലി അതിനെ ഏല്പിക്കുകയില്ല. അത് പ്രസംഗകരുടെ സഹായിയാണ്. മൂന്നാമത്തെ വിഭാഗം മലക്കുകൾ താഴെ സ്ഥാനത്തുള്ളവരാണ്. ചുരുക്കത്തിൽ മൂന്നുതരം മലക്കുകളുണ്ട്.

1. ദൈവത്തിന്റെ മഹനീയ ഗുണങ്ങൾ പ്രകടിപ്പിക്കുന്നവർ

2. അവരെ സഹായിക്കുന്നവരും ദൈവത്തിന്റെ സമീപസ്ഥരുമായിട്ടുള്ളവർ.

3. വിവിധതരം ചെറിയ ചെറിയ ജോലികൾക്കായി നിയമിതരായിട്ടുള്ളവർ. അവരെ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുകയില്ല. കാരണം അല്ലാഹു പറയുന്നു. അവരുടെ കണക്കുകൂട്ടിയെടുക്കാൻ ഒരു മനുഷ്യനും സാധ്യമല്ല. (74:34) എന്തുകൊണ്ടെന്നാൽ നബിമാരുടെ വാക്കുകളിൽനിന്ന് സ്ഥാപിതമാകുന്നത് ഓരോ ജോലിക്കും പ്രത്യേകം മലക്കുകളുണ്ടെന്നാണ്.

●

ലേഖനം

*മർഹൂം മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്.എ.*

# ഖുർആനിലെ ജിന്ന്

**(ഖുർആനിലെ ജിന്നിനേയും ഇൻസിനേയുംപറ്റി ഇക്കാലത്ത് സജീവചർച്ച നടക്കുകയാണ്. ഇതിന്റെ പ്രസക്തി മനസ്സിലാക്കി മൗലാനാ സാഹിബിന്റെ ലേഖനം ഞങ്ങൾ പുനഃപ്രസിദ്ധീകരിക്കുകയാണ്.)**

**ഭൂ**തപ്രേതാദികളെക്കുറിച്ച് വിവിധതരത്തിലുള്ള അന്ധവിശ്വാസങ്ങൾ നാനാജാതി മതസ്ഥരുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ടെന്നത് ഏവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. അത്തരം അന്ധവിശ്വാസങ്ങൾ മുസ്‌ലിംകളെ ബാധിക്കാതിരുന്നിട്ടില്ല. ഈ അന്ധവിശ്വാസങ്ങൾക്ക് മിക്കവാറും അടിസ്ഥാനമായിരിക്കുന്നത് ഊഹാപോഹങ്ങളും ദുർഗ്രഹമായ വിധത്തിൽ നടന്നതായി പറയപ്പെടുന്ന ചില കാര്യങ്ങളുമാണ്. ബാഹ്യദൃഷ്ടിക്ക് അഗോചരമായ ചില ശക്തികൾ പ്രപഞ്ചത്തിൽ വ്യാപരിക്കുന്നുണ്ടെന്നത് സമ്മതിക്കാവുന്നതാണെങ്കിലും അവയെപ്പറ്റി പൊതുവെ വിശ്വസിച്ചുവരുന്ന സംഗതികളിൽ വലിയൊരു ഭാഗം വെറും അതിശയോക്തി മാത്രമാണെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നത്.

ജിന്ന് എന്നാൽ ദൃഷ്ടിക്ക് അഗോചരമായ ഒരുതരം സൂക്ഷ്മസൃഷ്ടികളാണെന്നും അവർ സ്ഥൂലശരീരികളല്ലെങ്കിലും നമ്മെപോലെതന്നെ ബുദ്ധിയും ജ്ഞാനവുമുള്ളവരും മതശാസനകളനുസരിച്ച് ജീവിക്കുവാൻ ബാധ്യസ്ഥരും എന്നാൽ, ഞൊടിയിടകൊണ്ട് വിചാരിക്കുന്നതൊക്കെയും ചെയ്യുവാനും ആഗ്രഹിക്കുന്നേടത്തെല്ലാം എത്തിച്ചേരുവാനും ഇഷ്ടമുള്ള രൂപം കൈക്കൊള്ളുവാനും കഴിവുള്ളവരാകുന്നുവെന്നാണ് പറയപ്പെടുന്നത്. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് വിഷയമാകാത്ത സൃഷ്ടികളുണ്ടെന്ന സംഗതി നമ്മുടെ പരിമിതമായ അറിവിൽനിന്ന് ഉപരിയായിരിക്കുന്നതുകൊണ്ട് അങ്ങനെ ഒരു സൃഷ്ടിതന്നെ ഇല്ലെന്ന് നിഷേധിച്ചുകളയുന്നത് ഒരിക്കലും ന്യായപൂർവ്വകമായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ നമുക്കറിവില്ലാത്തതുകൊണ്ട് നാം അതിനെ നിഷേധിക്കുകയാണെന്നു മാത്രമേ അതിനർത്ഥമാവുകയുള്ളൂ. എന്നാൽ, ആത്മമയങ്ങളായ ചില സൂക്ഷ്മസൃഷ്ടികളുണ്ടെന്ന്വെച്ച് ബുദ്ധിക്കും അനുഭവത്തിനും മത ശാസ്ത്രത്തിനും എതിരായി ഏതാണ്ട് സർവ്വശക്തിത്വവും സർവ്വവ്യാപിത്വവുമുള്ളവരും അതേയവസരത്തിൽതന്നെ സ്ഥൂലശരീരികളായ മനുഷ്യരെപോലെ മതശാസനകളനുസരിച്ച് ജീവിക്കാൻ ബാധ്യതപ്പെട്ടവരുമായ സൃഷ്ടികളാണ് ജിന്നുകൾ എന്ന് വിചാരിക്കുവാൻ നിവൃത്തിയില്ല.

ജിന്ന് എന്നതിന്റെ ശബ്ദാർത്ഥം മറഞ്ഞുനില്ക്കുന്നത് എന്നാണ്. അറബിസാഹിത്യത്തിൽ ആത്മീയമായ സൃഷ്ടിക്കും ദൃഷ്ടിയിൽനിന്ന് സാമാന്യം മറഞ്ഞിരിക്കുന്ന പാമ്പ്, കൃമി, അണു, പ്രാണി ഇത്യാദികൾക്കും മനുഷ്യരിൽത്തന്നെ ശക്തിയും ഗാംഭീര്യവുമുള്ള ആളുകൾക്കും ജിന്ന് എന്ന് ഉപയോഗിക്കാറുണ്ട്. മറഞ്ഞിരിക്കുന്നത് എന്ന ശബ്ദാർത്ഥമുള്ളതിനാൽ സ്ഥാനമഹത്വം കൊണ്ടോ പ്രാബല്യവും കുലീനതയുംകൊണ്ടോ സാധാരണ ജനങ്ങളുമായി ഇടപെടാതെ മാറിനില്ക്കുന്നവർക്കും ജിന്ന് എന്ന് പറയാവുന്നതാണ്.

ജിന്ന് എന്നതിന് എന്തെല്ലാം അർത്ഥമുണ്ടായിരുന്നാലും വിശുദ്ധഖുർആനിൽ ഈ പദം ഇൻസ് എന്ന പദത്തോട് ചേർത്തുപറഞ്ഞേടത്തെല്ലാം മനുഷ്യൻ എന്നുതന്നെയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും അത്ഭുതശക്തികളോടുകൂടിയ അദൃശ്യസൃഷ്ടികളല്ലെന്നും ആ വിശുദ്ധഗ്രന്ഥത്തിൽ ഗാഢമായി ചിന്തിക്കുന്നതാകയാൽ മനസ്സിലാകുന്നതാണ്.

**ജിന്നുകളിൽ പ്രവാചകൻ**

ന്യായവിസ്താരനാളിൽ അല്ലാഹു സംബോധന ചെയ്യുന്നതായി വിശുദ്ധഖുർആൻ ഇപ്രകാരം പറയുന്നു.

"അല്ലയോ ജിന്നിന്റേയും ഇൻസിന്റേയും സംഘമേ, നിങ്ങൾക്ക് എന്റെ വചനങ്ങൾ പറഞ്ഞുതരികയും നിങ്ങളുടെ ഇന്നേദിവസത്തെ കൂടിക്കാഴ്ചയെക്കുറിച്ച് നിങ്ങളെ ജാഗ്രതപ്പെടുത്തുകയും ചെയ്തുകൊണ്ട് നിങ്ങളിൽനിന്നുള്ള പ്രവാചകന്മാർ നിങ്ങളുടെ അടുക്കൽ വന്നിട്ടുണ്ടായിരുന്നില്ലേ?" (6:131)

ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ജിന്നുകളിലും ഇൻസുകളിലും നിന്നുള്ള പ്രവാചകന്മാർ അവരുടെ അടുക്കൽ വരികയുണ്ടായിട്ടുണ്ടെന്നാണ്. ഇവിടെ ജിന്ന് എന്ന് പറഞ്ഞത് ഒരു സൂക്ഷ്മ സൃഷ്ടിയെക്കുറിച്ചാണെങ്കിൽ ആ കൂട്ടരിൽനിന്ന് പ്രവാചകന്മാർ ആവിർഭവിച്ചിരിക്കേണ്ടതും അവരുടെ വൃത്താന്തങ്ങൾ ഖുർആൻ പ്രസ്താവിച്ചിരിക്കേണ്ടതും ആവ

ശ്യമാണ്. എന്നാൽ, മനുഷ്യരായ പ്രവാചകന്മാരെക്കുറിച്ചുള്ള വിവരങ്ങളേ ഖുർആനിൽ കാണപ്പെടുന്നുള്ളൂ. ജിന്ന് എന്ന് പറഞ്ഞത് മനുഷ്യനെ ഉദ്ദേശിച്ചിട്ടുള്ളതാണെന്നതിലേക്ക് ഇത് മതിയായ തെളിവാകുന്നു.

ഇൻസ് എന്നാൽ സാമാന്യേന സമനിലയിൽ ജീവിക്കുന്നവനത്രെ. എന്തെന്നാൽ, ഈ പദം സ്നേഹം, സഖ്യം എന്നീ അർത്ഥത്തോടുകൂടിയ ഉൻസ് എന്ന ധാതുവിൽനിന്ന് ഉത്ഭവിച്ചതാണ്. ജിന്ന് എന്ന് പറഞ്ഞിരിക്കുന്നത് സാമാന്യജനങ്ങളിൽനിന്ന് അകന്നുനില്ക്കുന്ന, മറ്റുള്ളവർക്ക് എളുപ്പത്തിൽ കാണുകയും ഇടപെടുകയും ചെയ്യാൻ സാധിക്കാത്ത വലിയവരെ കുറിച്ചാണ്. എന്തെന്നാൽ, ജിന്ന് എന്നതിന്റെ അർത്ഥം മറഞ്ഞിരിക്കുന്നതു എന്നാകുന്നു. ഇങ്ങനെ ജിന്ന്, ഇൻസ് എന്നത് രാജാവും പ്രജയും, യജമാനനും ഭൃത്യനും, മുതലാളിയും തൊഴിലാളിയും, സർവ്വാധികാരിയും സാധാരണക്കാരും തുടങ്ങിയ പിരിവുകളെയെല്ലാം കുറിക്കുന്നതിനായിട്ടുള്ള രണ്ട് സാങ്കേതിക പദങ്ങളാകുന്നു. മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളെ തുടർന്നുള്ള വചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് അപ്രകാരം പ്രവാചകന്മാരെ അയക്കാതെ അല്ലാഹു യാതൊരു പട്ടണത്തേയും നശിപ്പിക്കാറില്ല എന്നാണ്. അപ്പോൾ അതിൽ പറയപ്പെട്ട ജിന്നും ഇൻസും പട്ടണവാസികളായിരുന്നുവെന്നും മനുഷ്യരിൽനിന്നുള്ള ഒരുവിഭാഗം തന്നെയാണ് ജിന്ന് എന്നും വ്യക്തമാണല്ലോ.

**ജിന്ന് പ്രഭാവശാലികൾ**

അല്ലാഹു ചോദിക്കുന്നതായി വിശുദ്ധഖുർആൻ വീണ്ടും പറയുന്നു.

"അല്ലയോ ജിന്നു സംഘമേ, നിങ്ങൾ ഇൻസിൽ നിന്നു ഒരു വലിയ ഭാഗത്തെ വശപ്പെടുത്തി. അവരുടെ കൂട്ടുകാരായ ഇൻസ് പറയും 'ഞങ്ങളുടെ ദൈവമേ, ഞങ്ങളിൽ ചിലർ മറ്റു ചിലരിൽ നിന്ന് ഗുണം സമ്പാദിച്ചു.' (6:129)

ഈ വാക്യത്തിൽനിന്നും മനസ്സിലാകുന്നത് ജിന്ന് ഇൻസിനേക്കാൾ ശക്തിയുള്ളവരും ഇൻസിനെ സ്വാധീനപ്പെടുത്തുന്നവരും രണ്ടുകൂട്ടരും പരസ്പരം ഉപകരിക്കുന്നവരുമാകുന്നുവെന്നാണ്. അപ്പോൾ ജിന്ന് മനുഷ്യരല്ലാതെ മറ്റൊരു സൃഷ്ടിയായിരിക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, സാധാരണക്കാരെ സ്വാധീനതയിൽവെച്ചു അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുന്നവർ പ്രഭുക്കളും വൻകിട മുതലാളിമാരും തന്നെയാണ്. അദൃശ്യമായ ഒരു അന്യസൃഷ്ടിയല്ല. മനുഷ്യരേക്കാൾ ശ്രേഷ്ഠതയുള്ളതും മനുഷ്യരെ സ്വാധീനവലയത്തിൽ വെക്കുന്നതുമായ വേറൊരു സൃഷ്ടിയില്ലല്ലോ. ഇവിടെ ജിന്ന് എന്നും ഇൻസ് എന്നും രണ്ട് പേർ പറഞ്ഞുവെങ്കിലും അവരുടെ പ്രവർത്തികളേയും ജീവിതാവസ്ഥകളേയും സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് മനുഷ്യർക്ക് മാത്രം ബാധകമാകുന്ന തരത്തിലാണ്.

**ജിന്നിൽ പ്രവാചകശത്രു**

വിശുദ്ധഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു: "നാം ഓരോ പ്രവാചകനും ജിന്നിലും ഇൻസിലും നിന്നുള്ള പിശാചുക്കളെ ശത്രുക്കളാക്കിയിരിക്കുന്നു. അവർ വഞ്ചിക്കുവാനുള്ള മോഹനവാക്കുകൾ അന്യോന്യം മന്ത്രിക്കുന്നു." (6:113)

ഈ വാക്യത്തിൽ പ്രവാചകന്മാരുടെ ശത്രുക്കളായി ജിന്നും ഇൻസും ഉണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യർ പ്രവാചകന്മാർക്ക് ശത്രുക്കളായിത്തീർന്നതും പലവിധ അക്രമങ്ങൾ നടത്തിയതും ഖുർആനും ഇതര മതഗ്രന്ഥങ്ങളും ധാരാളമായി പറഞ്ഞുവരുന്നുണ്ട്. എന്നാൽ, ജിന്ന് എന്നു പറയുന്ന അന്യസൃഷ്ടി പ്രവാചകന്മാരുടെ എതിരിൽ വല്ലതും പ്രവർത്തിച്ചതായി എവിടെയും പറഞ്ഞുകാണുന്നില്ല. ജിന്നും ഇൻസും പ്രവാചകന്മാർക്കെതിരായി അന്യോന്യം പല ആലോചനകളും നടത്തുകയും മോഹനവാക്കുകൾ മന്ത്രിക്കുകയും ചെയ്തുവെന്നും മേൽഖുർആൻ വാക്യത്തിൽ പറയപ്പെട്ടിട്ടുണ്ട്. പ്രവാചകന്മാരുടെ ശത്രുക്കളായ മനുഷ്യൻ ജിന്നുകളെന്ന ഒരു അന്യസൃഷ്ടികളുമായി കൂട്ടുകെട്ട് നടത്തുകയും അവരുമായി യോജിച്ച് പ്രവാചകന്മാരെ ദ്രോഹിക്കുകയും ചെയ്തതായിട്ട് അറിയപ്പെടുന്നില്ല. പ്രവാചന്മാർക്കെതിരിൽ ഗൂഢാലോചന നടത്തിക്കൊണ്ടിരുന്ന പിശാചുക്കൾ ജിന്നിലും ഇൻസിലും ഉൾപ്പെട്ടവരായ മനുഷ്യർ തന്നെയായിരിക്കാനേ നിർവ്വാഹമുള്ളൂ.

**ജിന്ന് സ്ഥൂലശരീരി**

മറ്റൊരിടത്ത് അല്ലാഹു വിശുദ്ധഖുർആനിൽ ഇങ്ങനെ പറയുന്നു: 'പറയുക, ഇൻസും ജിന്നും ഒരുമിച്ചുചേർന്ന് അന്യോന്യം സഹായികളായിരുന്നാലും ഇതുപോലുള്ള ഖുർആൻ അവർക്ക് കൊണ്ടുവരുവാൻ സാധിക്കുകയില്ല. നിശ്ചയമായും മനുഷ്യർക്കായി നാം ഈ ഖുർആനിൽ എല്ലാ വിവരങ്ങളും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ, അധികം പേരും നിഷേധിക്കുന്നവരാകുന്നു.' (17:88,89)

ഇവിടെ ഇൻസും ജിന്നും ഒന്നുചേർന്ന് ഖുർആന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരുന്നതിനും അതിനുവേണ്ടി അന്യോന്യം സഹായികളായിരുന്നുകൊള്ളുന്നതിനുമാണ് വെല്ലുവിളിച്ചിരിക്കുന്നത്. ഖുർആന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരേണ്ടത് മനുഷ്യരല്ലാത്ത- സൂക്ഷ്മദേഹികളെന്ന് പറയപ്പെടുന്ന ജിന്നുകളായിരിക്കാൻ പടുള്ളതല്ല. എന്നുതന്നെയല്ല അങ്ങനെയൊന്ന് തയ്യാറാക്കുന്നതിന് ശത്രുക്കൾക്ക് അന്യോന്യം സഹായികളായിത്തീരാമെന്നിരുന്നാലും ജിന്നുകളുടെ സഹായം അവർക്ക് ഉണ്ടാകാവുന്നതുമല്ല. പ്രസ്തുത വാക്യം കൊണ്ട് ജിന്നും ഇൻസും പരസ്പര സഹായസഹകരണങ്ങൾ ചെയ്യുന്നവരാണെന്നാണ് മനസ്സിലാകുന്നത്. ഈ സഹകരണം മനു

*പേജ് 40-ൽ*

കാലികം

ഇബ്നു എസ്. ഹമീദ്

# സാൽവേഷനും അല്പം മോക്ഷചിന്തകളും

**ഏ**റെ കൊട്ടിയാഘോഷിക്കപ്പെട്ട 'സാൽവേഷൻ' എക്സിബിഷൻ നിശ്ചിത തിയ്യതികളിൽ കോഴിക്കോട്ട് അരങ്ങേറിയത് കാണാൻ ഞാനും ഏറെ കൗതുകത്തോടെതന്നെ പോയി.

എന്താണ് സാൽവേഷൻ? സംഘാടകർ പറയുന്ന 13 കാര്യങ്ങളും അത്തരത്തിലുള്ള നൂറുക്കണക്കിന് ബിദ്അത്തുകളും വെടിഞ്ഞ് ഖുർആനിലേക്കും തിരുസുന്നത്തിലേക്കും മടങ്ങണം. സലഫുസ്സാലിഹീന്റെ പാത പിൻപറ്റണം. വളരെ ലളിതമായ പോംവഴിയാണിത്. ഏറെ കഠിനതരവും അതുതന്നെ.

**ഖുർആനിലേക്കുള്ള മടക്കം**

വളരെയേറെ അർത്ഥഗർഭമായ വിശുദ്ധഖുർആൻ മുഴുമാനവരാശിയുടെയും സന്മാർഗ്ഗദായകമാണ്. അതിലെ സകലവിധ കല്പനകളും കർമ്മങ്ങളും വിലക്കുകളും എന്തിനധികം വള്ളിപുള്ളിപോലും മാറ്റത്തിന് വിധേയമാകാതെയും കാലഹരണപ്പെടാതെയും നിലനിൽക്കുമ്പോഴാണ് അത് സാധ്യമാവുക.

എന്നാൽ, ഐ.എസ്.എമ്മിന്റെ മാതൃസംഘടന കെ.എൻ.എം അത്തരമൊരു സംഗതിയെ അംഗീകരിക്കാൻ പോലും തയ്യാറല്ല എന്നതാണ് ഏറെ വിഷമകരം.

വിഭക്ത മുജാഹിദ് പ്രസ്ഥാനം പുറത്തിറക്കിയ അമാനി മൗലവിയുടെ വിശുദ്ധഖുർആൻ വിവരണത്തിലെ വാക്കുകൾ ശ്രദ്ധേയമാണ്. അദ്ദേഹം എഴുതുന്നു:

"ഖുർആനിൽ തീരെ നസഖ് ഇല്ലെന്ന് പറയുന്നത് ശരിയല്ല. വിശദീകരണത്തിലും ഉദാഹരണത്തിലും അഭിപ്രായവ്യത്യാസമുണ്ടാകാമെങ്കിലും ഖുർആനിൽ നസ്ഖ് ഉണ്ടെന്നുള്ളത് തർക്കമറ്റതാകുന്നു.

"മതവിധികളിൽ നസ്ഖ് ഉണ്ടാകാമെന്നും ഉണ്ടായിട്ടുണ്ടെന്നുമുള്ളതിന് മുസ്ലിംകൾക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. ഖുർആനിൽതന്നെയും നസ്ഖ് ചെയ്യപ്പെട്ട (വിധിദുർബലപ്പെടുത്തപ്പെട്ട) ചുരുക്കം ചില ആയത്തുകൾ ഉണ്ടെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടേയും അഭിപ്രായം. വസ്തുതാപരമായി നോക്കുമ്പോൾ ഇതുതന്നെയാണ് ശരിയായ അഭിപ്രായവും." (വിശുദ്ധഖുർആൻ വിവരണം, വാള്യം 1, പേജ്-77, 227, നാലാംപതിപ്പ്, കെ.എൻ.എം. 2000 എ.ഡി)

അപ്പോൾ അതാണ് മുജാഹിദുകൾ തിരിച്ചുപോകാൻ ധിറുതിപ്പെടുന്ന, ക്ഷണിക്കുന്ന ഖുർആന്റെ അവസ്ഥ!

ഇത്തരമൊരു ഗ്രന്ഥത്തിലെ ഏത് ഭാഗമാണ് 'നസ്ഖ്' എന്നതിനെ സംബന്ധിച്ചുള്ള തീർത്താൽ തീരാത്ത തർക്കം തുടരുകയാണ്. അത് അഞ്ചോ, അഞ്ഞൂറോ എന്നതും തർക്കവിഷയമാണ്!

ഏത് ഖുർആനിലേക്കാണ് സുഹൃത്തുക്കളെ ക്ഷണിക്കുന്നത്? നബി(സ)ന്റെ ഖുർആനിൽ യാതൊരു നസ്ഖും ഒരുകാലത്തും ഉണ്ടാകാവതല്ല.

വിശുദ്ധഖുർആൻ പറയുന്നു: ***ഇന്നാ നഹ്നു നസ്സൽന്നദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*** നാമാണ് ഈ പ്രബോധനഗ്രന്ഥത്തെ ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും.

അലംഘനീയമായ ഈ വിധിയുണ്ടായിരിക്കെ 'നസ്ഖ്' കൊണ്ട് ഖുർആനെ ദുർബലമാക്കുന്ന പണ്ഡിതസഭകൾ തങ്ങളിലേക്ക് ജനങ്ങളെ വിളിക്കുന്ന വിളിയും എത്ര ദുർബലം.

ചോദിക്കുന്നവരും ചോദിക്കപ്പെടുന്നവരും എത്ര ദുർബ്ബലർ? അല്ലാഹുവിനെക്കുറിച്ചും മലക്കുകളെക്കുറിച്ചും നബിമാരെക്കുറിച്ചുമുള്ള വിശുദ്ധഖുർആൻ വിവരണം ഏറെ രസാവഹമാണ്.

സൃഷ്ടികർതൃത്വം അല്ലാഹുവിന് മാത്രമാണെന്ന് അല്ലാഹു സ്വയം അവകാശപ്പെടുമ്പോൾ അതിന്റെ ഒരു ഓഹരി ഈസാനബിക്കും ഇബ്റാഹീം നബിക്കും പകുത്തുനൽകാൻ മുജാഹിദുകൾ മറക്കുന്നില്ല. മാത്രമല്ല, ഈസാനബിയും മരിച്ചവരെ ജീവിപ്പിച്ചിട്ടുണ്ടത്രെ!

മലക്കുകൾ ആഭിചാരവൃത്തി പഠിപ്പിച്ചിരുന്നുവെന്നും, ഇബ്ലീസ് ഒരുകാലത്ത് മലക്കുകളുടെ സാത്വികഗണത്തിലുണ്ടായിരുന്നെന്നുമുള്ള അറിവുകളും ഖുർആൻ വിവരണത്തിൽ 'നിർലോഭം' പകർന്നുതരുന്നു! തീർന്നില്ല, ലൂത്ത്നബിയേയും യൂസുഫ് നബിയേയും കുറിച്ചുള്ള ഖുർആൻ വ്യാഖ്യാനം വർത്തമാനകാല വികലവ്യാഖ്യാനത്തിന്റെ നിറപുലർച്ചയാണ്!

ആദം നബിയെക്കുറിച്ചുള്ള വിവരണവും ഏറെ കൗതുകകരമാണ്. സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടവർ അവിടെനിന്ന് പുറംതള്ളപ്പെടുകയില്ല എന്ന ഖുർആനിക അദ്ധ്യാപനത്തെ വിസ്മരിച്ചുകൊണ്ടാണ് വിവരണത്തിൽ ആദം നബിയെ സ്വർഗ്ഗത്തിൽനിന്ന് പുറത്താക്കുന്നത്.

കുറേ ഇസ്റായേലി ബൈബിൾ കഥകളും അന്ധവിശ്വാസങ്ങളും എഴുതി പേജുകൾ കറുവാളിപ്പിച്ചാൽ അത് ഖുർആൻ വ്യാഖ്യാനമാകുമോ?

ഈ ഖുർആനിലേക്കാണോ സാദരമുള്ള ക്ഷണം!?

**തിരുസുന്നത്ത്**

വിശുദ്ധഖുർആനുശേഷം ഐ.എസ്.എം. ക്ഷണിക്കുന്നത് തിരുസുന്നത്തിലേക്കാണ്. എന്താണ് തിരുസുന്നത്ത്? നബി(സ)ന്റെ നടപടിക്രമമെന്നാണ് ഉത്തരം. എന്തായിരുന്നു ആ നടപടിക്രമം? നബി(സ) പരിചയപ്പെടുത്തിയത് ഒരാഗോള ഇസ്‌ലാമിനെയാണ്. വിശുദ്ധനായൊരു നായകനു കീഴിൽ സുസംഘടിതരും സുശിക്ഷിതരുമായ ഒരു ജമാഅത്ത്. മാത്രമല്ല, അതിനുകീഴിൽ ആഗോളതലത്തിൽ ബയ്ത്തുൽമാൽ സംവിധാനവും സക്കാത്ത് സ്വരൂപിക്കലും വിതരണവും ഉണ്ടായിരുന്നു. തീർന്നില്ല. ലോകത്തിന് മുഴുവനും ഒരേഒരു അജണ്ടയാണ് ഇസ്‌ലാം സമർപ്പിച്ചത്. പ്രവർത്തനങ്ങളും ഏകോപിക്കപ്പെട്ടിരുന്നു.

എന്നാൽ, മുജാഹിദ് കക്ഷിക്ക് (ഇതര കക്ഷികൾക്കും) അത്തരമൊരു വാദമേയുള്ളൂ. പേരുപോലെ കേരളക്കരയിലാണ് എല്ലാവിധ അജണ്ടകളുടേയും ചെണ്ടമേളം! പിന്നെ അതിന്റെ ആരവങ്ങൾക്ക് സന്ദർഭാനുസരണം ഏതുകക്ഷിയേയും പങ്കുചേർക്കുകയും ആവാം. പരസ്പരം എത്ര കാഫിറെന്ന് മുദ്രകുത്തിയാലും സംഘടന പിളർത്തിയവരെന്ന് പെരുമ്പറയടിച്ചാലും, മുശ്‌രിക്കുകളെന്ന് വിധി നൽകിയാലും അവരുടെയൊക്കെ പിന്നിൽ സസന്തോഷം നമസ്കരിക്കാം! പിന്നെന്താണ് ഒരു തിരുസുന്നത്ത്?

**സലഫുസ്സ്വാലിഹീന്റെ മാതൃക**

മൂന്നാമത്തേത് സഫലുസ്സ്വാലിഹീംകൾ അഥവാ മുൻകഴിഞ്ഞ വരിഷ്ഠാത്മക്കളുടെ പാത പിൻപറ്റലാണ്. ലളിതമായി പറഞ്ഞാൽ സലഫുസ്സ്വാലിഹിംകൾ എന്നതിന്റെ വിവക്ഷിതം തിരുനബിയുടെ തിരുസ്വഹാബാക്കൾതന്നെ.

**എന്താണവരുടെ പാത?**

ചിന്ത അല്പം പോരാ. 1400 വർഷം മുമ്പേയുണ്ടായിരുന്ന ഇസ്‌ലാമിക സമൂഹത്തിലേക്ക് അത് തിരിക്കണം.

നബി(സ)നു കീഴിൽ ഒരൊറ്റ സമൂഹമായി കഴിഞ്ഞിരുന്ന തിരുസഖാക്കൾ നബി(സ)ന്റെ വിയോഗത്തെ തുടർന്ന് തന്നിഷ്ടപ്രകാരം ജീവിക്കാനാണോ വ്യഗ്രത കാട്ടിയത്? ചരിത്രം എന്ത് പറയുന്നു?

നബി(സ) വഫാത്തായ ഉടനെ തിരുസ്വഹാബത്ത് ഒന്നുചേർന്ന് ഹദ്റത്ത് അബൂബക്കർ(റ)നെ ഒന്നാമത്തെ ഖലീഫയായി തിരഞ്ഞെടുത്തു. അവർ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. ഒരു സ്വഹാബിയോട് അതേക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ ഒരുനിമിഷംപോലും നായകനില്ലാതിരിക്കുന്നത് ഇഷ്ടപ്പെടുന്നില്ല' എന്ന്.

അതിന്റെ അഭാവമല്ലേ മുസ്‌ലിം ലോകം ഇന്ന് അനുഭവിക്കുന്നത്?

**എന്താണ് സാൽവേഷൻ?**

നബി(സ) പറഞ്ഞു: ബനീഇസ്റായീൽ 72 ആയി പിരിഞ്ഞു. എന്റെ സമൂഹം 73 ആയി പിരിയും. എല്ലാവരും നരകത്തിലായിരിക്കും ഒന്നൊഴികെ. അതാരാണെന്ന് ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു. ***വഹിയൽ ജമാഅ*** അതൊരു ജമാഅത്തായിരിക്കും. ***മാഅന അലൈഹി വ അസ്ഹാബീ*** ഞാനും എന്റെ സഹാബാക്കളും ഏതുനിലയിലാണോ ആ സ്ഥിതിയിൽ ഉള്ളവരായിരിക്കും. അതാണ് സാൽവേഷൻ! മോചനമാർഗ്ഗം, മോക്ഷവീഥി!

**കാലത്തിന്റെ നാദം**

നബി(സ)ന്റ പ്രവചനമനുസരിച്ച് സമുദായത്തിന്റെ സമുദ്ധാരണത്തിന് നിശ്ചിതസമയത്തുതന്നെ വാഗ്ദത്ത മഹ്ദീ മസീഹായി ഹദ്റത്ത് മിർസ ഗുലാം അഹ്മദ്(അ) നിയോഗിതരായി. ആ മഹാത്മാവ് എല്ലാത്തരം ഭിന്നിപ്പുകളേയും ഇല്ലാതാക്കുന്ന 'ഹകമൻ അദലൻ' നീതിമാനായ വിധികർത്താവാണ്. അദ്ദേഹത്തിലൂടെ വീണ്ടും ***ഖിലാഫത്തുൻ അലാ മിൻ ഹാജിന്നുബുവ്വ***. നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് സംസ്ഥാപിതമായിരിക്കുന്നു.

നബി(സ) പറഞ്ഞു: 'ഇമാം മഹ്ദിയെ കണ്ടെത്തിയാൽ മഞ്ഞിന്മേൽ മുട്ടുകുത്തിയാണെങ്കിലും എന്റെ സലാം അദ്ദേഹത്തിന് എത്തിക്കുക. ഈ വസിയ്യത്ത് മുസ്‌ലിം ഉമ്മത്തിനോടാണ്. മുസ്‌ലിമെന്ന് അഭിമാനിക്കുന്ന ഓരോരുത്തരും അതേക്കുറിച്ച് അന്വേഷിക്കാൻ ബാധ്യസ്ഥരാണ്. രണ്ടായിരം വർഷം മുമ്പേവന്ന ഈസാനബിയേയും കാത്ത് സമയം കഴിക്കുന്നതിൽ അർത്ഥമില്ല.

നബി(സ) പറയുന്നു: "***തൽസമു ജമാഅത്തുൽ മുസ്‌ലിമീന വ ഇമാമഹും***"

നീ ജമാഅത്തുൽ മുസ്‌ലിമീനേയും അവരുടെ ഇമാമിനേയും പിൻപറ്റുക. കാരണം നബി(സ) പറഞ്ഞത് '***മല്ലം യഅ്രിഫു ഇമാമു സമാനിഹീ ഫഖത് മാത മിത്തത്തൻ ജാഹിലിയ്യ***' (ആരാണോ തന്റെ കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാതെ മരിക്കുന്നത് അവൻ ജാഹിലിയ്യത്തിന്റെ മരണം വരിക്കുന്നു.) എന്നാണ്. ഹദ്റത്ത് ഇമാം മഹ്ദി(അ) പറയുന്നു.

''സ്വിദ്ഖ്സെ മേരീ ത്വറഫ് ആവോ ഉസീമേ ഖയർഹേ

ഹൈ ദരിന്ദേ ഹർ ത്വറഫ് മേ ആഫിയാത്ത് കാ ഹും ഹിസ്വാർ"

സത്യസന്ധതയോടെ എന്നിലേക്ക് വരിക. അതിലാണ് നന്മ. ചുറ്റുപാടും ക്രൂരമൃഗങ്ങളാണ്. ഞാൻ സമാധാനത്തിന്റെ കോട്ടയാകുന്നു.

വഖ്ത് ഥാ വഖ്തേ മസീഹാ ന കിസീ ഔർകാ വഖ്ത്

മേം ന ആതാ തോ കോയീ ഔർ ഹി ആയാ ഹോതാ

കാലം മസീഹിന്റേതുതന്നെയാണ്. മറ്റാരുടേതുമല്ല. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ മറ്റാരെങ്കിലും വന്നിട്ടുണ്ടാകുമായിരുന്നു. അതേ, കാലത്തിന്റെ ഇമാമിനെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന് ബയ്അത്ത് ചെയ്ത് ആഗോള ഇസ്‌ലാമിക ശിക്ഷണപ്രബോധ പ്രവൃത്തികളിൽ ഭാഗഭാക്കാകുക. അതിലാണ് സാൽവേഷൻ അഥവാ മോക്ഷം. ●

ലേഖനം

ഉമർ പാറപ്പുറത്ത്

# അൽഖുർആൻ എക്സിബിഷൻ വീണ്ടും

**അ**ഹ്മദിയ്യത്തിന്റെ ത്യാഗോജ്ജ്വലമായ ഉത്ഭവത്തിനും വളർച്ചയ്ക്കും സാക്ഷ്യം വഹിച്ച കണ്ണൂർപട്ടണത്തിലേക്ക് അൽഖുർആൻ എക്സിബിഷൻ വീണ്ടും വന്നെത്തുകയാണ്. പരിശുദ്ധ ജമാഅത്തിന്റെ സുദീർഘമായ ചരിത്രത്തിൽ കണ്ണൂരിനുള്ള സ്ഥാനം ഈ എക്സിബിഷന്റെ പ്രൗഢിയെ കൂടുതൽ പ്രോജ്ജ്വലമാക്കുന്നു. പരിശ്രമത്തിന്റേയും പ്രാർത്ഥനയുടേയും സമ്മിശ്ര സങ്കലനം കൂടുതലായി നേടേണ്ടുന്ന ഈ സംരംഭത്തിനായി അക്ഷരാർത്ഥത്തിൽ കാത്തിരിക്കുകയാണ് കണ്ണൂർ നഗരം.

ബ്രിട്ടീഷ് ഭരണകാലത്ത് ഉത്തരമലബാറിന്റെ സൈനിക-വാണിജ്യ കേന്ദ്രമായിരുന്നു കണ്ണൂർ. ഇന്നത്തെ കണ്ണൂർ നഗരത്തിൽനിന്ന് അല്പമകലെ നില്ക്കുന്ന കണ്ണൂർ സിറ്റിയായിരുന്നു അന്നത്തെ വാണിജ്യസിരാകേന്ദ്രം. കേരളത്തിലെ ഏകമുസ്‌ലിം രാജവംശമായ അറക്കൽസ്വരൂപത്തിന്റെ ആസ്ഥാനവും ഇവിടെത്തന്നെയായിരുന്നു. കണ്ണൂർനഗരം അന്ന് പാളയം എന്ന പേരിലറിയപ്പെട്ട പട്ടാളകേന്ദ്രമായിരുന്നു. ഇവിടെനിന്നും റങ്കൂണിലെത്തിയ ഹദ്റത്ത് അബ്ദുൽ ഖാദിർ കുട്ടി(റഹ്) അഹ്മദിയ്യത്ത് ആശ്ലേഷിക്കുന്നതും കണ്ണൂരിൽ തിരിച്ചെത്തി അഹ്മദിയ്യത്തിന്റെ ആധാരശില സ്ഥാപിച്ചതും പില്ക്കാലത്തെ ചരിത്രമാണ്. കണ്ണൂരിലെ അഹ്മദിയ്യാ ചരിത്രത്തിൽ 1915-ന് വലിയ പ്രാധാന്യമുണ്ട്. ഈ വർഷമാണ് പ്രഭാത് ടാക്കീസിന് അടുത്തുള്ള എഫ്.എൻ. ഈർജിയുടെ ഉടമസ്ഥതയിലുള്ള പഴഞ്ചൻ കെട്ടിടത്തിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാകുന്നു. കളത്തിൽ അബ്ദുല്ലകോയ സാഹിബായിരുന്നു ആദ്യപ്രസിഡന്റ്. പിന്നീട് 1916-ൽ കണ്ണൂർ സിറ്റിയിലെ 'താജ്മഹൽ' ഉദ്ഘാടനം ചെയ്യപ്പെട്ടു. (ഇന്നും കണ്ണൂർ സിറ്റി പള്ളി പഴമക്കാർക്കിടയിൽ താജ്മഹൽ എന്ന പേരിൽതന്നെയാണറിയപ്പെടുന്നത്.) ഇതോടെ വ്യവസ്ഥാപിതമായി ജമാഅത്ത് വളരാൻ തുടങ്ങി. ചുരുക്കത്തിൽ കേരളത്തിൽ ആകമാനമുള്ള അഹ്ദമിയ്യത്തിന്റെ പ്രസരണം നടന്നത് കണ്ണൂരിലൂടെയാണെന്ന് പറയാം.

ഇത്തരമൊരു ചരിത്രശ്ചാത്തലമുറങ്ങുന്ന കണ്ണൂർ നഗരത്തിൽ വീണ്ടും വിരുന്നെത്തുന്ന എക്സിബിഷനിൽ ഖുർആന് ഒട്ടേറെ സവിശേഷതകൾ അവകാശപ്പെടാനുണ്ട്. 1967-ൽതന്നെ ജമാഅത്ത്തലത്തിൽ എക്സിബിഷൻ നടത്തപ്പെട്ടിരുന്നു. എക്സിബിഷൻ അൽഖുർആൻ ഇന്റർനാഷണൽ എന്ന പേരിൽ കോഴിക്കോട് ടൗൺഹാളിലായിരുന്നു ഇതരങ്ങേറിയത്. അക്കാലത്ത് മർഹൂം കെ.പി. അസ്സു സാഹിബായിരുന്നു കോഴിക്കോട് ജമാഅത്ത് പ്രസിഡന്റ്. ഈ സമയത്ത് കോഴിക്കോട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖായിദ് ഈയിടെ നിര്യാതനായ മർഹൂം എ.പി.കുഞ്ഞാമുസാഹിബായിരുന്നു. ഈ സംരംഭത്തിൽ ജനാബ് ആലിക്കോയ സാഹിബ് ശ്രദ്ധേയമായ പങ്കുവഹിച്ചു. പിൽക്കാലത്ത് നടന്ന എക്സിബിഷനുകൾക്ക് പിറകിലുള്ള സുപ്രധാന ചാലകശക്തിയും ഇദ്ദേഹം തന്നെയായിരുന്നു.

1989-ലാണ് നവീനമായരീതിയിൽ ഖുർആൻ എക്സിബിഷൻ അരങ്ങേറുന്നത്. ഡിസ്പ്ലേ ബോർഡുകളിൽ തയ്യാർ ചെയ്ത ഖുർആൻ വാചകങ്ങളും അവയുടെ വ്യാഖ്യാനവും ആയിരങ്ങളെ ആകർഷിച്ചു. ഇതിന്റെ മുഖ്യശില്പി ആലിക്കോയ സാഹിബ് തന്നെയായിരുന്നു. ഉയർന്ന ധിഷണയും ഗവേഷണ ചാതുരിയുമുള്ള ആലിക്കോയസാഹിബിനോടൊത്ത് പി.വി. അഹ്മദ്കോയ സാഹിബ്, കെ.പി. ഹസ്സൻകോയാ സാഹിബ്, കെ.പി. അഹ്മദ് സാഹിബ് എന്നിവർ ചേർന്നപ്പോൾ കേരളത്തിലെ മുസ്‌ലിം ജനത ആദ്യത്തെ ഇസ്‌ലാമിക പ്രദർശനം നേരിട്ട് കണ്ടു. ഏകദേശം ഒരുവർഷത്തോളം നീണ്ടുനിന്ന ബുദ്ധിപരവും ശാരീരികവുമായ അധ്വാനം ഈ പ്രയത്നത്തിന് പിറികിലുണ്ടായിരുന്നു. ഈ പ്രദർശത്തിന് ഉന്നതനിലവാരമുള്ള പശ്ചാത്തല ചിത്രങ്ങൾ മിഴിവ് പകർന്നു. കണ്ണൂർക്കാരായ പുഷ്പൻ, സതീശൻ, ചന്ദ്രൻ മാസ്റ്റർ ദാസൻ തുടങ്ങിയ കലാകാരാന്മാരായിരുന്നു ബോർഡുകളും മാറ്റം ഡിസൈൻ ചെയ്തത്. നൂറിലധികം ബോർഡുകളാണ് ഇതിൽ പ്രദർശിപ്പിക്കപ്പെട്ടത്.

എക്സിബിഷൻ അൽഖുർആൻ പിന്നീട് കേരളത്തിൽ നിരവധി ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രദർശിപ്പിക്കപ്പെട്ടു. വൈജ്ഞാനികമായ ഈ പ്രദർശനത്തിന്റെ അനന്തസാധ്യതകൾ ഇതിലൂടെ കേരളക്കര കാണുകയായിരുന്നു. പഴയങ്ങാടി, തലശ്ശേരി, കണ്ണൂർ, പാലക്കാട്, കോട്ടയം എന്നിങ്ങനെ അനവധി ഇടങ്ങളിൽ എക്സിബിഷൻ അൽ ഖുർആൻ സഞ്ചരിച്ചു. ഹൃദയങ്ങളിൽ സത്യവിശ്വാസം വാരിയെറിഞ്ഞ് ഈ സംരംഭം ഇപ്പോൾ വീണ്ടും കണ്ണൂരിലെത്തുകയാണ്. ഇതിനു മുമ്പേ 2002-ലാണ് കണ്ണൂരിൽ എക്സിബിഷൻ സംഘടിപ്പിക്കപ്പെട്ടത്.

അന്നത്തെ പ്രദർശനത്തിന്റെ ചരിത്രവിജയം ഇപ്പോഴും ആവേശോജ്ജ്വലമായ ഓർമ്മയാണ്. 10 ദിവസങ്ങൾ നീണ്ടുനിന്ന് എക്സിബിഷനിൽ പതിനായിരക്കണക്കിന് ആളുകൾ കടന്നുവന്നു. പതിനായിരക്ക

*പേജ് 28-ൽ*

യാത്രാ
വിവരണം

എ.ക്യു. മഹ്ദി

# ചൈനാ സന്ദർശനവും ആധുനിക ശാസ്ത്രചിന്തകളും

**മൊ**ബൈൽ ഫോൺ റിംഗ് ചെയ്തു. ചെറിയ സ്ക്രീനിൽ തെളിഞ്ഞുവന്നത് മൗലവി സാഹിബിന്റെ പേരും നമ്പറും.

''അസ്സലാമു അലൈക്കും മഹ്ദി സാഹിബ്......''

''വ അലൈക്കും....... '' ശബ്ദം താഴ്ത്തി ഞാൻ സലാം മടക്കി.

''സുഖമല്ലേ?........ വിദേശയാത്രയൊക്കെ കഴിഞ്ഞ് എപ്പോൾ മടങ്ങിയെത്തി...........?''

''ഒരു മാസം മുമ്പ്.....''

''യാത്ര എങ്ങനെയുണ്ടായിരുന്നു? ചൈനയിലെ വിശേഷങ്ങൾ എന്തൊക്കെയാണ്.......?''

ഫോൺ മൗലവി ഇസ്മായിൽ സാഹിബിന്റേതാണ്. കണ്ണൂരിൽനിന്നും.

''നല്ല യാത്രയായിരുന്നു മൗലവി സാഹിബ്.....''



ലേഖകൻ വൻമതിലിനു മുമ്പിൽ

ഔപചാരിക വാക്കുകൾക്കപ്പുറം അദ്ദേഹത്തിന് ഇനിയും എന്തോ ചോദിക്കാനോ പറയാനോ ഉണ്ടെന്ന് തോന്നി.

''എങ്കിൽ സത്യമിത്രത്തിലേക്ക് ഒരു യാത്രാവിവരണം എഴുതിയയച്ചുതരണം. സഞ്ചാരത്തിനിടയിൽ എടുത്ത പ്രധാന ഫോട്ടോകളും വേണം.....''

''തീർച്ചയായും ശ്രമിക്കാം.....'' ഞാൻ സമ്മതം മൂളി. പിന്നേയും പല വിഷയങ്ങളിലൂടെയും ടെലിഫോൺ സംഭാഷണം നീണ്ടുപോയി. പരസ്പരം ദുആക്കപേക്ഷിച്ചുകൊണ്ട് എപ്പോഴോ ഒരിക്കൽ സംഭാഷണത്തിന് തിരശ്ശീല വീണു.

ശരിക്ക് പറഞ്ഞാൽ, സത്യമിത്രത്തിലേക്ക് ഒരു യാത്രാവിവരണം എഴുതാൻ സന്തോഷമേയുണ്ടായിരുന്നുള്ളൂ. എന്നാൽ, ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രത്തിൽ, ആ രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ വിവിധ പ്രവിശ്യകൾ താണ്ടി ഒട്ടാകെ പതിനയ്യായിരത്തിലധികം കിലോമീറ്റർ ദൂരം രണ്ടാഴ്ചകൊണ്ട് സഞ്ചരിച്ചുതീർത്ത എനിക്ക്, ആ സുദീർഘമായ യാത്രയിലെ സംഭവബഹുലമായ അനുഭവവിവരണം കേവലം രണ്ടുമൂന്ന് പേജുകളിൽ ഒതുക്കുക ഒട്ടും പ്രായോഗികമായിരുന്നില്ല. നീണ്ട ഒരു യാത്രാലേഖന പരമ്പര ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്നതിന് ഒരു മാസത്തെ ഇടവേളതന്നെ അല്പം അധികമാണ്. അപ്പോൾ രണ്ടുമാസത്തിലൊരിക്കൽ മാത്രം പുറത്തുവരുന്ന സത്യമിത്രം പോലൊരു ദ്വൈമാസികയുടെ കാര്യമോ, അത് കുറേക്കൂടി വിഷമം പിടിച്ചതാണ്.

സർവ്വശക്തന് നന്ദി; ഒരു എളിയ ലോകസഞ്ചാരിയുടെ നേർത്ത മേലങ്കി അണിയാനുള്ള സൗഭാഗ്യം റബ്ബ് എനിക്ക് നല്കി അനുഗ്രഹിച്ചിട്ടുണ്ട്. ഇന്നോളം സന്ദർശിക്കാൻ ഇടവന്ന 40-ൽ അധികം ലോകരാജ്യങ്ങളിൽ അമേരിക്കയും യൂറോപ്പും, ആഫ്രിക്കയും, അറബിനാടുകളും തെക്കുകിഴക്ക് ഏഷ്യൻ രാഷ്ട്രങ്ങളും പാക്കിസ്ഥാൻ ഒഴികെയുള്ള നമ്മുടെ എല്ലാ അയൽരാജ്യങ്ങളും ഉൾപ്പെടുന്നുവെങ്കിലും കൂട്ടത്തിൽ എന്നെ ഏറ്റവും ആകർഷിച്ച, ഉദ്വേഗജനകവും പഠനാർഹവുമായ നിരവധി പൗരാണിക രഹസ്യങ്ങളുടെ അപൂർവ്വ കലവറ എനിക്ക് മുമ്പിൽ തുറന്നുതന്ന ദേശങ്ങൾ രണ്ടേരണ്ട് മാത്രം; അല്പനാൾ മുമ്പേ സന്ദർശിച്ച ഈജിപ്തും, പിന്നെ സമീപസമയത്ത് യാത്രപോയ ചൈനയും.

ഈജിപ്തിലെ പിരമിഡിനേയും മമ്മികളേയും പറ്റി ഒരു ലേഖനം ഞാനൊരിക്കൽ സത്യമിത്രത്തിന്റെ പഴയ താളുകളിൽ എഴുതിയിട്ടുണ്ട്. മാസികയിൽ അത് പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം മാത്രമാണ് ആ അപൂർവ്വദേശവും തലസ്ഥാനനഗരമായ കെയ്റോയും സന്ദർശിക്കുന്നതുതന്നെ.

''***ഉത്‌ലുബുൽ ഇൽമ വലൗ ബിസ്സ്വീൻ***'' എന്നൊരു നബിവചനമുണ്ട്.

''നിങ്ങൾ ചൈനയിൽ പോയെങ്കിലും അറിവ് നേടുക......'' എന്നാണ് ആ നബിവാക്യത്തിന് അർത്ഥം. ഈ നബിവചനംതന്നെ സഹസ്രാബ്ദങ്ങൾക്ക് മുമ്പേയുള്ള ചൈനാമഹാരാജ്യത്തിന്റെ അത്യസാധാരണമായ സാംസ്കാരിക പൈതൃകത്തേയും സാങ്കേതികവളർച്ചയേയുമാണ് സൂചിപ്പിക്കുന്നത്.

ഈജിപ്തിലെ മമ്മികളുടേയും പിരമിഡുകളുടേയും പൗരാണികത ആകർഷിച്ചത് പോലെയോ അതിനൊരു പടി മേലേയോ എന്നെ വിസ്മയിപ്പിച്ച ഒന്നായിരുന്നു 'ഗ്രേറ്റ്‌വാൾ ഓഫ് ചൈന' അഥവാ ലോകാത്ഭുതങ്ങളിൽ ഒന്നായ 'ചൈനീസ് വൻമതിൽ'.

ഒപ്പം ചൈനയിൽ ഞാൻ ഉദ്വേഗത്തോടെ നോക്കിക്കണ്ട മറ്റൊരു കാഴ്ചസ്ഥലം കൂടിയുണ്ട്. അത് തലസ്ഥാന നഗരമായ ബീജിംഗിനടുത്തുള്ള 'ടിയാനൻമെൻ സ്ക്വയർ' ആണ്. തൽക്കാലം അവ രണ്ടുമാകട്ടെ ഈ ലേഖനത്തിലെ വിഷയങ്ങൾ.

അറബ്‌രാജ്യങ്ങളൊഴികെയുള്ള എന്റെ ഏത് വിദേശയാത്രയിലും അന്നാടുകളിൽ പല മുസ്‌ലിം സഹോദരന്മാരേയും സഞ്ചാരത്തിനിടെ കണ്ടുമുട്ടാൻ ഇടവന്നിട്ടുണ്ട്. അവിടെയൊക്കെ അപൂർവ്വമായെങ്കിലും മുസ്‌ലിംപള്ളികളും കണ്ടിട്ടുണ്ട്. കയറിയിട്ടുമുണ്ട്. യൂറോപ്പിലും അമേരിക്കയിലുംപോലും താമസിച്ചിരുന്ന ഹോട്ടൽമുറിയിൽനിന്നും പുലർച്ചനേരത്ത് പുറത്തിറങ്ങി നിൽക്കേണ്ടിവരുമ്പോൾ പലപ്പോഴും പുറത്തേതെങ്കിലും പള്ളിയിൽനിന്ന് സുബ്ഹി ബാങ്കിന്റെ നേർത്തഅലകൾ ഒഴുകിവരുന്നത് കേൾക്കാനിട വന്നിട്ടുണ്ട്. ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും കൊടികുത്തിവാഴുന്ന ലോകത്തിലെ ഏക ഹിന്ദുരാജ്യമായ നേപ്പാളിൽപോലും നമ്മുടെ അഹ്മദിയ്യാ മസ്ജിദിൽപോയി ഞാൻ നമസ്കാരം നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ, യാദൃശ്ചികമോഎന്തോ ചൈനാദേശത്തുടനീളം യാത്ര ചെയ്തിട്ടും ഞാനൊരു മുസ്‌ലിമിനേയും അവിടെ കണ്ടുമുട്ടിയില്ല, ഒരു പള്ളിയും കണ്ടില്ല, ബാങ്ക് വിളിയുടെ ധ്വനിമുഴക്കവും എവിടെയും കേട്ടില്ല. ഈ പ്രസ്താവനയിലൂടെ ചൈനയിൽ മുസ്‌ലിംകൾ ഇല്ലെന്നാണ് ഞാൻ സൂചിപ്പിക്കുന്നതെന്നും ഓർക്കുക.

ചൈനക്ക് വളരെ പുരാതനമായ ഒരു പൗരാണിക ചരിത്രപ്രാധാന്യമുണ്ട്; ഏകദേശം അഞ്ച് സഹസ്രാബ്ദങ്ങളുടെ.

ലോകമഹാത്ഭുതങ്ങളിൽ ഒന്നായ ചൈനീസ് വൻമതിൽ! ക്രിസ്തുവിന് മുമ്പേ 221-ലാണ് ചൈനയുടെ അഭിമാനസ്മാരകമായ ഈ വൻമതിലിന്റെ നിർമ്മാണ പ്രക്രിയ ആരംഭിക്കപ്പെട്ടത്. പ്രധാനമായും മംഗോളിയരുടെ ആക്രമണങ്ങളെ ചെറുക്കാനാണ് കോട്ടപോലെ ഉറപ്പുള്ള ഈ കൂറ്റൻ ഭിത്തി അവർ നിർമ്മിച്ചത്. മംഗോളിയൻ സൈന്യത്തിലെ കുതിരപട അക്കാലത്ത് ചൈനയ്ക്ക് എന്നും ഭീഷണിയുയർത്തിയിരുന്നു. താൻ പണിയിക്കുന്ന ഈ മതിലിന് ഭൂമിയുടെ ഇരുപതിലൊന്ന് ചുറ്റളവ് വേണമെന്ന് ചക്രവർത്തി ആഗ്രഹിക്കുകയും സാമ്രാജ്യത്തിലെ മൂന്നിലൊന്നാളുകളേയും ഇതിന്റെ നിർമ്മിതിക്കായി നിശ്ചയിക്കുകയും ചെയ്തു. എഴുത്തുകാരും സാംസ്കാരികനായകന്മാരും ഗുമസ്തരും ഉദ്യോഗസ്ഥരും ഡോക്ടർമാരും ശില്പികളും എന്തിന് കുറ്റവാളികളേയും അടിമകളേയുംപോലും മതിലിന്റെ പണിക്കായി രാജാവ് നിയോഗിച്ചു. മഞ്ഞും മഴയും വെയിലുമൊക്കെ സഹിച്ച് ചക്രവർത്തിയുടെ നിർബന്ധത്തിന് വഴങ്ങി അവർ അഹോരാത്രം പണിയെടുത്തു. ഭാഗ്യം, ഇടതുപക്ഷ മാർക്സിസ്റ്റു ഭരണമോ സി.ഐ.ടിയുക്കാരോ പുരാതന ചൈനയിലുണ്ടായിരുന്നില്ല. എങ്കിൽ, ഒരു യൂനിയനുണ്ടാക്കി, സമരക്കൊടി നാട്ടി, ഉടൻതന്നെ വൻമതിലിന്റെ പണി അവർ സ്തംഭിപ്പിക്കുമായിരുന്നു. ലോകത്തിന് സംഭാവന ചെയ്യാനായി ഒരു വൻസ്മാരകം ചൈനയ്ക്ക് നഷ്ടപ്പെടുകയും ചെയ്തേനെ. നീണ്ട നിരവധി വർഷങ്ങളിലെ മതിൽ നിർമ്മിതിക്കായി തീർത്തും നിർബന്ധിതാവസ്ഥയിൽ പണിയെടുക്കേണ്ടിവന്ന ആയിരക്കണക്കിന് ആൾക്കാരുടെ കഠിനമായ അധ്വാനത്തിന്റേയും വിയർപ്പിന്റേയും കൂട്ടായ്മയിൽ കെട്ടിയുയർത്തപ്പെട്ട ആ അമൂല്യനിർമ്മിതി ഇതാ 2200 വർഷം പിന്നിട്ടിട്ടും ആധുനികലോകത്തിന് ഒരത്ഭുതസ്മാരകമായി നിലനില്ക്കുന്നു.

കുന്നും മലയുമൊക്കെ താണ്ടിയാണ് ഈ മതിൽ നിർമ്മിച്ചിരിക്കുന്നതെന്ന് മതിലിന് മുകളിൽ അവിടവിടായി സ്ഥാപിക്കപ്പെട്ടിരുന്ന നിരീക്ഷണഗോപുരങ്ങളിൽ ഒന്നിന്റെ കല്പടവിലിരുന്ന് ഞാൻ കണ്ടു.

ഇരട്ടഭിത്തികളാണ് ഈ മതിലിനുള്ളത്. അവയ്ക്കിടയിൽ വീതിയുള്ള ഒരു റോഡുണ്ട്. ഏഴെട്ടുപേർക്ക് മതിലിനു മുകളിലൂടെ അനായാസം നിരന്നുനടക്കാനാകും. വേണമെങ്കിൽ രണ്ട് കാറുകൾക്കുപോലും വശങ്ങളിലായി സഞ്ചരിക്കാം. പലയിടത്തും പല ഉയരമാണ്. ചിലയിടങ്ങളിൽ അത് പതിനഞ്ചടിയാണെങ്കിൽ മറ്റു ചില സ്ഥലങ്ങളിൽ നാല്പതടിവരെയുണ്ട്. റോഡിന്റെ വീതിയിലുമുണ്ട് വ്യത്യാസം. 12 മുതൽ 35 അടിവരെ.

തെല്ല് ആയാസപൂർവ്വംതന്നെ കുത്തനെ ഉയർന്നുപോകുന്ന കരിങ്കൽപടവുകൾ കിതച്ചു കിതച്ചു കയറി രണ്ട് കിലോമീറ്ററിലധികം ദൂരം ഞാനാ വൻമതിലിനു മേലേ നടക്കുകയും ഫോട്ടോകൾ എടുക്കുകയും ചെയ്തു.

പട്ടാളക്കാർക്ക് കാവൽ നിൽക്കാനായി വൻമതിലിലുടനീളം ഓരോ നൂറു മീറ്ററിലും നിരീക്ഷണ ഗോപുരങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അത്തരം കാൽലക്ഷത്തോളം ഗോപുരങ്ങളാണ് ഒട്ടാകെയുള്ളത്. മതിലിന്റെ മൊത്തം നീളം 2400 കിലോമീറ്ററാണെന്നോർക്കുക. ഏകദേശം ചെന്നൈയിൽനിന്ന് ന്യൂഡൽഹിവരെയുള്ള ദൂരം. ഇതിന്റെ ഇരട്ടി നീളത്തിൽ മതിൽ പണിയാനാണത്രെ അന്ന് ചക്രവർത്തി ആഗ്രഹിച്ചത്.

ചക്രവർത്തിയുടെ മരണാനന്തരം വൻമതിലിന്റെ നിർമ്മാണപ്രവർത്തനം തൽക്കാലത്തേക്ക് നിലയ്ക്കുകയും 400 വർഷത്തിനുശേഷം വീണ്ടും ഇതിന്റെ നീളം കൂട്ടാൻ ശ്രമം നടത്തപ്പെടുകയും ചെയ്തു. ഈ കൂറ്റൻ മതിലിന് ഇന്നത്തെ രൂപം കൈവരുത്തിയത് പിൽക്കാലത്ത് ചൈന ഭരിച്ച മിങ്ങ് ചക്രവർത്തിമാരാണ്.

അനന്തദൂരമുള്ള ഈ മതിലിന്റെ നീളത്തെപ്പറ്റി വ്യത്യസ്തമായ ലോകാഭിപ്രായങ്ങളുണ്ട്. ഇതിന് മൊത്തം 6400 കിലോമീറ്റർ ദൈർഘ്യമുണ്ടെന്നതാണ് അവയിലൊരു വാദഗതി. 1987-ലാണ് യുനെസ്കോ ഇത് ലോകത്തിന്റെ ഒരു പൗരാണികസ്വത്തായി പ്രഖ്യാപിച്ചത്.

മദ്ധ്യകാലഘട്ടത്തിലെ ഏഴു ലോകാത്ഭുതങ്ങളിൽ ഒന്നായി എണ്ണപ്പെടുന്ന ഈ മതിലിന് മറ്റൊരു അപൂർവ്വ ബഹുമതികൂടി അവകാശപ്പെടാനുണ്ട്. ചന്ദ്രനിൽനിന്നും ഭൂമയിലേക്ക് നോക്കിയാൽ നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയുന്ന, മനുഷ്യനിർമ്മിത

മായ ഏകവസ്തു ഇതുമാത്രമാണ്, ഈ വൻമതിൽ. ചൈനാവൻമതിലിനേയും ഈജിപ്തിലെ പിരമിഡുകളേയും പറ്റി ചിന്തിക്കുമ്പോൾ, വിശുദ്ധഖുർആനിലെ ഒരുഭാഗം ഓർമ്മവരുന്നു.

''***അഫലം യസീറു ഫിൽഅർളി ഫയൻദുറൂ കൈഫ കാന ആക്വിബത്തുല്ലദീന മിൻ ഖബ്‌ലിഹിം കാനൂ അക്‌സറ മിൻഹും വ അശദ്ദു ഖുവ്വത്തൻ വ ആസാറൻ ഫിൽ അർളി ഫമാ അഗ്നാ അൻഹും കാനൂ യക്‌സിബൂൻ***" (40:83).

ഇങ്ങനെ അത് വിവർത്തനം ചെയ്യാം. "എന്നാൽ ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ.....? എങ്കിൽ ഇവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കിക്കാണാമായിരുന്നു. അന്നത്തെ അവരാകട്ടെ, ഇവരേക്കാൾ എണ്ണത്തിൽ കൂടുതലും ശക്തിയിലും ഭൂമിയിലെ (അവർ വിട്ടുപോയ) സ്മാരകങ്ങളിലും കൂടുതൽ പ്രബലന്മാരുമായിരുന്നു. എന്നാൽ, അവർ സമ്പാദിച്ചുകൊണ്ടിരുന്നത് അവർക്ക് ഉപകരിച്ചില്ല."

വൻമതിലിനെ തൽക്കാലം കൈവിടാം. ഇനി, ഞാൻ ചൈനയിൽ സന്ദർശിച്ച ടിയാനൻമെൻ സ്ക്വയറിനെപ്പറ്റി രണ്ടുവാക്ക്.

'ടിയാനൻമെൻ' എന്നാൽ 'സ്വർഗ്ഗീയ ശാന്തിയുടെ കവാടം' എന്നാണ് ചൈനീസ് ഭാഷയിൽ അർത്ഥം. രാജഭരണകാലത്തെ നിരവധി പോരാട്ടങ്ങൾക്കും വിപ്ലവകാലത്തെ രക്തരൂഷിത സംഭവങ്ങൾക്കും മൂകസാക്ഷിയായി നിലകൊള്ളുന്ന ഈ ശാന്തികവാടത്തിലാണ് 1989-ൽ ലോകത്തെ മുഴുവൻ ഞെട്ടിച്ച ആ മഹാദുരന്തം അരങ്ങേറിയത്. ചൈനയിലെ കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾ മുഴുലോകത്തിനും മുമ്പിൽ കുറ്റവാളികളായി പ്രഖ്യാപിക്കപ്പെട്ടതും ഈ സംഭവത്തെ തുടർന്നാണ്.

ഭരണാധികാരികളുടെ ജനാധിപത്യ ധ്വംസനത്തിനെതിരെ, ബീജിങ്ങിലെ വിദ്യാർത്ഥിസമൂഹം പ്രതിഷേധം നടത്തിക്കൊണ്ടിരുന്ന കാലം. ടിയാനൻമെൻ സ്ക്വയറിൽ അവർ തടിച്ചുകൂടി. തികച്ചും സമാധാനപരമായ ഒരന്തരീക്ഷമാണ് പ്രതിഷേധത്തിനിടയിലും വിദ്യാർത്ഥിസമൂഹം ആ ചത്വരത്തിൽ കാഴ്ചവെച്ചത്. പ്രതിഷേധ പ്രകടനത്തിന്റെ ഭാഗമായി അവർ അവിടെ ഒരു താൽക്കാലിക പ്രതിമ ഉയർത്താൻ ശ്രമമാരംഭിച്ചു. തികച്ചും പ്രതീകാത്മകമായ ഒരു ബിംബം, അതും താൽക്കാലികമായി മാത്രം സ്ഥാപിക്കാനേ അവർക്കുദ്ദേശ്യമുണ്ടായിരുന്നുള്ളൂ. അമേരിക്കയിലെ സ്വാതന്ത്ര്യകായ പ്രതിമ (Statue of Liberty)യെ അനുസ്മരിപ്പിക്കുന്ന ഒന്നായിരുന്നു വിദ്യാർത്ഥികൾ ഉയർത്താൻ ശ്രമിച്ച പ്രതിമ. അതിന് 33 അടി ഉയരമുണ്ടായിരുന്നു. വിദ്യാർത്ഥികൾ അതിനൊരു പേരും നൽകി. 'ജനാധിപത്യത്തിന്റെ ദേവത' Godess of Democracy.

സമാധാനപരമായി പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടിരുന്ന ഈ വിദ്യാർത്ഥിസമൂഹത്തെ ചൈനീസ് പോലീസ് അതിക്രൂരമായി നേരിട്ടു. സ്വാഭാവികമായും അപ്പോൾ അവിടെ ഒരു സംഘർഷാവസ്ഥ നിലവിൽ വന്നു.

പെട്ടെന്നാണ് ഭരണാധികാരികൾ പട്ടാളത്തിന് അടിയന്തിര നിർദ്ദേശം നൽകിയത്. ഏതുവിധത്തിലായാലും നടപടി എത്ര കിരാതമോ ക്രൂരമോ ആയാലും വിദ്യാർത്ഥികളെ ഭീകരമായി നേരിടുക. എന്തു നടപടിക്കും പട്ടാളത്തിന് തുറന്ന അനുവാദം നൽകപ്പെട്ടപ്പോൾ സൈന്യം ചെയ്തതെന്തെന്നോ, പട്ടാളബാരക്കുകളിൽനിന്നും ഓടിച്ചുകൊണ്ടുവന്ന കൂറ്റൻ മിലിറ്ററി ടാങ്കുകൾ സ്ക്വയറിനു മുമ്പിൽ തടിച്ചുകൂടി സമാധാനപരമായി പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളെ ചതച്ചരച്ചുകൊണ്ട് കടന്നുപോയി. നിരപരാധികളായ നിരവധി വിദ്യാർത്ഥികളുടെ ശവപ്പറമ്പായി മാറി ആ ചത്വരം.

യുദ്ധടാങ്കുകൾ കയറിയിറങ്ങി ചിന്നിച്ചിതറിയ ശവശരീരങ്ങൾ തിരിച്ചറിയാൻപോലും ആവാത്തവിധം വികൃതമായിപ്പോയി. നൂറുകണക്കിന് നിരപരാധികളായ വിദ്യാർത്ഥികളെയാണ് പട്ടാളം കൂട്ടക്കുരുതി ചെയ്തത്. ടിയാനൻമെൻ സ്ക്വയർ അക്ഷരാർത്ഥത്തിൽ ഒരു രക്തക്കളമായി മാറുകയായിരുന്നു.

അതിക്രൂരമായ ഈ നടപടിയിലൂടെ ചൈനയിലെ കമ്മ്യൂണിസ്റ്റ് ഭരണാധികാരികൾ ലോകമനസ്സാക്ഷിയ്ക്ക് മുമ്പിൽ ഇന്നും പ്രതിക്കൂട്ടിലാണ്.

ഒരു മാസികയിലേക്ക് പ്രസിദ്ധീകരണത്തിന് അനുയോജ്യമല്ലെന്നറിഞ്ഞിട്ടും ഞാൻ വിശദമായ എന്റെ ചൈനീസ് യാത്രാവിവരണം തയ്യാറാക്കുകതന്നെ ചെയ്തു. യാത്രയിലെടുത്ത നൂറിലധികം ഫോട്ടോഗ്രാഫുകളും ഒപ്പമുണ്ടായിരുന്നു. ഒരുപക്ഷേ ഇന്നോളം എഴുതപ്പെട്ട എന്റെ എല്ലാ സഞ്ചാരലേഖനങ്ങളേക്കാളും മിഴിവുറ്റതായിരുന്നു തെല്ല് നീണ്ടതെങ്കിലും ഈ രചന. കേരളത്തിലെ ഏറ്റവും വലിയ പുസ്തകപ്രസിദ്ധീകരണശാല അത് പുസ്തകമാക്കാൻ തീരുമാനമെടുത്തു. അതുടൻ പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കാം. അച്ചടിമഷി പുരളാൻ ഒരുങ്ങുന്ന ആ സഞ്ചാരക്കുറിപ്പിലെ ചെറിയ രണ്ട് ചൈനാവിശേഷഭാഗങ്ങൾ മാത്രം അടർത്തിയെടുത്താണ് സത്യമിത്രത്തിനായി നിങ്ങളീ വായിക്കുന്ന ലേഖനം ഞാൻ തയ്യാറാക്കിയത്.

തൽക്കാലം നമ്മുടെ വായനക്കാർക്കായി ഇത്രയും ചൈനാവിശേഷങ്ങൾ പങ്കുവച്ചിട്ട്, ഞാനീ ലേഖനത്തിന്റെ ഗതി തെല്ലൊന്നു മാറ്റുകയാണ്, വിഷയവും. ഒരു ഖുർആൻ വാക്യത്തിൽ തുടങ്ങട്ടെ.

"***വ ഇൻമ്മിൻ ശയ്ഇൻ ഇല്ലാ ഇൻദനാ ഖസാഇനുഹു വമാ നുനസ്സിൽഹു ഇല്ലാ ബി ഖദ്‌രിൻ മ്മഅ്ലൂം***" ഇങ്ങനെ അത് പരിഭാഷപ്പെടുത്താം.

"ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല" (15:22).

വിശുദ്ധഖുർആന്റെ വിഷയങ്ങൾ അവസാനിക്കാത്തതുപോലെ മാനവരാശിയുടെ ഭാവി ആവശ്യങ്ങൾക്കായി അനന്തമായ ഖജനാവുകൾ അല്ലാഹു സമയാസമയങ്ങളിൽ നൽകിക്കൊണ്ടുമിരിക്കുന്നു. ഇന്ധനത്തിന്റെ കാര്യം തന്നെയെടുക്കാം. വിറക് കഴിഞ്ഞാൽ നാം എന്തു ചെയ്യുമെന്ന ചിന്ത ഒരുകാലത്ത് മനുഷ്യനെ അലട്ടിയിരുന്നു. കൽക്കരി കണ്ടെടുക്കപ്പെ

ട്ടു. അതും തീർന്നാൽ എന്ത് എന്നുള്ള ആധിയായി പിന്നീട്. പെട്രോളിന്റെ വരവായി. പെട്രോളിയം ഉൽപന്നങ്ങളുടെ ശേഖരം തീർന്നാൽ എന്തുചെയ്യും എന്ന ചിന്തയും നമ്മെ വേട്ടയാടാൻ തുടങ്ങുന്നു. എന്നാൽ, ഭൂമിയിലുള്ള എണ്ണനിക്ഷേപം തീരുന്നതിനു മുമ്പേ തന്നെ ഉറവവറ്റാത്ത മറ്റൊരു ഊർജ്ജസ്രോതസ്സിലേക്ക് മാനവശ്രദ്ധയെ അല്ലാഹു തിരിച്ചുവിട്ടു. അതാണ് അറ്റോമിക് എൻർജി. മനുഷ്യൻ ഈ ഊർജ്ജത്തെ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിൽ വിജയിക്കുകയും ഇതിന്റെ ദോഷവശങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള ഉപായം തേടുകയുമാണെങ്കിൽ ഈ ഊർജ്ജകലവറ മാനവരാശിയുടെ ആത്മീയനിലനിൽപ്പിനുള്ള വിശുദ്ധഖുർആനെപോലെ ലോകാവസാനംവരെ അവന്റെ ഭൗതികമായ നിലിൽപ്പിനാവശ്യമായ അത്ഭുതകരമായ ഒരു അക്ഷയഖനി ആകുമെന്നതിൽ സംശയമില്ല.

പെട്രോളിയം ഇന്ധനമുപയോഗിച്ച് ചലിപ്പിക്കാവുന്ന എഞ്ചിനുകൾ മനുഷ്യൻ കണ്ടുപിടിക്കുന്ന കാലത്ത് ലോകത്തുള്ള എണ്ണശേഖരത്തിലേക്ക് മാനവശ്രദ്ധ തിരിയുന്നതു നാം കണ്ടു. അതുപോലെ പ്രപഞ്ചത്തിലുള്ള വിഭവങ്ങൾ മനുഷ്യർ പ്രയോജനപ്പെടുത്താൻ പ്രാപ്തരാവുന്നതിനനുസരിച്ച് അല്ലാഹു അത് ലോകത്തിന് നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. യഥാസമയം അവ കണ്ടുപിടിക്കപ്പെടും; വിജയകരമായി വെളിപ്പെടുകയും ചെയ്യും. അത്തരം അത്യാധുനിക കണ്ടുപിടിത്തങ്ങളുടെ അത്ഭുതഭാവം, കുറേക്കാലത്തേക്ക് അവിശ്വസനീയമായി തോന്നുമ്പോൾ പാമരനായ മനുഷ്യൻ ആദ്യം അത് ദൈവത്തിന് നിരക്കാത്തതാണെന്നും, പ്രകൃതിക്ക് വിരുദ്ധമാണെന്നും കുറ്റപ്പെടുത്തിയേക്കാം. ഭൂമി ഉരുണ്ടതാണെന്ന് ആദ്യമായി പ്രസ്താവിച്ചവരെ ക്രൂരമായി തടവിലാക്കിയ ലോകസമൂഹമാണ് ഭൂതകാലത്തുണ്ടായിരുന്നത്.


മാഗ്നറ്റിക് ട്രെയിൻ - മാഗ്‌ലെവ് (വേഗം 430 കി.മീ.)

ഞാൻ മറ്റൊരു വിഷയത്തിലേക്ക്, ചിന്തയിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോവുകയാണ്.

ഈ ഇരുപതാം നൂറ്റാണ്ടിൽ, അത്യസാധാരണമായ ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ ഔന്നത്യത്തിനു നടുവിലാണ് നാമിന്ന് ജീവിക്കുന്നത്; അതെ, സ്പേസ് യുഗത്തിൽ. ചന്ദ്രഗ്രഹത്തിൽവരെ മനുഷ്യന്റെ കാല്പ്പാദം പതിഞ്ഞുകഴിഞ്ഞു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ചെറിയൊരു സംഭവമുണ്ടാകുന്നു. കുറേ പത്രപ്രവർത്തകർ അന്നത്തെ ചില ഗവേഷകരേയും സാങ്കേതികപ്രതിഭകളേയും, ശാസ്ത്രജ്ഞന്മാരേയും സമീപിച്ച് ശാസ്ത്രസാങ്കേതികവിഷയങ്ങളുടെ ഭാവിയെപ്പറ്റി ഒരു പ്രവചനം നടത്താമോ എന്നാരാഞ്ഞു. പലരും അത്തരമൊരു വിഷയത്തെപ്പറ്റി പ്രവചനത്തിനൊന്നും തുനിയാതെ, ബുദ്ധിപൂർവ്വം പിൻമാറിക്കളഞ്ഞു. എന്നാൽ, അവരിൽ ചിലർ അപ്പോൾ സ്വയം തോന്നിയ ചില അനവസര പ്രവചനങ്ങൾ നടത്തുകയും അതിലൂടെ സ്വജീവിതകാലത്തുതന്നെ ഇളിഭ്യരായിത്തീരുകയും ചെയ്തു. കണ്ടുപിടിക്കാവുന്നതൊക്കെ ഇതിനകം നടന്നുകഴിഞ്ഞുവെന്നും ഇനി കാര്യമായി യാതൊന്നും ഭൂലോകത്ത് അവശേഷിക്കുന്നില്ല എന്നുമാണ് അവർ പ്രവചിച്ചത്. ഈ പ്രസ്താവന അവർ നടത്തിയത്, ശൂന്യാകാശ യാത്രയും, ലേയ്സറും, ഹൃദയം/തലച്ചോർ മാറ്റിവയ്ക്കൽ സമ്പ്രദായവും, സൂപ്പർസോണിക് യാത്രാവിമാനങ്ങളും ഒക്കെ, ഭൂമിയിൽ കണ്ടുപിടിക്കപ്പെടുന്നതിനു മുമ്പേയാണെന്നോർക്കണം. ശരിക്കും അന്നവർ പറഞ്ഞത് അനവസരത്തിലുള്ള പ്രവചനവും വിഡ്ഢിത്തവുമായിപ്പോയെന്ന് പിൽക്കാലത്തെ നിരവധി ശാസ്ത്രസാങ്കേതിക നേട്ടങ്ങളുടെ പട്ടിക വിലയിരുത്തുന്നു.

ഇനി നാമിന്ന് ജീവിക്കുന്ന ആധുനികയുഗമെന്ന സങ്കൽപ്പത്തിനുശേഷമുള്ള ഭാവിലോകത്തെപ്പറ്റി നമുക്ക് ചിന്തിക്കാം. വർത്തമാനകാലത്ത് നിലവിലുള്ള നാനോടെക്നോളജി കഴിഞ്ഞാൽ പിന്നീട് ഭാവിയിൽ നമ്മുടെ ജീവിതരീതിയിലും മറ്റും വ്യാപകമായ മാറ്റം വരുത്താൻ പോകുന്നത് ബയോണിക് ടെക്നോളജി അഥവാ ബയോണിക് സാങ്കേതികവിദ്യയാണ്.

എന്താണീ ബയോണിക് സാങ്കേതികവിദ്യ. ജീവശാസ്ത്രഗവേഷണരംഗത്ത് കൈവരിച്ച നേട്ടങ്ങളെ വ്യാവസായിക ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനെ ബയോണിക് ടെക്നോളജി എന്നു പറയുന്നു. 1970-കളിൽ ജനിതക എഞ്ചിനീയറിംഗ് മേഖലയിൽ ഉണ്ടായ വികാസവും ജീവനുള്ള മനുഷ്യനിർമ്മിതമായ സൂക്ഷ്മാണുജീവികൾ പേറ്റന്റ് ചെയ്യപ്പെടാമെന്ന അമേരിക്കൻ സുപ്രീംകോടതിവിധിയും ഈ പഠനശാഖയുടെ വികാസവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

മേലെഴുതിയ പദപ്രയോഗങ്ങളിലെ ഗഹനതയും അവയിലൂറിനിൽക്കുന്ന ദുരൂഹതയും വായനക്കാരിൽ സൃഷ്ടിക്കുന്ന അവ്യക്തത തെല്ലൊന്നു ലഘൂകരിക്കാൻ അടുത്ത വരികളിലൂടെ ശ്രമം നടത്തുകയാണ്.

ചെറിയൊരു ഉദാഹരണത്തിലൂടെ ആ കാര്യം വ്യക്തമാക്കാം. ആരോഗ്യം കുറവായ അബലയായ ഒരു സ്ത്രീയ്ക്ക് തടിമാടനായ ഒരു സുമോഗുസ്തിക്കാരനെ നേരിടാനും കീഴ്പ്പെടുത്താനും ഇന്നത്തെ

അവസ്ഥയിൽ കഴിയുമോ? തീർച്ചയായും കഴിയില്ല എന്നാവും നാം പറയുക.

എന്നാൽ, അതിനു കഴിയുമെന്ന് ശാസ്ത്രം പറയുന്നു. ഇന്നല്ല, നാളെ. ഭാവിയിൽ വികസിക്കാനൊരുങ്ങുന്ന ബയോണിക് ടെക്നോളജിയിലൂടെ അത് സാധിതപ്രായമാകുമെന്ന് ശാസ്ത്രം ഉറപ്പുപറയുന്നു. അധികകാലം അതിനായി കാത്തിരിക്കയും വേണ്ടത്രെ.

മനുഷ്യസൃഷ്ടിയുടെ കാര്യത്തിൽ സ്രഷ്ടാവ് അത്യത്ഭുതകരവും അസാധാരണവുമായ ഒരു സാങ്കേതികവിദ്യയാണ് പ്രയോഗിച്ചിരിക്കുന്നത്. ആധുനിക ശാസ്ത്രജ്ഞന്മാർപോലും ദൈവത്തിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നത് ഈ സാഹചര്യത്തിലാണ്. ഈ സമയത്ത് അവർ സ്വന്തം യുക്തിവാദങ്ങൾ കണ്ടില്ലെന്ന് നടിക്കും. ദൈവമില്ലെന്ന് വാദിക്കുന്നവർ പോലും അത്ഭുതഭാവത്തോടെ ആ വിശ്വാസത്തെ വിസ്മരിക്കാൻ ശ്രമിക്കും. ഏതോ ഒരു അജ്ഞാതശക്തിയുടെ പിൻബലം അത്ഭുതകരമായ ഈ സൃഷ്ടികർമ്മത്തിന് പിന്നിലുണ്ടെന്ന് പരസ്യമായല്ലാതെതന്നെ ആ നാസ്തികർപോലും സമ്മതിച്ചുപോകും.

മനുഷ്യശരീരം ശരിക്കും ഒരു കംപ്യൂട്ടർ നിയന്ത്രിത യന്ത്രത്തിന് സമാനമാണ്. ഇത് എല്ലാ ജീവശാസ്ത്രജ്ഞന്മാരം അടിയുറച്ചു വിശ്വസിക്കുന്ന കാര്യവുമാണ്. അത് ശരിയാണെന്ന് നമുക്കുമറിയാം.

തലച്ചോറാണ് മനുഷ്യശരീരയന്ത്രത്തിന്റെ കംപ്യൂട്ടർ. ഇന്നത്തെ സാധാരണ മനുഷ്യശരീരമെന്ന യന്ത്രത്തെ ഉരുക്കും ടൈറ്റാനിയവും കാർബൺ ഫൈബറും ഒക്കെ ഉപയോഗിച്ച് വൻശക്തിയുള്ള ഒരു പുതിയ കവചമാക്കി മാറ്റുകയും അതിന് പ്രവർത്തിക്കാനാവശ്യമായ സന്ദേശങ്ങൾ തലച്ചോർ എന്ന കംപ്യൂട്ടറിൽനിന്നും നേരിട്ട് നൽകുകയും ചെയ്താൽ, നമുക്കോരോരുത്തർക്കും ഒന്നിലധികം ബൽഡോസറുകളുടെ ശക്തിയുള്ള മനുഷ്യനായി മാറാൻ കഴിയുമെന്ന് ശാസ്ത്രം പറയുന്നു. മേൽസൂചിപ്പിച്ച ബയോണിക് ടെക്നോളജിയുടെ ഭാവിവാഗ്ദാനവും ഇതുതന്നെയാണ്. അബലയായ സ്ത്രീക്ക് സുമോഗുസ്തിക്കാരനെ നിലംപരിശാക്കാം എന്ന് പറഞ്ഞതിന്റെ പിന്നിലുള്ളതും മറ്റൊന്നുമല്ല.

ശാസ്ത്രവും സാങ്കേതികവിദ്യയും ഒത്തുചേർന്ന് കഴിഞ്ഞ നൂറ്റാണ്ടിൽ വരുത്തിയ ആകെ മാറ്റങ്ങളുടെ രണ്ടിരട്ടിയിലധികം പുരോഗതി, 21-ാം നൂറ്റാണ്ടിന്റെ ആദ്യത്തെ 20 വർഷങ്ങൾക്കുള്ളിൽമാത്രം ഉണ്ടാകുമെന്ന് വിലയിരുത്തപ്പെടുന്നു. വ്യക്തമായി പറഞ്ഞാൽ മാറ്റത്തിന്റെ ഈ കൊടുങ്കാറ്റ് 2020-നകം ലോകത്ത് വീശിയകലും. വീണ്ടും അതിനടുത്ത 20 വർഷങ്ങൾക്കുള്ളിൽ, അതായത്, 2040-നകം ഉണ്ടാകാൻപോകുന്ന പരിവർത്തനങ്ങളാകട്ടെ, പ്രപഞ്ചോൽപ്പത്തി മുതൽ ഇന്നുവരെയുണ്ടായിട്ടുള്ളതിന്റെ അഞ്ചിരട്ടിയെങ്കിലും അധികമായിരിക്കും. സാധാരണക്കാരായ നമുക്ക് പലർക്കും അജ്ഞാതമായ വേഗത്തിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ലോകമെമ്പാടും ഇന്ന് അരങ്ങുതകർത്തുകൊണ്ടിരിക്കുന്നു.

ആധുനികനേട്ടങ്ങളെപ്പറ്റി ചെറുതായി ഇങ്ങനെ വിലയിരുത്താം. ഇന്ന് കേവലം 500 രൂപക്ക് വിമാനയാത്ര, പ്രതിമാസം 200 രൂപക്ക് സെൽഫോൺ, പതിനായിരം രൂപക്ക് ആധുനിക കംപ്യൂട്ടർ, കേരളത്തിലിരുന്നുകൊണ്ട് അമേരിക്കയിൽ ജോലിചെയ്യാം, അങ്ങകലെ ഇറാഖിൽ നടക്കുന്ന ബോംബിംഗ് ഇവിടെ ഊൺമേശയ്ക്കരികിലിരുന്ന് ലൈവായി കാണാം, ചാവക്കാട്ടുള്ള രോഗിയെ ചിക്കാഗോയിലിരിക്കുന്ന ഡോക്ടർ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുക, ഗർഭിണിയായ ഭാര്യയുടെ സ്കാനിംഗ് കൊല്ലത്ത് നടക്കുമ്പോൾ പിറക്കാത്ത കുഞ്ഞിനെ അതിന്റെ അച്ഛൻ കുവൈത്തിലിരുന്ന് കണ്ട് സായൂജ്യമടയുക. അങ്ങനെ ആധുനിക ടെക്നോളജിയുടെ അലകൾ നമ്മുടെ തീരത്തേയും തഴുകിത്തുടങ്ങിയിരിക്കുന്നു.

കഷ്ടിച്ച് മൂന്നുമാസം മുമ്പേ ദുബായിൽവെച്ച് ഞാൻ യാത്ര ചെയ്യാൻ ഇടവന്ന BMW കാറിന്റെ ഡാഷ്ബോർഡിൽ ഉറപ്പിച്ചിരുന്ന ചെറിയ സ്ക്രീനിൽ, അപ്പോൾ വാഹനം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഭൂപ്രദേശത്തിന്റെ വ്യക്തമായ ഒരു മാപ്പ് (ഭൂപടം) തെളിഞ്ഞുകണ്ടു. കാറിന്റെ ചലനത്തിനൊത്ത് ആ ഭൂപടചിത്രവും, റോഡിന്റെ സ്കെച്ച് പൊസിഷനും സ്ക്രീനിൽ മാറിക്കൊണ്ടിരുന്നു. യാത്ര തുടരുന്ന സ്ട്രീറ്റിന്റെ പേര് അപ്പപ്പോൾ ആ കൊച്ചുമോണിറ്ററിൽ എഴുതിക്കാണിക്കപ്പെട്ടു. പോകുന്ന റൂട്ടിന്റെ പൂർണ്ണ വിവരങ്ങളും.

ഉദാഹരണത്തിന് കണ്ണൂരിൽനിന്നും കാസർഗോഡ് ഭാഗത്തേക്ക് പോകുന്ന കാറിന്റെ സ്ക്രീനിൽ അടുത്തെത്തുമ്പോൾ വളപട്ടണം പാലവും, പാലത്തിന് ഇരുഭാഗത്തും നീലനിറത്തിൽ പുഴയിലെ വെള്ളത്തിന്റെ സൂചനയും കാണപ്പെടുന്നുവെന്ന മാതിരി. തളിപ്പറമ്പിലേക്കുള്ള വഴിദൂരവും പയ്യന്നൂർക്കെത്താൻ വേണ്ട സമയവുമൊക്കെ എഴുതിക്കാണിക്കപ്പെടുന്നു. കടന്നുപോകുന്ന വഴിയിൽ വരാൻപോകുന്ന പ്രധാന ഹോട്ടലുകളുടേയും, പെട്രോൾബങ്കുകളുടേയും ആശുപത്രികളുടേയുമൊക്കെ വിവരവും മുൻകൂട്ടി അറിയാം. കോഴിക്കോടുനിന്ന് പുറപ്പെടുന്നയാൾക്ക് ബേപ്പൂരേക്ക് എത്ര കിലോ മീറ്റർ ഓടിക്കണമെന്ന് സ്ക്രീൻ പറഞ്ഞുതരും. ട്രാഫിക്ക് പോയിന്റിൽ വഴി തെറ്റിപ്പോയെന്നിരിക്കട്ടെ, മുൻകൂട്ടി പ്രോഗ്രാം ചെയ്തുവെച്ചിട്ടുണ്ടെങ്കിൽ ചെറിയ ഒരു ബീപ്പ് ശബ്ദം മുഴക്കി കംപ്യൂട്ടർ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകി യഥാർത്ഥ വഴി പറഞ്ഞുതരുന്നു.

എനിക്കും നിങ്ങൾക്കും ഇത് അത്ഭുതകരമായി തോന്നിയേക്കാം. ഇവയൊക്കെ ദുബായിലെ കാറിൽ സാറ്റ്ലൈറ്റിലൂടെ (ഉപഗ്രഹം), മുൻകൂട്ടി പ്രോഗ്രാം ചെയ്തെടുക്കുന്ന കംപ്യൂട്ടറൈസ്ഡ് നാവിഗേഷൻ സിസ്റ്റത്തിലൂടെയാണ് പ്രവർത്തിക്കുന്നതെന്നും ഡ്രൈവ് ചെയ്തുകൊണ്ടിരുന്ന മകൻ വിശദീകരിച്ചുതന്നപ്പോൾ അത്ഭുതംകൊണ്ട് കണ്ണുകൾ വികസിച്ചുപോയി.

നമ്മുടെ നാട്ടിൽ തൽക്കാലം ഇനിയും എത്തിയിട്ടില്ലാ ഈ ടെക്നോളജിയെങ്കിലും ഇവയ്ക്കുമപ്പുറത്തുള്ള സാങ്കേതികവിദ്യയുടെ വളർച്ച നാമറിയാതെ ലോകമെമ്പാടും നടന്നുകൊണ്ടിരിക്കുന്നു.

വിവാഹക്കമ്പോളം ഇന്ന് കംപ്യൂട്ടറിലൂടെയല്ലേ വധുവിനേയും വരനേയും തേടിയെത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും തഥൈവതന്നെ. ആയിരക്കണക്കിന് ഇഷ്ടഗാനങ്ങൾ രേഖപ്പെടുത്തി ഇഷ്ടമുള്ളപ്പോൾ അവ കേൾക്കാനുള്ള സംവിധാനംകൂടിയുള്ള സെൽഫോൺ, അപകടകരമായ വളവിലോ തിരിവിലോ അതിവേഗത്തിൽ സഞ്ചരിക്കുന്ന കാറിന്റെ നിയന്ത്രണം നിങ്ങളിൽനിന്ന് തൽക്കാലത്തേക്ക് ഏറ്റെടുത്ത് സുരക്ഷിതത്വമുറപ്പാക്കുന്ന കംപ്യൂട്ടർ സംവിധാനം, തന്റെ അരികിലിരിക്കുന്ന പുരുഷന്റെ ചിന്ത അപകടകരമായേക്കാവുന്ന ദിശയിലേക്ക് തിരിഞ്ഞാൽ അത് മനസ്സിലാക്കി പെൺകുട്ടിക്ക് മുന്നറിയിപ്പ് നൽകുന്ന മൊബൈൽഫോൺ, മഴ ചാറിത്തുടങ്ങിയാൽ താനെ പ്രവർത്തിക്കുന്ന കാർ വൈപ്പർ, പ്രഭാതകൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ മെഡിക്കൽലാബിൽ സാധാരണ നടത്താറുള്ള എല്ലാ ക്ലിനിക്കൽ പരിശോധനകളും നടത്തി നിങ്ങളുടെ ഡോക്ടർക്ക് ഇമെയിൽ ചെയ്യുന്ന ടോയിലറ്റ്– ഇവയൊക്കെ ഇപ്പോൾ വാർത്തയല്ലാതായിരിക്കുന്നു.

എന്നാൽ, നാളത്തെ മാറ്റങ്ങളാണ് നമുക്ക് നടുക്കമുണ്ടാക്കാൻ പോന്നവ.

അവയെന്തൊക്കെ.......? നേരത്തെ സൂചിപ്പിച്ചുവല്ലൊ, പ്രപഞ്ചോൽപ്പത്തി മുതൽ ഇന്നോളമുണ്ടായിട്ടുള്ള സാങ്കേതികനേട്ടങ്ങളുടെ അഞ്ചിരട്ടിയാണ് അടുത്ത മൂന്നു പതിറ്റാണ്ടിനകം നമ്മെ കാത്തിരിക്കുന്നതെന്ന്.



ഒരു ബുദ്ധ ക്ഷേത്രം

ഗർഭം സ്വന്തം ശരീരത്തിൽ ചുമക്കുന്നതിനു പകരം വീട്ടിലെ തീൻമേശയിലിരിക്കുന്ന ഒരു കംപ്യൂട്ടർ നിയന്ത്രിത അക്വേറിയത്തിൽ ഭ്രൂണം വളർത്തിയെടുക്കാനാവുന്ന സമ്പ്രദായം അധികം താമസിയാതെ നിലവിൽ വരും. കുഞ്ഞുങ്ങളെ പ്രസവിച്ച് മുലയൂട്ടി വളർത്തിയെടുക്കാൻ യത്നിക്കേണ്ട. പുതുജീവന്റെ ആരംഭം വൃത്തിയുള്ള പരീക്ഷണശാലകളിൽ മൈക്രോസ്കോപ്പ് നിരീക്ഷണത്തിൽ കംപ്യൂട്ടറുകളുടെ മേൽനോട്ടത്തിൽ നടക്കും. മാത്രമല്ല, ഇങ്ങനെ ജന്മം നേടുന്ന കുട്ടിയുടെ നിറവും, സൗന്ദര്യവും, ഉയരവും, മൂക്കിന്റെ ഷെയ്പ്പും, പുരികത്തിന്റെ വളവും വരെ മുൻകൂട്ടി തീരുമാനിക്കാൻ ഉമ്മഉപ്പമാർക്ക് സാധിക്കും.

പ്രജനനത്തിനു വേണ്ടിയുള്ള ലൈംഗികവേഴ്ച പുരുഷന് നൈമിഷികമായ സുഖം തരുന്ന രസമുള്ള പരിപാടിയാണ്. എന്നാൽ ആ നിമിഷം മുതൽ തന്റെ ജീവിതരീതി മുഴുവൻ മാറ്റിമറിക്കുന്ന അതിവിപുലമായ ഒരു ഭാരം ചുമക്കാനാണ് സ്ത്രീയുടെ വിധി. ഉദരത്തിൽ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഭ്രൂണം അത് ചുമക്കുന്ന സ്ത്രീക്ക് ആലസ്യവും ക്ഷീണവും തരുന്നുവെന്ന് മാത്രമല്ല, അവളുടെ ശാരീരിക സൗന്ദര്യം താൽക്കാലികമായി നഷ്ടപ്പെടുകയും ശരീരത്തിന്റെ ആകൃതിതന്നെ മാറുകയും ചെയ്യുന്നു. അവൾക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാനോ, ഇഷ്ടമുള്ളിടത്ത് പോകാനോ ഇഷ്ടഭക്ഷണം കഴിക്കാനോ മാസങ്ങൾ തന്നെ കാത്തിരിക്കേണ്ടിവരും. യഥാർത്ഥത്തിൽ സ്ത്രീ അബല എന്ന പേര് അർഹിക്കുന്നത് ഈയവസരത്തിലാണ്. ഇത്, പ്രകൃതിതന്നെ സ്ത്രീയോട് കാട്ടുന്ന ഒരനീതിയെന്ന് വ്യാഖ്യാനിക്കപ്പെടുമെങ്കിൽ ഈ നീതികേട് പരിഹരിക്കാൻ ഒരു ആധുനിക ടെക്നോളജി ശാസ്ത്രം മനുഷ്യവർഗ്ഗത്തിനായി ഒരുക്കിയിരിക്കുന്നു. അതാണ് ശരീരത്തിന് വെളിയിൽ വെക്കാവുന്ന ഗർഭപാത്രം. കാഴ്ചയിൽ ഇതൊരു മൈക്രോവേവ്ഓവൻ പോലെയോ, അലങ്കാര മത്സ്യങ്ങളെ വളർത്തുന്ന അക്വേറിയം പോലെയോ ഇരിക്കും. മേശപ്പുറത്ത് ഒഴിഞ്ഞ ഒരു സ്ഥലത്ത് ഇത് ഭദ്രമായി വയ്ക്കാം. ഫെർട്ടിലൈസേഷൻ കഴിഞ്ഞ അണ്ഡത്തെ ഡോക്ടർക്ക് ഇതിൽ നിക്ഷേപിക്കാം. കൃത്രിമ ഗർഭപാത്രത്തിൽ ഈ ഭ്രൂണം കഴിയുന്നത് ഒരു ദ്രാവകത്തിലാണ്. ഒരു വ്യത്യാസം മാത്രം, കൃത്രിമ ഗർഭപാത്രത്തിലുള്ള ദ്രാവകത്തിന്റെ താപനിലയും ഘടനയും ഒക്കെ അളക്കാൻ നിരവധി സെൻസറുകളുണ്ട്. ഓരോ സെൻസറും ഗ്രഹിക്കുന്ന കാര്യങ്ങൾ വിദ്യുത്തരംഗമായി ഒരു കംപ്യൂട്ടറിന്റെ മസ്തിഷ്കത്തിലേക്ക് അപ്പപ്പോൾ പോയ്ക്കൊണ്ടിരിക്കും. ഭ്രൂണത്തിന്റെ വളർച്ചക്ക് സഹായകരമല്ലാത്ത എന്തെങ്കിലും പ്രവണതകണ്ടാൽ കംപ്യൂട്ടർ ഉടൻ അത് മനസ്സിലാക്കും. ഉടൻതന്നെ മറുമരുന്ന് കണ്ടെത്തി പൂർവ്വസ്ഥിതി കൈവരുത്തുവാനുള്ള ലായനികൾ കൃത്യമായ അളവിൽ ഈ കൃത്രിമ ഗർഭപാത്രത്തിലേക്ക് പമ്പു ചെയ്യുന്നു.

ചുരുക്കിപ്പറഞ്ഞാൽ, ഗർഭിണിയായ മാതാവ് പട്ടിണി കിടക്കുകയോ, ഭർത്താവുമായി കലഹിച്ച് വിഷം കഴിക്കുകയോ ചെയ്താൽപോലും ഗർഭപാത്രത്തിൽ സംഭവിക്കുന്ന കുഴപ്പങ്ങളൊന്നും കൃത്രിമഗർഭപാത്രത്തിലെ ഭ്രൂണത്തിന് അനുഭവിക്കേണ്ടിവരില്ല. അമ്മയ്ക്ക് തന്റെ ശരീരത്തിന്റെ മനോഹാരിത നിലനിർത്തിക്കൊണ്ടു തന്നെ ഇഷ്ടമുള്ളിടത്ത് പോകാനോ ഇഷ്ടമുള്ളത് ചെയ്യാനോ സാധിക്കും. ഏതു ജൽസയിലും ആഘോഷപരിപാടിയിലും സ്ത്രീക്ക് പങ്കെടുക്കാം. തന്റെ ഗർഭം വീട്ടിലെ ഡൈനിംഗ്ടേബിളിലെ കണ്ണാടിപെട്ടിയിൽ വെച്ചിട്ട് സ്ത്രീക്ക് വിദേശയാത്ര പോലും ചെയ്യാം.

ഇതൊക്കെ ശാസ്ത്രം ഇന്ന് ഭാവനയിൽ കാണുന്ന സ്വപ്നങ്ങളാണ്. ഇത്തരം സ്വപ്നങ്ങളൊക്കെ ആധുനികകാലത്ത് ഒന്നൊന്നായി പൂർത്തിയായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവയൊക്കെ നേരിൽ കാണാൻ അടുത്തതലമുറവരെ കാത്തിരിക്കേണ്ടതില്ല, വർത്തമാനകാലത്തുതന്നെ ഇത് സംഭവിക്കുമെന്നതിൽ സംശയമേ വേണ്ടെന്ന് ശാസ്ത്രം ആണയിട്ട് പറയുന്നു.

സ്ത്രീസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ഒരു ടെക്നോളജിയായിരിക്കും കൃത്രിമ ഗർഭപാത്രത്തിന്റേതെന്ന് ശാസ്ത്രം പറയുമ്പോൾ ജാപ്പാനീസ് ശാസ്ത്രജ്ഞർ ഇത് വളരെ വിജയകരമായി ഇതിനകംതന്നെ വികസിപ്പിച്ചെടുത്തിരിക്കുന്നു. വൈകാതെ കൃത്രിമ ഗർഭപാത്രവും സൂപ്പർമാർക്കറ്റിലെ ഷെൽഫുകളിൽ സ്ഥാനം പിടിച്ചിരിക്കും. ഒരുപക്ഷേ വിവാഹസമ്മാനമായിത്തന്നെ മിക്ക വധുക്കൾക്കും ഒരു ജാപ്പാനീസ് കൃത്രിമ ഗർഭപാത്രം കിട്ടിയേക്കാവുന്ന കാലം അതിവിദൂരമല്ല.



ബീജിങ്ങിലെ ഒരു ഫ്ളൈഓവറിൽ നിന്നുള്ള ദൃശ്യം

പ്രസവശുശ്രൂഷക്കും സ്ത്രീ ആശുപത്രിയിൽ പോകണമെന്നില്ല. അലാറം മുഴങ്ങുമ്പോൾ കൃത്രിമ ഗർഭപാത്രം ഭർത്താവ് ആശുപത്രിയിൽ എത്തിച്ചാൽ മതി. രണ്ടുപേർക്കും കൂടി രാവിലെ പോയി തങ്ങളുടെ പുതിയ കുഞ്ഞിനെ കാണാം. എല്ലാ വിവരവും അങ്ങകലെയുള്ള ആരോഗ്യ കേന്ദ്രത്തിൽനിന്ന് ലഭിക്കുകയും ചെയ്യും.

അധികം കാത്തിരിക്കേണ്ടിവരില്ല, കഷ്ടിച്ച് അഞ്ചുവർഷത്തിനകം ഇന്നത്തെ പല ചികിത്സാരീതികളും പാടെ മാറിപ്പോകും. മനുഷ്യശരീരത്തിലെ കേടായ മിക്ക അവയവങ്ങളും വീണ്ടും പുനർജനിപ്പിക്കാൻ അന്ന് ശാസ്ത്രത്തിന് സാധിച്ചേക്കും. ദുബായിലുള്ള ഭർത്താവിനെ, മകനെ, സ്നേഹിതനെ കാണാനും അവരോട് സംസാരിക്കാനും ഇന്ന് സംവിധാനം ഉള്ളതുപോലെ, അഞ്ചുവർഷത്തിനകം, അവരെ തൊടുമ്പോഴും, തലോടുമ്പോഴുമുള്ള സ്പർശനാനുഭൂതിപോലും ദൂരെയിരുന്നുകൊണ്ട് ആസ്വദിക്കാൻ കഴിയുന്ന അവസ്ഥയുണ്ടാകും. സൗദിയിലിരിക്കുന്ന ഉപ്പ, പഴയങ്ങാടിയിൽ ജനിച്ചുവീണ മകന് അകലെയിരുന്നുതന്നെ ഒരു ഓമനമുത്തം ചൂടോടെ നൽകാൻ കഴിയുന്ന സാഹചര്യവും ഉണ്ടായെന്നു വരാം.

പക്ഷേ, നാം നാട്ടിലെ സാധാരണക്കാർ ഈ വിഷയത്തിൽ ഭാഗ്യവാന്മാരോ നിർഭാഗ്യവാന്മാരോ ആണ്. ഈ അസുലഭസൗകര്യം സമ്പന്നരാഷ്ട്രങ്ങളിലെ ഉയർന്ന വരുമാനക്കാർക്ക് മാത്രമാണ് തുടക്കത്തിൽ ലഭിക്കുക. അതുകൊണ്ടുതന്നെയാവും നാം അറിയുംവിധമുള്ള വിപണിയോടെ ഈ ശാസ്ത്രീയനേട്ടങ്ങൾ നമുക്കിടയിൽ വന്നുചേരാത്തതും.

*അടിക്കുറിപ്പ്:* ജനിക്കുന്ന കുട്ടികൾക്ക് ഇനി ചേലാകർമ്മംകൂടി നിർവഹിക്കേണ്ടിവരാത്ത സംവിധാനവും ഉണ്ടാവുമോ ആവോ. അത്തരം ഛേദിക്കപ്പെട്ട അവസ്ഥയിൽ അവയവത്തോടുകൂടിയ ആൺകുട്ടികളെ മുൻകൂട്ടി ജനിപ്പിക്കാനും ആധുനികശാസ്ത്രത്തിന് കഴിയാതെ വരില്ലല്ലോ. ●

---

*പേജ് 21-ൽ നിന്ന്*

ണക്കിന് രൂപയുടെ പുസ്തകങ്ങൾ വിറ്റഴിക്കപ്പെട്ടു. വൈകുന്നേരങ്ങളിൽ ടൗൺഹാൾ പരിസരത്ത് നടത്തപ്പെട്ട പൊതുയോഗങ്ങൾ പൊതുവെ അഹ്മദിയ്യത്തിനെ അവഗണിക്കാറുള്ള വലിയ വിഭാഗം ആളുകളുടെ ശ്രദ്ധ പിടിച്ചുവാങ്ങി. 2002-ലെ എക്സിബിഷൻ നടത്തിപ്പിന്റെ മുഖ്യസംഘാടകൻ ജനാബ് പി.പി. നാസിറുദ്ദീൻ സാഹിബ് തന്നെയായിരുന്നു. മർഹൂം ഡോ. മൻസൂർ അഹ്മദ് സാഹിബ്, മർഹൂം ബിഎം കോയാസാഹിബ്, മർഹൂം എൻ.അബ്ദുർറഹീം സാഹിബ് എന്നിവരുടെ പങ്കും ഏറെ ശ്രദ്ധേയമാണ്.

2007 ഫെബ്രുവരി 23-ന് ആരംഭിക്കുന്ന എക്സിബിഷൻ അൽഖുർആൻ ഇന്റർനാഷണൽ പ്രത്യേകമായ ഒരു സമയത്താണ് കടന്നുവരുന്നത്. മുജാഹിദ് ജമാഅത്തെ ഇസ്‌ലാമി വിഭാഗങ്ങൾ പ്രദർശനങ്ങളുടെ ജനകീയവശം മനസ്സിലാക്കിക്കൊണ്ട് ധാരാളം പണമൊഴുക്കി ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. എന്നാൽ, പ്രദർശിപ്പിക്കപ്പെടുന്ന ആശയങ്ങളുടെ സുദൃഢതയും ആകർഷണീയതയും പണത്താൽ നേടാവുന്നതല്ല. വലിയ പരിശ്രമവും വിശ്വാസപരമായ വിശുദ്ധിയും ഇതിനാവശ്യമത്രെ. ഇത്തവണത്തെ എക്സിബിഷൻ അൽ ഖുർആനിൽ 100-ലേറെ ബോർഡുകൾ സ്ഥലം പിടിക്കുമെന്നറിയുന്നു. കൂടാതെ പതിനാലോളം സ്റ്റാളുകൾ പ്രദർശനത്തിന്റെ മുഖ്യ ആകർഷണമാണ്. ഈസാനബിയുടെ മരണം, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങളെ അധികരിച്ചാണ് സ്റ്റാളുകൾ ഒരുങ്ങുന്നത്. വിവിധ ലോക ഭാഷകളിലെ വിശുദ്ധഖുർആൻ പരിഭാഷകൾ, അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങൾ, എം.ടി.എ, വീഡിയോ പ്രദർശനം, സംശയനിവാരണം തുടങ്ങി മറ്റനവധി കാര്യങ്ങളും എക്സിബിഷന്റെ പ്രത്യേകതകളത്രെ. അൻസാറുല്ല സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ്, മേഖലാ നാസിം യു. മൻസൂർ അഹ്മദ് സാഹിബ്, കണ്ണൂർ മേഖലാ അമീർ കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് തുടങ്ങിയവർ ഈ സംരംഭത്തിന് ചുക്കാൻ പിടിക്കുന്നു. ●

*പേജ് 7 – ൽ നിന്ന്*

*പേജ് 7 – ൽ നിന്ന്*

പക്ഷേ, ചില കാര്യങ്ങൾ പുതുമയോടെ ഓർത്തിരിക്കുന്നതിനുവേണ്ടി ഇടയ്ക്കിടെ അവ അയവിറക്കിക്കൊണ്ടിരിക്കണം. പഴയ അഹ്മദികളുടെ സ്മരണയിൽ അവ പുതുമയോടെ നിലനില്ക്കുന്നതിനും അതിനോടൊപ്പം നവഅഹ്മദികൾ അവയിൽനിന്ന് ഫലമെടുക്കുന്നതിനും വേണ്ടിയാണിത്. ഒരിക്കലും ആരുടെ മനസ്സിലും ഒരുതരത്തിലുള്ള അസ്വസ്ഥതയും ഉണ്ടാകാൻ പാടില്ല.

**തിരഞ്ഞെടുപ്പ് എങ്ങനെ നടത്തണം?**

ഒന്നാമതായി നമുക്ക് വിശുദ്ധഖുർആനിൽനിന്ന് മാർഗ്ഗദർശനം തേടാം. നമ്മുടെ ഭാരവാഹികളെ എങ്ങനെ തിരഞ്ഞെടുക്കണമെന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളതെന്ന് നമുക്ക് നോക്കാം. ഞാനോതിയ വചനത്തിൽ അല്ലാഹു പറയുന്നു: ''നിശ്ചയമായും അല്ലാഹു അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കല്പിക്കണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു'' (4:59)

വോട്ടർമാരോട് ഒന്നാമതായി പറഞ്ഞത് അർഹരായവരെ തിരഞ്ഞെടുക്കുക എന്നാണ്. ഏതൊരു പ്രവർത്തി ചെയ്യാൻ സാധിക്കുമോ ആ പ്രവൃത്തിക്ക് പറ്റിയ ആളുകളേയും സമയം ചെലവഴിക്കാൻ കഴിയുന്നവരേയും നോക്കിയായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. അല്ലാതെ നിങ്ങളുമായി ബന്ധപ്പെട്ടവരെ മാത്രം തിരഞ്ഞെടുക്കുക എന്നതല്ല. വോട്ടർമാരിൽ വലിയൊരു ഉത്തരവാദിത്തമാണ് ഇവിടെ ഏല്പിച്ചിട്ടുള്ളത്. അതുകൊണ്ട് ജമാഅത്തിന്റെ നിയമമനുസരിച്ച് വോട്ട് ചെയ്യാൻ അർഹതയുള്ളവർ എപ്പോഴും ഉത്തമമായവരെ തിരഞ്ഞെടുക്കാൻ ദുആ ചെയ്തുകൊണ്ട് തീരുമാനമെടുക്കേണ്ടതാണ്.

**വിലക്ക് ഏർപ്പെടുത്തപ്പെട്ടിട്ടുള്ളവർ**

ഇവിടെ സാന്ദർഭികമായി ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ചില സന്ദർഭങ്ങളിൽ ചിലരുടെമേൽ ജമാഅത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടാകും. അതുകൊണ്ട് അവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ സാധിക്കുകയില്ല. അത്തരം സന്ദർഭങ്ങളിൽ, 'ഞങ്ങളുടെ നോട്ടത്തിൽ ഇന്നയാൾ ഇന്ന സ്ഥാനത്തേക്ക് യോഗ്യനാണ്, അതുകൊണ്ട് അയാൾക്ക് വോട്ട് ചെയ്യാൻ ഞങ്ങളെ അനുവദിക്കണം ഇല്ലെങ്കിൽ ഞങ്ങൾ തിരഞ്ഞെടുപ്പിൽ പങ്കെടുക്കില്ല' എന്നൊക്കെപ്പറഞ്ഞ് വാശി പിടിക്കാൻ പാടില്ല. ഇത് തെറ്റായ പ്രവണതയാണ്. തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ പാടില്ലായെന്നുള്ള തീരുമാനം ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് അതിൽ നിർബന്ധം പിടിക്കുന്നത് ശരിയല്ല. അനുസരണവും ജമാഅത്ത് വ്യവസ്ഥിതിയോടുള്ള ആദരവും നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത് ഇതാണ്.

ഞാൻ പറഞ്ഞുവന്നത് നിയമമനുസരിച്ച് വോട്ടവകാശമുള്ള എല്ലാ അഹ്മദികളിൽനിന്നും അർഹരായവരെ ആലോചിച്ചും ചിന്തിച്ചും തിരഞ്ഞെടുക്കുക എന്ന ഉത്തരവാദിത്തം അല്ലാഹു നമ്മെ ഏല്പിച്ചിരിക്കുന്നുവെന്നാണ്.

**സ്വന്തം ജന്മാവകാശമല്ല**

ജമാഅത്തിൽ ഒരു സ്ഥാനവും ആരുടേയും ജന്മാവകാശമല്ലെന്ന കാര്യം തിരഞ്ഞെടുക്കുന്നവരും തിരഞ്ഞെടുക്കപ്പെടുന്നവരും ഓർത്തിരിക്കേണ്ടതാണ്. ദീർഘകാലം ഒരു സ്ഥാനത്തിരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ ചിലപ്പോൾ മനസ്സിൽ തോന്നിയേക്കാം. സ്ഥിരമായ അവകാശമല്ലാത്തതുകൊണ്ട് സേവനത്തിനുള്ള അവസരം കിട്ടുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവന്റെ അനുഗ്രഹമുണ്ടെങ്കിൽ അവൻ തന്നെ സേവനത്തിന് അവസരം നൽകും. സ്വയം അതിന് ആഗ്രഹിക്കാൻ പാടില്ല. അതിനാൽ, ഒരിക്കലുംതന്നെ ഭാരവാഹിയാക്കുക എന്ന സൂചന പോലും ആരും പ്രകടിപ്പിക്കാൻ പാടില്ല. **സ്വന്തം ബന്ധുവിനോ സുഹൃത്തിനോ വേണ്ടി സൂചനയാലോ അല്ലാതെയോ ഒരുവിധത്തിലും വോട്ടു പിടിക്കാൻ ആർക്കും അവകാശമില്ല**. അങ്ങനെ നടന്നതായി ജമാഅത്തറിഞ്ഞാൽ, ആർക്കു വേണ്ടിയാണോ പ്രചാരണം ചെയ്യപ്പെട്ടത് അയാളേയും പ്രചാരണം നടത്തിയാളേയും തിരഞ്ഞെടുപ്പുകളിൽനിന്നുതന്നെ ഒഴിവാക്കിയേക്കാം. പിന്നീട് ഈ അവകാശം അവർക്ക് തടയപ്പെടുകയും ചെയ്തേക്കാം. അതുകൊണ്ട് ജമാഅത്തിലെ ഈ തിരഞ്ഞെടുപ്പ് തികച്ചും അല്ലാഹുവിനുവേണ്ടിയുള്ള സേവകസംഘത്തെ തിരഞ്ഞെടുക്കുന്നു എന്ന വിചാരത്തോടെ നടത്തേണ്ടതാണ്.

**ഭാരവാഹിയുടെ ചുമതല**

തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ചുമതലകളും അല്ലാഹു നല്കിയിരിക്കുന്നു. അതായത്, തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ അതിനെ സാമൂഹികമായ അമാനത്ത് അഥവാ സൂക്ഷിപ്പുമുതലായി നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. ആ അമാനത്തിന്റെ ബാധ്യത നിറവേറ്റുകയും കഴിവിന്റെ പരമാവധി ആ ഉത്തരവാദിത്തം നിർവ്വഹിക്കുകയും അതിന് സമയം ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. ജമാഅത്തിന്റെ അഭിവൃദ്ധിക്കായി പുതിയപുതിയ മേഖലകൾ കണ്ടെത്തണം. നിങ്ങളുടെ തീരുമാനം നീതിയിലും ന്യായത്തിലും അധിഷ്ഠിതമായിരിക്കുകയും വേണം.

**നിങ്ങളുടെ വ്യക്തിപരമായ പകയും ബന്ധുക്കളോടും സുഹൃത്തുക്കളോടുമുള്ള സ്നേഹവും നിങ്ങളെ ഒരിക്കലും നീതിയിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതാകരുത്**. ഒരു ഭാരവാഹിയുടേയും മനസ്സിൽ 'തനിക്ക് വോട്ട് തരാത്തവനാണ്, തനിക്കെതിരിൽ വേറൊരുത്തന്റെ പേര് പറഞ്ഞവനാണ്, അതുകൊണ്ട് തക്കം കിട്ടിയാൽ അവനെ ഉപദ്രവിക്കണം' എന്ന വിചാരമുണ്ടാകരുത്. ഇത് സത്യവിശ്വാസികൾക്ക് ചേർന്നതല്ല എന്നല്ല അങ്ങേയറ്റം തരംതാണ പണിയാണ്. വോട്ട് നൽകി തിരഞ്ഞെടുക്കുന്നവർക്കും തിര

ഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കും അല്ലാഹു വലിയ ഉപദേശമാണ് നൽകിയിട്ടുള്ളത്. വോട്ട് ചെയ്യുന്നവർ നല്ലവണ്ണം ചിന്തിച്ചും ആലോചിച്ചും വോട്ട് നൽകാനും തിരഞ്ഞെടുക്കപ്പെടുന്നവർ അവരുടെ എല്ലാ കഴിവും ശക്തിയുമുപയോഗിച്ച് നീതിക്കനുസൃതമായി അത് പൂർത്തിയാക്കിക്കൊണ്ട് തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാനും അല്ലാഹു പറഞ്ഞിരിക്കുന്നു......

അല്ലാഹു ജമാഅത്തംഗങ്ങളോടും ഭാരവാഹികളോടും അവസാനമായി പറഞ്ഞിരിക്കുന്നത് ഇതിനു ശേഷം ദുആ ചെയ്തുകൊണ്ടേയിരിക്കുക എന്നാണ്. ഓരോ ഭാരവാഹിയും നീതിയെന്താണോ ആശ്യപ്പെടുന്നത് അത് പാലിച്ചുകൊണ്ട് തന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിയുന്നതിനുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതാണ്. ഓരോ ജമാഅത്തംഗവും തിരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് തന്നിലർപ്പിതമായ അമാനത്ത് നല്ലനിലയിൽ നിർവ്വഹിക്കാൻ വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഭാരവാഹികൾക്കും ജമാഅത്തംഗങ്ങൾക്കും നഷ്ടത്തിന് കാരണമാകുന്ന വിധത്തിലുള്ള പ്രയാസങ്ങളും പരീക്ഷണങ്ങളും ഒരിക്കലും ഉണ്ടാകാതിരിക്കാനും പ്രാർത്ഥിക്കേണ്ടതാണ്.

### അല്ലാഹുതന്നെ കൈകാര്യം ചെയ്യും

തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹി ഉത്തരവാദിത്തബോധത്തോടെ പ്രവർത്തിക്കുന്നില്ലെന്ന് അല്ലാഹു കണ്ടാൽ ജമാഅത്ത് വ്യവസ്ഥിതിക്ക് ഒരു ക്ഷതവും ഏല്ക്കാതിരിക്കുന്നതിനുവേണ്ടി അയാളെ മാറ്റാനുള്ള സാഹചര്യവും അല്ലാഹുതന്നെ ഒരുക്കുന്നതായിരിക്കും. നിങ്ങൾ രണ്ടുപേരും ചേർന്ന് ഇങ്ങനെ പ്രാർത്ഥിക്കുകയാണെങ്കിൽ, സദുദ്ദേശ്യത്തോടെ നിങ്ങൾ ചെയ്ത പ്രാർത്ഥന സ്വീകരിക്കുമെന്ന് അല്ലാഹു പറയുന്നു. കാരണം ദീനിനുവേണ്ടി സേവനം ചെയ്യുന്നവരുടെമേൽ അല്ലാഹുവിന്റെ ദൃഷ്ടി എപ്പോഴുമുണ്ടായിരിക്കും. അവൻ എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനും മനസ്സിന്റെ എല്ലാ അവസ്ഥകളും അറിയുന്നവനുമാണ്. നിങ്ങളുടെ ഉള്ളിലെ വേദന കാരണത്താൽ എപ്പോഴും നിങ്ങളുടെ ഉന്നമനത്തിനുള്ള സാഹചര്യവും അവനൊരുക്കിക്കൊണ്ടിരിക്കുന്നതാണ്. ഈയം ഉരുക്കിയൊഴിച്ച ഭിത്തിപോലെ നിങ്ങളെ ഉറപ്പിച്ചു നിർത്തുന്നതുമാണ്.

### ഭാരവാഹി എങ്ങനെ പെരുമാറണം

ഭാരവാഹികൾ എങ്ങനെ ജമാഅത്തംഗങ്ങളോട് പെരുമാറണം എന്നതിനെക്കുറിച്ചും ജമാഅത്തംഗങ്ങൾ ഭാരവാഹികളോട് ഏത് രീതിയിൽ സ്വീകരിക്കണം എന്നതിനെക്കുറിച്ചും കുറച്ചു കാര്യങ്ങൾ വിശദീകരിക്കാൻ ഞാനാഗ്രഹിക്കുകയാണ്. നീതി ആവശ്യപ്പെടുന്നതെല്ലാം പൂർത്തിയാക്കണമെന്ന് ഭാരവാഹികളോട് വിശുദ്ധഖുർ പറയുന്നു. അതെന്തൊക്കെയാണ് ആവശ്യപ്പെടുന്നതെന്ന് ചിന്തിക്കുകയും ആലോചിക്കുകയുമാണെങ്കിൽ ഒരു കാര്യവും വിട്ടുപോവുകയില്ല. എന്നാൽ, എല്ലാവരും സൂക്ഷ്മദൃഷ്ടിയോടെ ഇക്കാര്യം ചിന്തിക്കാറില്ല. തഖ്‌വയുടെ നേർത്ത വഴിയിലൂടെ സഞ്ചരിക്കുന്നവൻ ചിന്തിക്കുന്നതുപോലെ ചിന്തിക്കുകയാണെങ്കിൽ അങ്ങനെ ചിന്തിച്ച് ചിന്തിച്ച് നീതി ആവശ്യപ്പെടുന്നത് നിറവേറ്റണമെന്ന ചിന്തയിൽ അവന്റെ ആത്മാവ് ലയിച്ചുപോകുന്നു.

### കോപം പാടില്ല; മാപ്പ് കൊടുക്കുകയും വേണം

ഒന്നാമതായി ഭാരവാഹികൾ ഓർമ്മവയ്ക്കേണ്ടത് അല്ലാഹു പറഞ്ഞ ***വൽകാളിമീനൽ ഗയ്ള വൽ ആഫീന അനിന്നാസ്*** (3:135) എന്ന കാര്യമാണ്. അതായത്, കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് മാപ്പ് ചെയ്തുകൊടുക്കുന്നവരുമത്രെ അവർ. ഇതിലെ പ്രധാന സംബോധിതർ തങ്ങളാണെന്ന് ഭാരവാഹികൾ മനസ്സിലാക്കണം. കാരണം ജമാഅത്തിൽ അവർക്കുള്ള സ്ഥാനം പരിപൂർണ്ണമായും അവർ തങ്ങളെ വിനയാന്വിതരാക്കിത്തീർക്കാൻ ആവശ്യപ്പെടുന്നു. കാര്യങ്ങൾ പറഞ്ഞ് നന്നാക്കിത്തീർക്കുന്നതിനും ഇസ്‌ലാഹിനും വേണ്ടി അഥവാ ദേഷ്യപ്പെടേണ്ടിവന്നാൽ മാറ്റിനിറുത്തി മനസ്സിലാക്കികൊടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങളുടെ മുമ്പിൽവെച്ച് ആരുടേയും അഭിമാനത്തെ മുറിപ്പെടുത്തരുത്. എപ്പോഴും ശുണ്ഠിപിടിപ്പിക്കുന്ന പ്രകടനം ഉണ്ടാകാൻ പാടില്ല. മറിച്ച്, വേദനയോടെ ദുആ ചെയ്തുകൊണ്ട് എപ്പോഴും ഉപദേശിച്ചുകൊണ്ടിരിക്കുമ്പോഴാണ് മാറ്റമുണ്ടാകുന്നത്. ഈ കല്പനയാണ് അല്ലാഹു നല്കിയിരിക്കുന്നത്. സ്ഥിരമല്ലാതെ വല്ലപ്പോഴുമുണ്ടാകുന്ന തെറ്റാണെങ്കിൽ വിട്ടുവീഴ്ചയോടെ പ്രവർത്തിക്കുന്നതാണ് ഉത്തമം. അതായത്, മാപ്പ് കൊടുക്കുക. ക്ഷമ കൈക്കൊള്ളുക.

ജനങ്ങളോട് സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറേണ്ടതാണ്. പ്രത്യേകിച്ച് ചിലയിടത്ത് ലജ്നയുടെ ഭാഗത്തുനിന്നാണ് പരാതികൾ അധികമുണ്ടാകുന്നത്. പെൺകുട്ടികൾക്കും യുവതികൾക്കും ജമാഅത്ത് വ്യവസ്ഥിതി മനസ്സിലാക്കാതെ വരുന്ന പുതിയതായി ജമാഅത്തിൽ ചേർന്ന സ്ത്രീകൾക്കും ശിക്ഷണം വളരെ ആവശ്യമുണ്ട്. അതുകൊണ്ട് അവരെ ഒുപാട് ശ്രദ്ധിക്കേണ്ടതാണ്. കുട്ടികൾക്കും നവാഗതരായ അഹ്മദികൾക്കും ശിക്ഷണം നൽകുന്നതിന് ഏത് രീതിയിലാണോ നിങ്ങൾ അച്ച് വാർത്തെടുക്കുന്നത് വരുന്ന തലമുറയും അതുപോലെതന്നെയായിരിക്കും പുറത്തുവരിക. ഭാവിയിലെ ഭാരവാഹികളും അതിന് സമാനക്കാരായിരിക്കും. പറഞ്ഞതിന്റെ ചുരുക്കം ദേഷ്യം കടിച്ചമർത്തുക, വിട്ടുവീഴ്ചയോടെ പെരുമാറുക, ക്ഷമിക്കുക എന്നാണ്. എന്നാൽ, മൃദുലമായ നയം ജമാഅത്തിൽ ഭിന്നിപ്പുണ്ടാകുന്ന അവസ്ഥയിലായിത്തീരരുത്. അത്തരം സന്ദർഭങ്ങളിൽ തെറ്റു തിരുത്തി നന്നാക്കിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. സ്ഥിരം തെറ്റ് ചെയ്യാത്തവർക്ക് മാപ്പ് കൊടുത്തും നന്നാക്കിയെടുക്കാൻ കഴിയും. എന്നാൽ, ജമാഅത്തിൽ ഫിത്നയുണ്ടാകുമെന്ന് കണ്ടാൽ അപ്പോൾ മാപ്പിന്റെ ആവശ്യമില്ല. അത്തരം കാര്യമുണ്ടായാൽ തദ്ദേശാടിസ്ഥാനത്തിൽ അത് നന്നാക്കിയെടുക്കാൻ ശ്രമിച്ചാൽമാത്രം പോരാ, കേന്ദ്രത്തേയും അതിനെക്കുറിച്ച് അറിയിക്കേണ്ടതാണ്. പക്ഷേ, ചെറുപ്പക്കാരും പുതിയതായി വരുന്നവരും

*പേജ് 32-ൽ*

*ശറഫ്കോയ*

# പുസ്തകപരിചയം

## ഇസ്‌ലാം പ്രബുദ്ധതയുടെ മതം

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് അടുത്തായി പ്രസിദ്ധീകരിച്ച മൂന്ന് പുസ്തകങ്ങളിൽ ഏറെ ശ്രദ്ധേയമാണ് ഇസ്‌ലാം പ്രബുദ്ധതയുടെ മതം.

1978-ൽ യുക്തിവാദിസംഘം ജനറൽ സെക്രട്ടറിയായിരുന്ന യു. കലാനാഥൻ 'ഞാൻ എന്തുകൊണ്ട് ഇസ്‌ലാം അംഗീകരിക്കുന്നില്ല' എന്ന ശീർഷകത്തിൽ യുക്തിവിചാരം മാസികയിൽ ഇസ്‌ലാമിനെതിരെ ഉന്നയിച്ച 12 ആക്ഷേപങ്ങൾക്കുള്ള മറുപടിയാണ് ഇസ്‌ലാം പ്രബുദ്ധതയുടെ മതം.

മർഹൂം എൻ. അബ്ദുർറഹീം സാഹിബ് യുക്തിയുക്തമായി ശ്രീ കലാനാഥന്റെ ആക്ഷേപങ്ങൾക്ക് നൽകിയത് യഥാർത്ഥത്തിൽ യുക്തിഹീനരായ യുക്തിവാദികൾക്കുള്ള വായടപ്പൻ മറുപടി തന്നെയാണ്.

വിശുദ്ധഖുർആനിലില്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് മുസ്‌ലിംകൾ അങ്ങനെയാണ് വിശ്വസിക്കുന്നതെന്ന് ആക്ഷേപിച്ചപ്പോൾ വിശുദ്ധഖുർആനിൽ എന്തു പറഞ്ഞുവോ അത് തന്നെയാണ് മുസ്‌ലിംകളുടെ വിശ്വാസം എന്ന് തറപ്പിച്ചുപറഞ്ഞുകൊണ്ട് ഖുർആൻ പറഞ്ഞ കാര്യം എന്താണെന്ന് പറഞ്ഞുകൊടുക്കുന്നത് ഹൃദയസ്പർശിയായ രീതിയിലാണ്. പ്രബുദ്ധരായ ജനങ്ങളുള്ള കേരളത്തിൽ ഇസ്‌ലാമിന്റെ പ്രബുദ്ധത അടിവരയിട്ട് തെളിയിക്കുന്ന ഈ പുസ്തകത്തിന്റെ ആദ്യ എഡിഷൻ ഇസ്‌ലാം ബുദ്ധിജീവികളുടെ മതം എന്ന പേരിൽ 1980-ലാണ് ഇറങ്ങിയത്. രണ്ടാം പതിപ്പ് ഇറങ്ങുവാൻ നീണ്ട 27 വർഷം പിന്നിട്ടെങ്കിലും ഈ പുസ്തകത്തിലെ ആശയങ്ങൾ പ്രബുദ്ധലോകത്തെ എന്നും ഹഠാദാകർഷിക്കുന്നവയാണ്. ഇതിന്റെ വിലയ 80 രൂപയാണ്.

## ഹദ്റത്ത് അഹ്മദ്(അ)

വർത്തമാനലോകത്ത് ഏറെ ചർച്ചകൾക്ക് വഴി തുറക്കപ്പെട്ട ഒട്ടേറെ ആശയങ്ങൾ അല്ലാഹുവിന്റെ ഇംഗിതപ്രകാരം മാനവരാശിയുടെ മുന്നിൽ സമർപ്പിച്ച ഈ കാലഘട്ടത്തിലെ ആത്മീയഗുരുവും മഹ്ദീ മസീഹുമായ ഹദ്റത്ത് അഹ്മദ്(അ)ന്റെ അതിബൃഹത്തായ ജീവിതചരിത്രം ഒരു ചെപ്പിലൊതുക്കിക്കൊണ്ട് കുട്ടികൾക്കായി സമർപ്പിക്കുകയാണ്, ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരിച്ച ഹദ്റത്ത് അഹ്മദ് (അ) എന്ന പുസ്തകത്തിലൂടെ അറിവിന്റെ ഗ്രന്ഥകർത്താവായ അഹ്മദിയ്യാ ജമാഅത്തിന്റെ യുവ പണ്ഡിതൻ മൗലവി എച്ച്.ശംസുദ്ദീൻ സാഹിബ് കാവശ്ശേരി.

വാഗ്ദത്ത മഹ്ദി മസീഹ്(അ) നടത്തിയ പ്രവചനങ്ങളും പ്രഖ്യാപനങ്ങളും അദ്ദേഹത്തിന്റെ ജീവിതകാലഘട്ടത്തിൽ അല്ലാഹു കാണിച്ച പല അടയാളങ്ങളെ കുട്ടികളുടേതായ ഭാഷയിൽ അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകർത്താവ് അതിയായി ശ്രദ്ധിച്ചിട്ടുണ്ട്.

ഈ പുസ്തകത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായി ഞാൻ കാണുന്നത് പറഞ്ഞ് മാത്രം കേട്ട, മസീഹ് മൗഊദിന്റെ പല സഹാബിമാരുടേതുൾപ്പെടെ 56 സഹാബിമാരുടെ ഫോട്ടോകൾ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നുള്ളതാണ്. അതോടൊപ്പംതന്നെ ഹദ്റത്ത് അഹ്മദ്(അ)ന്റെ 84 പുസ്തകങ്ങളുടെ പേരും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തീർച്ചയായും ഇത് വായിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രത്തിന്റെ ഒരു രേഖാചിത്രം എളുപ്പത്തിൽ ലഭ്യമാകും എന്നതിൽ സംശയമില്ല. ഈ ഭാരിച്ച സംരംഭത്തിന് മുതിർന്ന ഗ്രന്ഥകർത്താവ് തീർച്ചയായും അഭിനന്ദനമർഹിക്കുന്നു. ഇതിന്റെ വില 20 രൂപയാണ്.

## ഇസ്‌ലാമിക പാഠാവലി

മാനവലോകത്തിന് മാർഗ്ഗദീപമായി അല്ലാഹു അവതരിപ്പിച്ച ഇസ്‌ലാംമതത്തിന്റെ അടിസ്ഥാനശിലകൾ, വളർന്ന് വരുന്ന തലമുറയ്ക്കായി ഹ്രസ്വമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് ഇസ്‌ലാമികപാഠാവലി. 1988-ൽ മൂന്നാമത്തെ പതിപ്പ് പ്രസിദ്ധീകരിച്ചതിനുശേഷം 19 വർഷം കഴിഞ്ഞാണ് ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് ഇപ്പോൾ ഈ പതിപ്പ് പുറത്തിറക്കിയിരിക്കുന്നത്.

അറബ്‌രാജ്യങ്ങളിൽ അഹ്മദിയ്യാ മിഷണറിയായി സേവനമനുഷ്ഠിച്ചിരുന്ന മൗലാനാ മുഹമ്മദ് ശരീഫ് സാഹിബ് രചിച്ച 'ഇസ്‌ലാം കീ പഹ്‌ലീ' എന്ന ചെറുപുസ്തകത്തിന്റെ സ്വതന്ത്ര വിവർത്തനമാണ് ഇസ്‌ലാമിക പാഠാവലി.

ഇത് വിവർത്തനം ചെയ്തത് പ്രസിദ്ധ പണ്ഡിതനും കേരളത്തിൽ ദീർഘകാലം ചീഫ് മിഷണറിയുമായിരുന്ന മൗലവി മുഹമ്മദ് അബുൽവഫാ സാഹിബാണ്.

ഇന്ന് നമ്മുടെ മുമ്പിൽ കാണുന്ന ലോകത്തിന്റെ ഗതികെട്ട പോക്കിനെക്കുറിച്ച് വർഷങ്ങൾക്ക് മുമ്പേ ഗവേഷണ പ്രബന്ധം പോലെ മൗലവി സാഹിബ് എഴുതിയതും, പ്രസംഗിച്ചതും നമുക്കറിയാവുന്നതാണ്. ആ ഭാഷണത്തിലെ ലളിതമായ ശൈലിതന്നെയാണ് ഈ പുസ്തകത്തിലും അവലംബിച്ചിരിക്കുന്നത്. ഇസ്‌ലാമിന്റെ അടിസ്ഥാനകാര്യങ്ങൾ പറയുന്നതോടൊപ്പം അതിനെക്കുറിച്ചുള്ള ചെറുചോദ്യങ്ങളും ഇതിൽ കൊടുത്തിരിക്കുന്നത് കുട്ടികൾക്ക് പഠിക്കുവാൻ കൂടുതൽ പ്രചോദനം നൽകുന്നതാണ്. കൂടാതെ നബി(സ) യുടേയും ഖലീഫമാരുടേയും മസീഹ് മൗഊദ്(അ) ന്റേയും ഖലീഫമാരുടേയും ലഘുവിവരണങ്ങളും ഈ കൃതിയ്ക്ക് മാറ്റ് കൂട്ടുന്നു. ഇതിന്റെ വില 10 രൂപയാണ്.

●

പേജ് 30–ൽ നിന്ന്

ദീനിനെതന്നെ വെറുക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുന്നവിധം കഠിനമായി പ്രവർത്തിക്കാൻ പാടില്ല.

### സ്വർഗ്ഗം ലഭിക്കില്ല

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് മഅ്കൽ ബിൻ യസ്ർ നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. "നബി(സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. 'ആരെയാണോ അല്ലാഹു ജനങ്ങളുടെ നേതാവും ഉത്തരവാദിയുമാക്കിയിട്ടുള്ളത്, അയാൾ ജനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിലും തന്റെ നിർബന്ധമായ കർത്തവ്യം നിർവ്വഹിക്കുന്നതിലും അവരുടെ ക്ഷേമ പ്രവർത്തനങ്ങളിലും വീഴ്ച വരുത്തുകയാണെങ്കിൽ അയാൾ മരിക്കുമ്പോൾ അല്ലാഹു അയാൾക്ക് സ്വർഗ്ഗം നിഷിധമാക്കുന്നതാണ്. അയാൾക്ക് സ്വർഗ്ഗം നൽകുകയില്ല.'

നോക്കൂ, ഈ താക്കീതിനു ശേഷം ആരാണ് എടുത്തുചാടി സ്ഥാനം കൈക്കലാക്കാൻ ആഗ്രഹിക്കുക? ഇത് ഭയപ്പെടേണ്ട സ്ഥാനമാണ്. യഥാർത്ഥമായ വിവേകവും തിരിച്ചറിവും ഉണ്ടെങ്കിൽ ഒന്നിലും പെടാതെ ഏതെങ്കിലും ഒരു മൂലക്കായിരിക്കും മനുഷ്യൻ പോയിരിക്കുക. അതുകൊണ്ട് ഭാരവാഹികൾ ഈ ദൈവാനുഗ്രഹത്തെ ആദരിക്കുക, തങ്ങളുടെ ചുമതലകൾ നിറവേറ്റുക, ഉത്തരവാദിത്തങ്ങൾ പാലിക്കുക, ദൈവകോപം പിടിച്ചുപറ്റുന്നതിനു പകരം അവന്റെ സ്നേഹം ആർജ്ജിക്കുന്നവരായിത്തീരുക.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂ സഈദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: 'ഖിയാമത്തുന്നാളിൽ അല്ലാഹുവിന് ജനങ്ങളിൽവെച്ച് ഏറ്റവും പ്രിയപ്പെട്ടവനും അവനോട് ഏറ്റവും സമീപസ്ഥനും നീതിയെ ഇഷ്ടപ്പെടുന്ന ഭരണാധികാരിയായിരിക്കും. ഏറ്റവും വെറുക്കപ്പെട്ടവനും ഏറ്റവും അകലത്തു നില്ക്കുന്നവനും മർദ്ദകനായ ഭരണാധികാരിയായിരിക്കും.'

അബൂഹസൻ(റ) നിവേദനം ചെയ്യുന്നു. ഹദ്റത്ത് അംറ് ബിൻ മുർറ(റ) ഹദ്റത്ത് മുആവിയയോട് പറഞ്ഞു. നബി(സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. "ഏതൊരു നേതാവാണോ തന്റെ വാതിൽ ആവശ്യക്കാർക്കും ദരിദ്രർക്കും പാവപ്പെട്ടവർക്കും വേണ്ടി അടച്ചിടുന്നത് അല്ലാഹു അയാളുടെ ആവശ്യത്തിനുള്ള ദൈവികകവാടവും അടച്ചിടുന്നതാണ്." നബി(സ)യുടെ ഈ നിർദ്ദേശം കേട്ടതിനുശേഷം ഹദ്റത്ത് മുആവിയ(റ) ജനങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും വേണ്ടി ഒരാളെ നിയമിക്കുകയുണ്ടായി.

### ഖലീഫയുടെ പ്രതിനിധികൾ

അതുകൊണ്ട് ഹൃദയങ്ങളിൽ സ്നേഹമുണ്ടാക്കിത്തീർക്കുക, സഹോദരന്മാരോടും സഹോദരിമാരോടും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും അവന്റെ പ്രിയപ്പെട്ടവനായിത്തീരുന്നതിനും വേണ്ടി സ്നേഹത്തോടെ പെരുമാറുകയും സന്തോഷത്തോടെ വർത്തിക്കുകയും ചെയ്യുക. അമീറുമാരും സദ്ർമാരും ഭാരവാഹികളും പോഷക സംഘടനാഭാരവാഹികളും ഖലീഫ നിശ്ചയിച്ചിട്ടുള്ള സംവിധാന വ്യവസ്ഥിതിയുടെ ഭാഗമാണെന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ ഖലീഫയുടെ പ്രതിനിധികളുമാണ്. അതുകൊണ്ട് ഏത് പ്രവൃത്തിയും ഖലീഫയുടെ ചിന്താഗതിക്ക് അനുസരിച്ചുള്ളതായിരിക്കണം. **കേന്ദ്രാടിസ്ഥാനത്തിൽ നൽകപ്പെടുന്ന നിർദ്ദേശങ്ങളനുസരിച്ചാണ് അവർ പ്രവർത്തിക്കേണ്ടത്.** ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവർ തങ്ങളുടെ സ്ഥാനം വേണ്ടപോലെ നിറവേറ്റുന്നവരല്ല. നീതിപൂർവ്വം പ്രവർത്തിക്കുന്നവരുമല്ല.

### സ്ഥാനമോഹികൾ

പിന്നീട് വരുന്നത് സ്ഥാനം വേണമെന്ന ആഗ്രഹക്കാരാണ്. ജമാഅത്തിൽ വളരെ മോശമായിട്ടാണ് ഇത് കാണുന്നത്. ഇതിനുവേണ്ടി ശ്രമിക്കുന്നവർക്കെതിരെ നടപടിയുമുണ്ടാകാറുണ്ട്.

ഹദ്റത്ത് അബ്ദുർറഹ്മാൻ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നബി(സ) എന്നോട് പറഞ്ഞു. "അബ്ദുർറഹ്മാൻ! നീ ഒരിക്കലും ഭരണാധികാരം ചോദിച്ചുവാങ്ങരുത്. എന്നാൽ, ചോദിക്കാതെ നിനക്കത് കിട്ടിക്കഴിഞ്ഞാൽ നീ അതിൽ സഹായിക്കപ്പെടും. മറിച്ച്, ചോദിച്ചിട്ടാണ് നിനക്കത് കിട്ടിയതെങ്കിൽ നീ അല്ലാഹുവിന്റെ പിടിയിലായിരിക്കും. നീ ഒരു കാര്യത്തിൽ സത്യം ചെയ്യുകയും എന്നിട്ട് അതിനേക്കാൾ ഉത്തമമായത് മറ്റൊന്നാണെന്ന് നിനക്ക് ബോധ്യമാവുകയും ചെയ്താൽ നീ നല്ലത് കൊണ്ടുവരികയും നിന്റെ സത്യം പ്രായശ്ചിത്തം കൊണ്ട് പരിഹരിക്കുകയും ചെയ്യുക."

### പിടിവാശി ഉപേക്ഷിക്കണം

ഭാരവാഹികളും ചിലപ്പോൾ പിടിവാശിയുള്ളവരായിരിക്കും. ഇങ്ങനെയല്ല അങ്ങനെയാണ് വേണ്ടതെന്ന് വെറുതെ വാശിപിടിക്കും. അത് ജമാഅത്തിന് ദോഷകരമാണെങ്കിൽ നിങ്ങളുടെ പിടിവാശി ഉടൻ അവസാനിപ്പിക്കേണ്ടതാണ്. അത് ജമാഅത്തിന്റെ മുന്നോട്ടുള്ള ഗമനത്തിന് തടസ്സമാകാൻ പാടില്ല. തഖ്വയോടുകൂടി ജമാഅത്തിന്റെ ഗുണത്തിനായി പ്രവർത്തിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു നബി(സ) പറഞ്ഞു. "നിങ്ങൾ എളുപ്പമുണ്ടാക്കുക, ഞെരുക്കമുണ്ടാക്കരുത്. നല്ല വാർത്തകൾ ജനങ്ങൾക്ക് നൽകുക. അവരെ വഴിതെറ്റിക്കരുത്."

### ഭാരവാഹികളുടെ സുപ്രധാന ചുമതല

മുബല്ലിഗുമാരോടും ജീവിതം വഖ്ഫ് ചെയ്ത് സേവനമനുഷ്ഠിക്കുന്ന എല്ലാവരോടും, സ്വന്തം മനസ്സിലും ജനങ്ങളുടെ മനസ്സുകളിലും ആദരവും ബഹുമാനവും ഉണ്ടാക്കേണ്ടത് ലോകത്തെങ്ങുമുള്ള ജമാഅത്തിന്റെ ഭാരവാഹികളുടെ ചുമതലയാണ്. അവരെ ആദരിക്കുക, ആദരിപ്പിക്കുക അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുക കഴിവിന്റെ പരമാവധി അവർക്കു വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തുകൊടുക്കുക തുടങ്ങിയത് ജമാഅത്തിന്റേയും ഭാരവാഹികളുടേയും കടമയാണ്. അവ

പേജ് 34–ൽ

ലേഖനം

യാസർ അറഫാത്ത്, കോഴിക്കോട്

# തബ്‌ലീഗ് അനുഭവങ്ങൾ

**കു**വൈത്ത് അഹ്മദിയ്യാജമാഅത്തിലെ ഒരു സഹോദരൻ, ഒരു പ്രശസ്ത കമ്പനിയുടെ ക്യാമ്പിൽ തബ്‌ലീഗിനു പോയിരുന്നു. ധാരാളം പാക്കിസ്ഥാനികളും ഇന്ത്യക്കാരും താമസിക്കുന്ന ക്യാമ്പാണ്. മൂന്ന് പാക്കിസ്ഥാനികളുമായി തബ്‌ലീഗ് സംസാരം തുടങ്ങി. അറിവുള്ളവനെന്ന് മറ്റുള്ളവർ കരുതുന്ന ഒരു പാക്കിസ്ഥാനി, ഈസാനബി ആകാശത്ത് സ്ഥൂലദേഹത്തോടെ ജീവിച്ചിരിപ്പുണ്ടെന്ന വാദത്തിൽ ശക്തമായി നിലകൊണ്ടു. ഇതിന് ഖുർആനിൽനിന്നും തെളിവ് തരാമെന്ന് അദ്ദേഹം വാദിച്ചതിന്റെ അടിസ്ഥാനത്തിൽ ഖുർആൻ കൊണ്ടുവരപ്പെട്ടു. അഹ്മദികളുടെ വാദങ്ങൾ ഇപ്പോൾ തകർക്കപ്പെടുമെന്ന് പ്രതീക്ഷിച്ച് മറ്റു രണ്ട് പാക്കിസ്ഥാനികളും, കേൾവിക്കാരായി വേറെ മൂന്നുപേരും ഇരിപ്പായി. എന്നാൽ, ഖുർആൻ 'കൈകാര്യം' ചെയ്യാൻ കഴിവുള്ള പാക്കിസ്ഥാനിയാവട്ടെ വിശുദ്ധഖുർആൻ പലപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും മറിച്ചിട്ടും തിരിച്ചിട്ടും പ്രതീക്ഷിച്ച ആയത്ത് കാണുന്നില്ല. അഹ്മദീ സഹോദരൻ സൂറഃ മാഇദയിലെ '***വഇദ്ഖാലല്ലാഹു യാഈസാ....***" എന്ന ആയത്തോതിയിട്ട് ***ഫലമ്മാതവഫ്ഫൈത്തനീ*** എന്നതാണോ നിങ്ങൾ ഉദ്ദേശിക്കുന്നത് എന്നു ചോദിച്ചു. അഹ്മദിയെ എതിർക്കാൻ താൻ തിരഞ്ഞ ആയത്ത് അദ്ദേഹത്തിന്റെ വായിൽനിന്നുതന്നെ ഉച്ചരിക്കുന്നതു കേട്ടപ്പോൾ, പാക്കിസ്ഥാനിക്കൊരു പരിഭ്രമം. അത് മറച്ചുവെക്കാൻ ശ്രമിച്ചുകൊണ്ട് അയാൾ പറഞ്ഞു. "ആയത്ത് നമ്പർ എനിക്കത്ര ഓർമ്മ കിട്ടിയില്ല. ക്ഷമിക്കണം." അഹ്മദി ചിരിച്ചുകൊണ്ടു പറഞ്ഞു. "ഫിർഔനുപോലും മറവി പറ്റിയെന്നുവരാം. താങ്കൾ അതിലും നിസ്സാരനല്ലേ?" പ്രസ്തുത ആയത്ത് ഏതു സ്ഥലത്താണെന്നു കാണിച്ചുകൊടുക്കാൻ, ഖുർആനു നേരെ അഹ്മദി കൈനീട്ടിയപ്പോൾ കൈ തടഞ്ഞുകൊണ്ട് പാക്കിസ്ഥാനി പറഞ്ഞു: "നിങ്ങൾക്ക് ഖുർആൻ നല്കാൻ പാടില്ലെന്ന് ഞങ്ങളുടെ ഉലമാക്കൾ പറഞ്ഞിട്ടുണ്ട്.'' ആയത്ത് എവിടെയാണെന്ന് അഹ്മദിസഹോദരൻ പാക്കിസ്ഥാനിക്കു പറഞ്ഞുകൊടുത്തു. പാക്കിസ്ഥാനി ആയത്തോതി ഉർദു തർജ്ജമ മൗനമായി വായിച്ചശേഷം തവഫ്ഫൈത്തനീ എന്നതിന് "ആകാശത്തിലേക്ക് ഉടലോടെ പൊക്കി" എന്ന അർത്ഥം പറഞ്ഞു. വഫാത്തിന് 'ഉടലോടെ പൊക്കൽ' എന്നർത്ഥം പറഞ്ഞശേഷം അദ്ദേഹം വിജയഭാവത്തിൽ ചുറ്റുമൊന്നു നോക്കി. മറ്റുള്ളവരാകട്ടെ പുത്തരിയിൽതന്നെ ഒരു കല്ലുകടി അനുഭവപ്പെട്ടതിനാൽ, അഹ്മദിയുടെ മറുപടിക്ക് കാത്തുനില്ക്കുകയാണ്. അദ്ദേഹം ഭാവഭേദമില്ലാതെ 'തവഫ്ഫ' എന്ന പദം ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ ഉപയോഗിച്ചത് പരാമർശിച്ചുകൊണ്ട് അഞ്ച് ആയത്തുകൾ നല്കി. അതിന് പാക്കിസ്ഥാനിയോട് ഖുർആൻ നോക്കി അർത്ഥം പറയാൻ പറഞ്ഞു. പാക്കിസ്ഥാനി ഖുർആൻ ആയത്ത് ഓതിയതല്ലാതെ, അണ്ണാക്കിൽ അപ്പം കുടുങ്ങിയതുപോലെ, അർത്ഥം പുറത്തേക്കു വരുന്നില്ല. എല്ലായിടത്തും 'മരണ'മെന്നും 'റൂഹിനെ പിടിക്ക'ലെന്നുമാണ് അർത്ഥം നല്കിയിരിക്കുന്നതെന്ന് എങ്ങനെ പുറത്തു പറയാൻ പറ്റും? കാലിന്നടിയിലെ മണ്ണ് ഒലിച്ചുപോകുന്നതറിഞ്ഞ പാക്കിസ്ഥാനി ഖുർആനും, തവഫ്ഫയും ഉടലോടെ പൊക്കലും എല്ലാം വിട്ട് ഒരു ചാട്ടം മറ്റൊരു വിഷയത്തിലേക്ക്. ''ഇസ്‌ലാമികലോകത്തിന് ഒരു ഖലീഫ വേണമെന്ന് നിങ്ങൾ പറയുന്നുവല്ലോ. നിങ്ങളുടെ ഇപ്പോഴത്തെ ഖലീഫ ആരാണ്?'' ഖലീഫയെപ്പറ്റിയും അദ്ദേഹത്തിന്റെ ശക്തമായ നേതൃത്വത്തെപ്പറ്റിയും പാക്കിസ്ഥാനിക്ക് അറിയാഞ്ഞിട്ടായിരിക്കില്ല. കേൾവിക്കാരെ പഴയ വിഷയത്തിൽനിന്ന് ചിന്ത മാറ്റാൻ വായിൽവന്ന ഒരു ചോദ്യം ചോദിച്ചെന്നേയുള്ളൂ. അത് അബദ്ധമായെന്നത് വേറെ കാര്യം.

ഞങ്ങളുടെ ഇപ്പോഴത്തെ ഖലീഫ അമീറുൽ മുഅ്മിനീൻ 'മിർസാ ത്വാഹിർ അഹ്മദ് അയ്യദഹുല്ലാഹു തആലാ ബിനസ്‌രിഹിൽ അസീസ്' ആണെന്ന് നെഞ്ചു വിരിച്ച് തലയുയർത്തി അഭിമാനത്തോടെ അഹ്മദി സഹോദരൻ പറഞ്ഞു. (ഖിലാഫത്തിന്റെ പേരിൽ അഭിമാനിക്കാൻ ഇന്ന് ലോകത്ത് അഹ്മദികൾക്കല്ലാതെ മറ്റാർക്കു കഴിയും?)

പാക്കിസ്ഥാനിയോട് അദ്ദേഹം തിരിച്ചു ചോദിച്ചു. "ആട്ടെ, ഖലീഫ വേണമെന്ന് താങ്കൾക്കും അറിയാം. താങ്കളുടെ ഖലീഫ ആരാണ്?"

ചോദ്യം പ്രതീക്ഷിച്ചതുകൊണ്ടായിരിക്കണം പാക്കിസ്ഥാനിയുടെ റെഡിമെയ്ഡ് മറുപടി വന്നു. "ഖുർആനാണ് എന്റെ ഖലീഫ."

പഴയകാല ഖലീഫമാരെക്കുറിച്ച് വായിച്ചു പഠിച്ച അറിവെങ്കിലുമുള്ള കേൾവിക്കാർപോലും 'ഖുർആൻ ഖലീഫ'യെ പറ്റികേട്ടപ്പോൾ അമ്പരന്നു വായ തുറന്നുപോയി. തുറന്നവായ പൂട്ടുന്നതിനു മുമ്പേ അഹ്മദി സഹോദരന്റെ അടുത്ത ചോദ്യവും. ''അപ്പോൾ റസൂൽ(സ)യുടെ സഹാബാക്കളെല്ലാം താങ്കളേക്കാൾ വിവരമില്ലാത്തവരാണ് എന്നാണോ താങ്കളുടെ വാദം?"

പാക്കിസ്ഥാനി: 'അതെങ്ങനെ?'

പേജ്32 – ൽ നിന്ന്

രുടെ പ്രവർത്തനത്തിൽ ഏകാഗ്രത നിലനില്ക്കുന്നതിനും അവർ അവരുടെ പ്രവൃത്തി നല്ലനിലയിൽ നിറവേറ്റുന്നതിനും ഒരു ബുദ്ധിമുട്ടും കൂടാതെ തങ്ങളിൽ അർപ്പിതമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും ഇതാവശ്യമാണ്.

മുബല്ലിഗുമാരെ ആദരിക്കുന്നില്ലെങ്കിൽ വരുംതലമുറയിൽ ജീവിതം വഖ്ഫ് ചെയ്ത് പ്രവർത്തനരംഗത്തേക്ക് വരുന്നവരേയും മുബല്ലിഗുമാരേയും അന്വേഷിച്ച് കണ്ടെത്തുക എന്നതുതന്നെ നിങ്ങൾക്ക് ദുഷ്കരമായിത്തീരും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തുടങ്ങിവച്ച വഖ്ഫെനൗ പദ്ധതിയനുസരിച്ച് ഒരുപാട് കുട്ടികൾ രംഗത്ത് വരാൻതുടങ്ങിയിരിക്കുന്നു എന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്.

**മുബല്ലിഗുമാരെ ആവശ്യമുണ്ട്**

എന്നാൽ, ഞാനെടുത്ത കണക്കനുസരിച്ച് എന്റെ അഭിപ്രായത്തിൽ എത്ര മുബല്ലിഗുമാരെയാണോ ആവശ്യമുള്ളത് അത്രയും ആളുകൾ ഈ രംഗത്തേക്ക് വരുന്നില്ല. പലരും മറ്റു മേഖലകളിലേക്കാണ് പോകുന്നത്. മുബല്ലിഗുമാർക്ക് സ്ഥാനവും മാനവും നല്കുകയാണെങ്കിൽ വീടുകളിൽ അവരുടെ പേരുകൾ ബഹുമാനത്തോടും ആദരവോടുംകൂടി സ്മരിക്കുകയാണെങ്കിൽ അവരുടെ സേവനത്തെ അനുമോദിക്കുകയാണെങ്കിൽ അതിന്റെ ഫലമായി നിങ്ങളുടെ കുട്ടികളിലും ഈ രംഗത്തേക്ക് വരാൻ താല്പര്യമുണ്ടാകും. ജീവിതം വഖ്ഫ് ചെയ്ത് മുബല്ലിഗാകണമെന്ന് അവർക്ക് തോന്നും. അതുകൊണ്ട് ഇക്കാര്യത്തിൽ ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചെറിയ ചെറിയ അഭിപ്രായവ്യത്യാസങ്ങളെ അവഗണിച്ചുകളയണം. കാരണം അതുമുഖേന ഇരുഭാഗത്തും വിഷമങ്ങൾ ഉണ്ടാകും.

**മുബല്ലിഗുമാരോട്**

ജീവിതം അർപ്പണം ചെയ്ത് സേവനരംഗത്ത് പ്രവർത്തിക്കുന്നവരോടും മുബല്ലിഗുമാരോടും ഞാൻ പറയുന്നു, ജനങ്ങൾ നിങ്ങളുടെ സ്ഥാനത്തെ മനസ്സിലാക്കുകയോ മനസ്സിലാക്കാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ. പക്ഷേ, നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്യുമെന്ന് അവനോട് ഉടമ്പടി ചെയ്തവരാണ്. ആ ഉടമ്പടി സദുദ്ദേശ്യത്തോടെ അല്ലാഹുവിനുവേണ്ടി നിങ്ങൾ പാലിക്കുന്നവരാണെങ്കിൽ ജനങ്ങളെ നിങ്ങൾ അല്പംപോലും ഭയക്കേണ്ടതില്ല. നിങ്ങൾ ജമാഅത്തുപരമായ തഅ്ലീം തർബിയ്യത്തിനും ഇസ്ലാമിന്റെ സന്ദേശം ജനങ്ങൾക്കെത്തിക്കുന്നതിനും വേണ്ടിയുള്ള ഖലീഫയുടെ പ്രതിനിധികളാണ്. ഇത് നിങ്ങളുടെ വലിയ ഉത്തരവാദിത്തമാണ്. തീരുമാനെടുക്കേണ്ട ഒരുപാട് കാര്യങ്ങളിൽ കാലത്തിലന്റെ ഖലീഫ നിങ്ങളെ അവലംബമാക്കാറുണ്ട്. അതുകൊണ്ട് നിങ്ങളുടെ ചുമതല മനസ്സിലാക്കി ഭൗതികമായ എല്ലാ ഉയർച്ച താഴ്ചയേയും മനസ്സിൽനിന്ന് നീക്കിക്കളയുക. നിങ്ങളിൽ അർപ്പിതമായ പ്രവൃത്തി സമാധാനചിത്തതയോടെ നിർവ്വഹിക്കുക. അല്ലാഹുവിനുവേണ്ടി നിങ്ങൾ വെറുപ്പ് സഹിക്കുകയാണെങ്കിൽ അവൻ നിങ്ങളുടെ എളുപ്പത്തിനുള്ള മാർഗ്ഗങ്ങൾ ഒരുക്കിത്തരുന്നതാണ്. **മുറബ്ബിമാരുടെ വീടുകളിലും ഭാരവാഹികളെക്കുറിച്ച് ഒന്നും സംസാരിക്കരുത്. ജീവിതം വഖ്ഫ് ചെയ്തവരുടെ ഭാര്യമാരും ജീവിതം വഖ്ഫ് ചെയ്തവരെ പോലെതന്നെയാണെന്ന് നിങ്ങളുടെ ഭാര്യമാർക്കും മനസ്സിലാക്കിക്കൊടുക്കുക**. അതുകൊണ്ട് ഓരോ കാര്യവും ക്ഷമയോടും സഹനത്തോടുംകൂടി സഹിക്കണം. അല്ലാഹുവിന്റെ മുമ്പിൽ താണുകേണപേക്ഷിക്കണം. അവന്റെ മുമ്പിൽ കുനിയണം. ഇൻശാഅല്ലാഹ്. അവൻ തീർച്ചയായും അനുഗ്രഹിക്കുന്നതാണ്.

ഭാരവാഹികളോട് വീണ്ടും ഞാൻ പറയുന്നു. ജനങ്ങൾക്കുവേണ്ടി സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും ചിറക് വിടർത്തികൊടുക്കുക. **കാലത്തിന്റെ ഖലീഫ നിങ്ങളെ വിശ്വസിച്ചിരിക്കുകയാണ്**. നിങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഈ പ്രിയപ്പെട്ട ജമാഅത്തിനെ നിങ്ങൾക്ക് ഏല്പിച്ചുതന്നിരിക്കുകയാണ്. അതുകൊണ്ട് ഇതിലെ അംഗങ്ങളെ എല്ലാതരത്തിലും നിങ്ങൾ സംരക്ഷിക്കുക. ഓരോ അഹ്മദിക്കും നിങ്ങളുടെ സുരക്ഷിതമായ ചിറകിൻകീഴിലാണ് അവരെന്ന് തോന്നണം. ചെറിയവരാണെങ്കിലും വലിയവരാണെങ്കിലും ഓരോരുത്തരോടും പുഞ്ചിരിച്ചുകൊണ്ട് പെരുമാറുക. രൂക്ഷഭാവത്തിൽ ഓഫീസിലിരിക്കുന്ന ചില ഭാരവാഹികളെ ഞാൻ കണ്ടിട്ടുണ്ട്. അത്തരക്കാർ നബി(സ)തിരുമേനിയുടെ മാതൃകയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.................(31.12.04 ഖുത്ബയിൽ നിന്ന്)

---

മറുപടി: അവർക്ക് താങ്കൾക്കുള്ള അറിവില്ലാത്തതുകൊണ്ടായിരിക്കുമല്ലോ റസൂൽ(സ) വഫാത്തായപ്പോൾ ഖുർആൻ കൂടെയുള്ളവരായിരിക്കെ അബൂബക്കർ(റ)വിനെ ഖലീഫയായി തിരഞ്ഞെടുത്തത്?"

പാക്കിസ്ഥാനി : "..............."

അഹ്മദി സഹോദരൻ അടുത്തിരിക്കുന്ന രണ്ടാമത്തെ പാക്കിസ്ഥാനിയോട് ചോദ്യം ആവർത്തിച്ചു. "താങ്കളുടെ ഖലീഫ ഖുർആനാണോ അതോ മറ്റു വല്ലതുമോ?"

മറുപടി: "എന്നെ നമസ്കരിക്കാൻ പഠിപ്പിച്ച ഉമ്മയാണെന്റെ ഖലീഫ"

അഹ്മദി: "അപ്പോൾ ഉപ്പ?"

പാക്കിസ്ഥാനി: "അതെയതെ. ഉമ്മയും ഉപ്പയുമാണെന്റെ ഖലീഫമാർ."

അഹ്മദി: "വളരെ നല്ലത്. ഒരേ സമയത്ത് രണ്ട് ഖലീഫമാർ. ഉമ്മയും ഉപ്പയും. മകനൊരു കുട്ടിഖലീഫയാകാൻ ചാൻസുണ്ട്. മറ്റൊരാൾക്ക് ഖുർആൻ ഖലീഫ. ഇനി ബാക്കിയുള്ളവർക്കുള്ള ഖലീഫയോ?

ഈ ചോദ്യത്തിന് മറുപടി പറയാൻ അവിടെയെങ്ങും ആരുമില്ലായിരുന്നു.

●

# അറിയിപ്പ്

2007 വർഷത്തേക്കുള്ള കേരള അൻസാറുല്ലായുടെ സംസ്ഥാന നാസിമിന്റേയും ഇലാഖ നാസിമുമാരുടേയും അംഗീകാരം കേന്ദ്രഓഫീസിൽനിന്നും അറിയിക്കുന്നു.

**സംസ്ഥാന നാസിം : പി.പി. നാസിറുദ്ദീൻ സാഹിബ്**

*ഇലാഖ നാസിംമാർ:*

| | | |
|---|---|---|
| **കണ്ണൂർ** | : | **യു. മൻസൂർ അഹ്മദ് സാഹിബ്** |
| **കോഴിക്കോട്** | : | **എസ്. മുഹമ്മദ് സലീം സാഹിബ്** |
| **മലപ്പുറം** | : | **സി.കെ. അബ്ദുൽ ഗഫൂർ സാഹിബ്** |
| **പാലക്കാട്** | : | **എം.കെ. അബ്ദുൽ അസീസ് സാഹിബ്** |
| **എറണാകുളം** | : | **പി.കെ. ഷാഹുൽ ഹമീദ് സാഹിബ്** |
| **കരുനാഗപ്പള്ളി** | : | **ശരീഫ് പാലാഞ്ഞി സാഹിബ്** |

*സദ്ർ മജ്‌ലിസ് അൻസാറുല്ലാ ഭാരത്*

# ക്വാർട്ടേഴ്സ് ഉദ്ഘാടനം

കടലായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനു വേണ്ടി പുതുതായി നിർമ്മിച്ച മുബല്ലിഗ് ക്വാർട്ടേഴ്സ് 2006 ഡിസംബർ 3 ഞായറാഴ്ച മഗ്‌രിബ് നമസ്കാരത്തിനുശേഷം ചേർന്ന ലളിതമായ ചടങ്ങിൽ ജനാബ് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് ആലപ്പുഴയുടെ നേതൃത്വത്തിൽ നടന്ന ഭക്തിനിർഭരമായ സമൂഹ ദുആയോടെ ജമാഅത്തിന് സമർപ്പിക്കുകയുണ്ടായി.

ഉദ്ഘാടനവേളയിൽ സംഘടിപ്പിച്ച യോഗത്തിൽ ഖിർഅത്ത് ജനാബ് സഹീർ അഹ്മദ് സാഹിബ് നിർവ്വഹിച്ചു. മൗലവി അബ്ദുസ്സലാം സാഹിബും മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബും അവസരോചിതമായ പ്രഭാഷണം കേൾപ്പിച്ചുകൊണ്ട് സദസ്യരെ ധന്യരാക്കി. ആശംസകളർപ്പിച്ചുകൊണ്ട് മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മൗലവി നാസിർ അഹ്മദ് സാഹിബ്, ജമാഅത്ത് ഖാഇദ് ജനാബ് ടി. ആശിഖ് സാഹിബ് എന്നിവർ സംസാരിച്ചു.

ജമാഅത്ത് പ്രസിഡന്റ് എം.പി. അബൂബക്കർ സാഹിബ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പൂർവ്വകാല ത്യാഗിവര്യന്മാരെ സ്മരിക്കുകയും, ഈ ഉദ്യമത്തിന്റെ പശ്ചാത്തലം വിവരിച്ചുകൊണ്ട് ഇതിനുവേണ്ടി ദേഹം കൊണ്ടും ധനം കൊണ്ടും, സമയംകൊണ്ടും ദുആ കൊണ്ടും ത്യാഗം ചെയ്ത എല്ലാ സഹോദരങ്ങൾക്കും ജമാഅത്തിന്റെ ഹൃദ്യമായ നന്ദി പ്രകാശിപ്പിക്കുകയും, അല്ലാഹു തക്കതായ പ്രതിഫലം നല്കട്ടെ എന്ന് ദുആ ചെയ്യുകയും ചെയ്തു.

ദുആക്ക് ശേഷം ഊഷ്മളമായ ചായസൽക്കാരത്തോടെ പരിപാടി സമംഗളം സമാപിച്ചു. (അൽഹംദുലില്ലാഹി)

# ജൂബിലി ഫണ്ട്

ഖിലാഫത്ത് ശതവാർഷിക ജൂബിലിഫണ്ടിലേക്ക് വാഗ്ദാനം ചെയ്തിട്ടുള്ളവർ അവരവരുടെ വാഗ്ദാനം എത്രയും വേഗം അടച്ചുതീർക്കേണ്ടതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരേയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഈ ധനത്യാഗം ചെയ്യുന്നവരെ അല്ലാഹു വരുംതലമുറയ്ക്ക് മാതൃകയാക്കിതീർക്കട്ടെ.

ഇതുവരെ ഈ ധനത്യാഗ പരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്തവർ അവരുടെ വാഗ്ദാനം തദ്ദേശ സെക്രട്ടറിമാലിനെ അറിയിക്കുക. ജസാക്കുമുല്ലാഹ്.

*നാസിർ ബൈത്തുൽമാൽ, ഖാദിയാൻ*

# വഖ്ഫെ നൗ

കണ്ണൂർമേഖലാ വഖ്ഫെനൗ കരിയർ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു. വഖ്ഫെ നൗ കുട്ടികളുടെ രക്ഷിതാക്കൾ അവരുമായി ബന്ധപ്പെടുക.

സദ്ർ: എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് (മേഖലാ അമീർ)

സെക്രട്ടറി: പി.എ. ബശീർ സാഹിബ്, തലശ്ശേരി

അംഗങ്ങൾ: മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, സദ്റുദ്ദീൻ മാസ്റ്റർ സാഹിബ്, പഴയങ്ങാടി. അഡ്വ. ജമീൽ അഹ്മദ് സാഹിബ്, കണ്ണൂർ. വഹീദാ സലീം സാഹിബ, കണ്ണൂർ.

*നാഷണൽ സെക്രട്ടറി, വഖ്ഫെ നൗ ഭാരത്*

## നബിവചനം

**ദ്രോഹിയായിരിക്കുമ്പോഴും ദ്രോഹിതനായിരിക്കുമ്പോഴും നിന്റെ സഹോദരനെ സഹായിക്കുക. ഇങ്ങനെ നബി(സ) പറഞ്ഞപ്പോൾ 'ദ്രോഹിതനെ സഹായിക്കണംതന്നെ; ദ്രോഹിയെ എങ്ങനെ സഹായിക്കും? എന്നൊരാൾ ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: "ദ്രോഹിയെ അവന്റെ ദ്രോഹപ്രവർത്തനത്തിൽനിന്ന് തടുക്കുകയാണ് അവന് നീ ചെയ്യുന്ന സഹായം."**

**റംലഇച്ചാൽ**

# ത്യാഗീവര്യനായ അമീൻ സാഹിബ്

## (തുടർച്ച)

# ചില നിവേദനങ്ങൾ

**6.** ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നയനങ്ങൾ എപ്പോഴും പാതിയേ തുറന്നിരുന്നുള്ളൂ. എപ്പോഴും ദൃഷ്ടി താഴോട്ടായിരുന്നു. നടക്കാനും മറ്റും പോകുമ്പോൾ പൊതുവെ തിരിഞ്ഞുനോക്കാറില്ലായിരുന്നു. ഏതുവരെയെന്നാൽ ഏതെങ്കിലും സ്നേഹിതന്റെ കാലിൽതട്ടി അവിടത്തെ ഊന്നുവടി താഴെ വീണാൽ പോലും അവിടന്ന് പിന്തിരിഞ്ഞുനോക്കാറില്ലായിരുന്നു.

7. പദ്യങ്ങൾ കേൾപ്പിക്കാൻ ആരെങ്കിലും ആഗ്രഹം പ്രകടിപ്പിച്ചാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് ശ്രദ്ധാപൂർവ്വം കേൾക്കുമായിരുന്നു. നമസ്കാരത്തിനുശേഷം മസ്ജിദ് മുബാറക്കിൽ പല സ്നേഹിതന്മാരും തങ്ങളുടെ ഉർദു, പഞ്ചാബി പദ്യങ്ങൾ ഹുസൂർ(അ)നെ കേൾപ്പിക്കുമായിരുന്നു. അക്ഷരസ്ഫുടതയോടെ ഖുർആൻ പാരായണം ചെയ്യുന്നവരുടെ ഖുർആൻ പാരായണവും അവിടന്ന് കേൾക്കുമായിരുന്നു. ഖുർആൻ പാരായണം കേട്ടതിനുശേഷം ഹുസൂറിന്റെ നയനങ്ങൾ ഈറനണിയുന്നത് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്.

8. മരിച്ചുപോകുന്ന സഹോദരങ്ങളുടെ ജനാസ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയായിരുന്നു നമസ്കരിപ്പിക്കാറുണ്ടായിരുന്നത്. 1905-ൽ ഉണ്ടായ ഭൂകമ്പാവസരത്തിൽ ഹുസൂർ(അ) തോട്ടത്തിൽ താമസിക്കുമ്പോൾ ഒരു സ്നേഹിതന്റെ ജനാസ നമസ്കരിപ്പിക്കുകയുണ്ടായി. ആ നമസ്കാരം അവിടന്ന് വളരെ ദീർഘിപ്പിച്ചിരുന്നു. നമസ്കരിച്ചുകഴിഞ്ഞപ്പോൾ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ഹുസൂറിനോട്, ഈ സ്നേഹിതനു വേണ്ടിയുള്ള അങ്ങയുടെ നമസ്കാരത്തിൽ തനിക്ക് അസൂയ തോന്നുന്നുവെന്നും അയാൾക്കു പകരം താനായിരുന്നു ആ സ്ഥാനത്തെങ്കിൽ എന്നാഗ്രഹിച്ചുപോകുന്നുവെന്നും പറഞ്ഞു. അങ്ങനെയായാൽ തനിക്കും ഇത്രയധികം ദുആ കിട്ടുമായിരുന്നുവല്ലോ എന്നും അറിയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. മൗലവി സാഹിബേ, ജീവിതത്തിൽ എന്റെ ഏതേതെല്ലാം സ്നേഹിതന്മാർക്കു വേണ്ടി എനിക്ക് ജനാസ നമസ്കരിപ്പിക്കാൻ കഴിയുമെന്ന് എനിക്കറിയില്ലല്ലോ. അതുകൊണ്ട് ഇന്ന് എന്റെ ജമാഅത്തിലുള്ള എല്ലാ സഹോദരങ്ങളേയും ഞാൻ ദുആയിൽ ഉൾപ്പെടുത്തി ദുആ ചെയ്യുകയായിരുന്നു.

9. ഒരിക്കൽ ഒരു ധനസേവനത്തിനായി ഒരു സ്നേഹിതൻ തന്റെ സ്വത്ത് മുഴുവൻ ജമാഅത്തിന് കൊടുക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഹുസൂർ(അ) അതിഷ്ടപ്പെട്ടില്ല. അവിടന്ന് പറഞ്ഞു. ശറഇയായ വിധിവിലക്കുകളെ നിലനിറുത്തേണ്ടതാണ്. സ്വന്തം അനന്തരാവകാശികളേയും ബാഹ്യമായ നിലയിൽ ശ്രദ്ധിക്കുകയും വേണം.

10.ഹദ്റത്ത് മസീഹ് മൗഊദ്(അ) പലപ്പോഴും വെള്ളവും പാലും കുടിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, അവിടന്ന് എപ്പോഴെങ്കിലും നിന്നുകൊണ്ട് കുടിക്കുന്നതായിട്ട് കണ്ടത് ഞാനോർക്കുന്നില്ല. എവിടെയെങ്കിലും ധിറുതിയിൽ പോകുമ്പോഴും പാലോ വെള്ളമോ കൊടുത്താൽ അവിടന്ന് ഇരുന്നിട്ടേ കുടിക്കാറുണ്ടായിരുന്നുള്ളൂ. മിക്കപ്പോഴും ഹുസൂർ(അ) ഗ്ലാസ്സ് തുടങ്ങിയ പാത്രങ്ങൾ ഇടതുകൈകൊണ്ട് പിടിക്കുന്നതാണ് കണ്ടത്. ആദ്യകാലങ്ങളിൽ ഞാനിത് അത്ഭുതത്തോടെയാണ് നോക്കിയിരുന്നത്. കാരണം ഞാൻ പഠിച്ചതും കേട്ടതും വലതുകൈ കൊണ്ട് ഭക്ഷണം കഴിക്കുന്നതും വെള്ളം കുടിക്കുന്നതും നബി(സ)യുടെ സുന്നത്താണെന്നായിരുന്നു. വലതുകൈക്ക് ഇത്രമാത്രം മഹത്വമുള്ളപ്പോൾ ഹുസൂർ(അ) എന്തിനാണ് ഇടതുകൈകൊണ്ട് ഗ്ലാസ് പിടിക്കുന്നത്?

എന്നാൽ, പെട്ടെന്നുതന്നെ ഈ സംശയം അകറ്റാനുള്ള ഒരവസരമുണ്ടായി. ഹുസൂർ പങ്കെടുത്ത ഒരു മജ്‌ലിസിൽ അനുഗ്രഹീത പ്രവർത്തികളെക്കുറിച്ചുള്ള ചർച്ച നടക്കുകയായിരുന്നു. വലതുകൈകൊണ്ട് തിന്നുന്നതും കുടിക്കുന്നതും ബർക്കത്താണെന്ന് ആരോ പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം വിശദീകരിക്കാൻ തുടങ്ങി. ഗ്ലാസ്സ് തുടങ്ങിയവ ഇടതുകൈകൊണ്ട് പിടിക്കാൻ ഞാൻ നിർബന്ധിതനാണ്. പക്ഷേ, വലതുകൈകൊണ്ട് ഞാൻ താങ്ങ് കൊടുക്കാറുണ്ട്. ഒരിക്കൽ ഞാൻ വീണു. അക്കാരണത്താൽ എന്റെ വലതുകൈക്ക് ബലം കുറഞ്ഞുപോയി. അതിനാൽ, ഗ്ലാസ്സ് തുടങ്ങിയവ പിടിക്കാൻ കഴിയുന്നില്ല. ഇപ്പോഴും അതിന്റെ ക്ഷീണമുണ്ട്.

11. എല്ലാതരത്തിലുള്ള സ്നേഹിതന്മാരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ) സംബോധന ചെയ്യുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഓഫീസർമാരേയും സമപ്രായക്കാരേയും തന്റെ യുവസുഹൃത്തുക്കളേയും ശത്രുക്കളേയും എതിരാളികളേയും (ചീത്ത വിളിക്കുന്നവരെപ്പോലും) കുട്ടികളേയും നാട്ടുമ്പുറത്തുകാരേയും ജോലിക്കാരേയുമെല്ലാം. പക്ഷേ, ആരെയെങ്കിലും 'നീ' എന്നു പറഞ്ഞുകൊണ്ട് സംബോധന ചെയ്യുന്നത് ഞാൻ കേട്ടിട്ടില്ല. മറിച്ച്, എപ്പോഴും 'ആപ്' (അങ്ങ്) 'തും' (താങ്കൾ) എന്ന പദങ്ങൾ കൊണ്ടാണ് സംബോധന ചെയ്തിരുന്നത്. ഏതെങ്കിലും ജോലിക്കാരനിൽ നിന്നോ കുട്ടികളിൽനിന്നോ എന്തെങ്കിലും അബദ്ധമോ നഷ്ടമോ ഉണ്ടായാൽപോലും ഹുസൂർ ഒരിക്കലും ശകാരിച്ചിരുന്നില്ല. കോപംകൊണ്ട് നിയന്ത്രണാതീത

നാവുകയുമില്ല. പ്രത്യുത വളരെ ശാന്തനായിക്കൊണ്ട് പറയും: 'ഇതിൽ ദൈവത്തിന്റെ എന്തെങ്കിലും യുക്തിയോ നമുക്ക് എന്തെങ്കിലും നന്മയോ ഉണ്ടാകാം'. എന്നോട് ഒരു സ്നേഹിതൻ പറഞ്ഞു ഒരു പരിചാരകനിൽനിന്ന് വലിയ നഷ്ടം സംഭവിച്ചു. ഹുസൂർ പറഞ്ഞത് ഇത്രമാത്രം. 'ആലോചിച്ചും മനസ്സിലാക്കിയും വേണം ജോലികൾ ചെയ്യാൻ; മൃഗങ്ങളെപ്പോലെയാകാൻ പാടില്ല'.

12. ഹുസൂർ(അ)ന്റെ മജ്‌ലിസിൽ ബുദ്ധിപരമായ നിലയിലുള്ള ഏതെങ്കിലും തമാശയുണ്ടായാൽ അവിടന്ന് ചിരിക്കുമായിരുന്നു. എന്നാൽ, അതിൽ ലവലേശം പരിഹാസം കണ്ടാൽ വെറുപ്പ് പ്രകടിപ്പിക്കുകയും ഉടനെതന്നെ അത് വിരോധിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ചെയ്യരുതെന്നും അത് പാപമാണെന്നും പറയുമായിരുന്നു.

13. വിവാഹാവസരങ്ങളിലും കുട്ടികളുടെ ജനന സമയത്തും നടക്കുന്ന അനാചാരങ്ങളെ ഹുസൂർ(അ) ഇഷ്ടപ്പെട്ടിരുന്നില്ല. ഞാനുള്ളപ്പോൾ ഇത്തരം ഒരു സംഭവം വിവരിച്ചുകൊണ്ട് ഒരാൾ ഹുസൂറിന്റെ നിർദ്ദേശം തേടിയിരുന്നു. ഹുസൂർ(അ) പറഞ്ഞു. ആചാരമെന്ന നിലയിൽ കൊടുക്കുകയും വാങ്ങുകയും ചെയ്യുക എന്നത് ബിദ്അത്താണ്. കാരണം ഇത്തരം സന്ദർഭങ്ങളിൽ ചെലവുകൾ അധികമാണ്. അതുകൊണ്ട് സഹായമെന്ന നിലയിൽ അർഹതപ്പെട്ടവർക്ക് എന്തെങ്കിലും കൊടുത്താൽ കൃത്യസമയത്തുള്ള ഒരു സഹായമായിരിക്കുമത്. തിരിച്ചുകിട്ടണം അല്ലെങ്കിൽ കൊടുക്കണം എന്ന ഉദ്ദേശ്യത്തോടെ കൊടുക്കുകയും വാങ്ങുകയും ചെയ്യാൻ പാടില്ല. കാരണം ഈ നിലയിൽ കൊടുക്കൽ വാങ്ങൽ നബി (സ)ൽനിന്ന് സ്ഥാപിതമല്ല.

14. പല സഹോദരന്മാരും ഹുസൂർ(അ)ന് സമ്മാനമെന്നനിലയിൽ വസ്ത്രം കൊടുക്കുമായിരുന്നു. അവിടന്ന് ഉപയോഗിച്ച വസ്ത്രം തബർറുക്കായി വാങ്ങുകയും ചെയ്യുമായിരുന്നു. പലപ്പോഴും ഞാനിത് കണ്ടിട്ടുണ്ട്. പക്ഷേ, ഹുസൂർ ആരേയും വിലക്കിയിട്ടില്ല. കിട്ടുന്ന തുണി കൊടുക്കുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ പുതിയ തുണി നിസ്സാരവിലയുടേതായിരിക്കും. ഹുസൂർ ഉപയോഗിച്ച വസ്ത്രമാകട്ടെ വിലകൂടിയതും. പക്ഷേ, ഹുസൂർ(അ) ഒരിക്കലും അതിൽ വകഭേദം കാണിച്ചിട്ടില്ല. ഞാൻ കരുതുന്നത് ഒരു ഖമീസും സൽവാറും പകിടിയും ഒരു മാസം വരെ ഹുസൂറിന്റെ കൈയിൽ ഇരുന്നിട്ടുണ്ടാകുകയില്ലെന്നാണ്. പുതിയ വസ്ത്രവും ഉടുത്തുകൊണ്ട് ഹുസൂർ വെളിയിൽ വരികയും അതൊരുപ്രാവശ്യം കഴുകുന്നതിനു മുമ്പേ തന്നെ ആരെങ്കിലും ചോദിച്ചുവാങ്ങുകയും പതിവായിരുന്നു.

15. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ കാലാവസ്ഥ വളരെ നല്ലതായി അനുഭവപ്പെട്ടിരുന്നു. ചൂടിന്റെ കാഠിന്യം ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. ഒരുപ്രാവശ്യം ചൂട് കൂടുതലായി ഉണ്ടായി. അപ്പോൾ മഴക്കു വേണ്ടിയുള്ള നമസ്കാരം നടന്നു. ആ നമസ്കാരത്തിൽ ഹുസൂർ(അ) പിന്തുടർന്നാണ് നമസ്കരിച്ചത്. അതിനുശേഷം ജനങ്ങൾക്ക് മഴക്കായി കൂടുതൽ കാത്തിരിക്കേണ്ടി വന്നില്ല. പെട്ടെന്നുതന്നെ മഴ പെയ്തു.

16. ഞാൻ ഖാദിയാനിൽ വരുന്നതിന് മുമ്പേയാണ് ആഥമിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രവചനം ചെയ്തത്. അയാൾ തൗബ ചെയ്ത കാരണത്താൽ പ്രവചനം പുലരേണ്ട കാലം കഴിഞ്ഞുപോയി. അപ്പോൾ ശത്രുക്കൾ ബഹളം വെക്കാൻ തുടങ്ങി. ഞാൻ വന്ന് 2 വർഷം കഴിഞ്ഞപ്പോൾ ആഥം മരിച്ചു. അത് സംബന്ധിച്ച് ഹുസൂർ(അ) പലപ്പോഴും പറയുമായിരുന്നു: ആഥം അദ്ദേഹത്തിന്റെ ഉള്ളിലുള്ളത് വെളിപ്പെടുത്തിയിരുന്നെങ്കിൽ തീർച്ചയായും രക്ഷപ്പെടുമായിരുന്നു. പക്ഷേ, അയാൾ സത്യം മറച്ചുവെച്ചു. പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അത് വെളിപ്പെടുത്തിയില്ല. അതുകൊണ്ട് അല്ലാഹുവിന്റെ അഭിമാനം അയാളെ പിടിച്ചു, നശിപ്പിച്ചു.

17. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഒരാൾ ചോദിച്ചു. ലയ്‌ലത്തുൽ ഖദ്ർ എങ്ങനെയാണ് തിരിച്ചറിയുക? അവിടന്ന് പറഞ്ഞു. ആ രാത്രിയിൽ അല്ലാഹു ഓരോരുത്തരോടും വിവിധ രീതിയിൽ പെരുമാറുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കാൻ ഒരു പരിശ്രമവും ചെയ്യാത്തവർ ആ രാത്രിയിൽ പൂർണ്ണമായും അവഗണിക്കപ്പെടുന്നു. അഥവാ പരിശ്രമിക്കുകയാണെങ്കിൽതന്നെ അത് ഉപരിപ്ലവവും മറ്റുള്ളവരെ കാണിക്കാനും വേണ്ടിയിട്ടായിരിക്കും. രണ്ടാമത്തെയാൾ ആ രാത്രിയിൽ അല്ലാഹുവിനെ ആരാധിക്കുന്നതിൽ പൂർണ്ണമായും മുഴുകുന്നു. അയാളുടെ ആ ആരാധന ഒരു രാത്രിയിലേക്ക് മാത്രമായിരിക്കുകയില്ല. അത് എന്നെന്നേക്കുമായിട്ടുള്ളതായിരിക്കും. അതായത്, അതിനു മുമ്പേയും അയാൾ പൂർണ്ണമായ നിലയിൽ ആരാധനാകർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരുന്നു. അതിനുശേഷവും അതിൽ നിലനിന്നുപോകുന്നു. അവനോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം തന്റെ തൃപ്തി പ്രകടിപ്പിക്കുന്ന നിലയിലായിരിക്കും. ആ രാത്രിയിൽ എല്ലാ അനുഗ്രഹങ്ങളും പ്രത്യേകമായ നിലയിൽ അയാളിൽ വെളിപ്പെടുന്നു. ആ രാത്രിയിൽ മലക്കുകളുടെ ഇറക്കം അസാധാരണമായ നിലയിൽ അധികമധികമായി ഉണ്ടാകുന്നു. അതിനെ തിരിച്ചറിയാൻ ഒരു മുഅ്മിനു മാത്രമേ സാധിക്കുകയുള്ളൂ. മറ്റുള്ളവർക്ക് അതിനെ കുറിച്ചറിയാൻ പറ്റില്ല. ആ രാത്രി ചിലപ്പോൾ കാർമേഘവും ചാറ്റൽമഴയുംകൊണ്ട് അന്തരീക്ഷത്തിൽ കുളിര് അനുഭവപ്പെടുന്നു.

18. സയ്യിദ് കുടുംബത്തിൽപെട്ട ഒരു സ്നേഹിതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു. 'നബി (സ)ന്റെ കുടുംബത്തിൽപെട്ട ആൾക്ക് സദഖയും സക്കാത്തും വാങ്ങുന്നത് വിരോധമാണ്. എന്നാൽ, ഏതെങ്കിലും ഒരു സയ്യിദിന് അങ്ങേയറ്റം ദാരിദ്ര്യാവസ്ഥയുണ്ടായാൽ സക്കാത്തും സദഖയും വാങ്ങാതെ ജീവിക്കാൻ പറ്റാത്ത നില വന്നാൽ എന്താണ് പ്രതിവിധി?' ഹുസൂർ(അ) പറഞ്ഞു: "അത്തരം ഘട്ടത്തിൽ അയാൾക്ക് സദഖ വാങ്ങാൻ അനുവാദമുണ്ട്. എന്നല്ല

**2006ലെ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 16164 | ടി.കെ. ആമിന | w/o മുഹമ്മദ് മാനു. ബി | അലനല്ലൂർ | 21.8.05 |
| 16165 | വലീഖ.ടി.എ. | w/o അബ്ദുൽ അസീസ് | കാക്കനാട് | 8.4.05 |
| 16168 | അബ്ദുൽ അസീസ് | s/o ഖാദിർ സാഹിബ് | കാക്കനാട് | 8.4.05 |
| 16169 | ശൗക്കത്ത് അഹ്മദ്.പി | s/o മുഹമ്മദ് സ്വാലിഹ്.കെ | കണ്ണൂർ സിറ്റി | 19.7.05 (44) |
| 16183 | എം. ഫാറൂഖ് | s/o കെ.എം. മുഹമ്മദ് | പാലക്കാട് | 1.8.05 |
| 16184 | രഹ്ന കമാൽ | w/o കമാൽ | ചാവക്കാട് | 19.6.05 |
| 16185 | നഫീസക്കുട്ടി | w/o മുഹമ്മദ് | കാരക്കാട് | 19.6.05 |
| 16186 | ആരിഫഅശ്റഫ് | w/o പി.വി. അശ്റഫ് | ചക്കംകണ്ടം | 19.6.05 |
| 16187 | സലീമ അമീൻ | w/o മൗലവി അമീൻ മുഹമ്മദ് | ചാവക്കാട് | 19.6.05 |
| 16188 | ഫാത്വിമാറഹ്മാൻ | w/o അബ്ദുർറഹ്മാൻ | ചക്കംകണ്ടം | 19.6.05 |
| 16189 | പി.എം. അബ്ബാസ് | s/o മുഹ്‌യുദ്ദീൻ | ആളൂർ | 9.8.05 (47) |
| 16190 | സുഹ്ർബാൻ | d/o ബി.എ. മുഹമ്മദ് മുശീർ | ആളൂർ | 11.7.05 (48) |
| 16204 | എസ്.വി.സാദിഖ്അഹ്മദ് | s/o കുഞ്ഞബ്ദുല്ല | കണ്ണൂർ | 20.1.05 (49) |
| 16215 | കെ.പി. റഹ്മത്ത് | w/o പി.എം. സലീം | കോഴിക്കോട് | 3.9.05 |
| 16216 | സാബിറ ശഫീഖ് | w/o എം. ശഫീഖ് | കോഴിക്കോട് | 1.9.05 |
| 16217 | ഹസ്സാം അഹ്മദ് ശഫീഖ് | s/o എം. ശഫീഖ് | കോഴിക്കോട് | 1.9.05 (50) |
| 16218 | ഐ.കെ. മൻസൂർ | s/o ഐ.കെ.മുഹമ്മദലി | കോഴിക്കോട് | 21.8.05 |
| 16219 | എം.ഡി.എഫ്. മുഹമ്മദ് | s/o അലി. ഡി.വി. | കോഴിക്കോട് | 24.8.05 |
| 16220 | ജസ്ന | w/o എ.സഫറുല്ലാ | കോഴിക്കോട് | 31.8.05 |
| 16223 | ശഹീദാ നൗശാദ് | w/o എ.എസ്. നൗശാദ് | പള്ളുരുത്തി | 19.4.05 |
| 16224 | എ.എസ്. നൗശാദ് | s/o എ.എം. സുലൈമാൻ | പള്ളുരുത്തി | 19.4.05 (1,2) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറിയിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കുക. എന്തെങ്കിലും നീക്കാനോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)

വാങ്ങൽ നിർബന്ധമാണ്. ഇല്ലെങ്കിൽ അയാൾ ആത്മഹത്യ ചെയ്യും. അത് ഇസ്‌ലാം ഒരുപ്രകാരത്തിലും അനുവദിക്കുന്നില്ല. എന്നല്ല ഹറാമുമാണ്.

19. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അറബി ഗ്രന്ഥങ്ങളുടെ കയ്യെഴുത്തുപ്രതി ഹദ്റത്ത് ഹാജിയുൽ ഹർമയ്ൻ ഹകീം നൂറുദ്ദീൻ സാഹിബ്(റ)നെ കാണിക്കാറുണ്ടായിരുന്നു. പക്ഷേ, മൗലവി സാഹിബ് അതൊന്നോടിച്ചു വായിച്ചിട്ട് മടക്കികൊടുക്കുകയാണ് ചെയ്യാറുള്ളത്. ഒരിക്കൽ ഒരു സദസ്സിൽവെച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഒരാൾ ചോദിച്ചു. ഈ കയ്യെഴുത്തുപ്രതി മൗലവിസാഹിബിനെ കാണിക്കേണ്ട ആവശ്യമെന്താണ്? അങ്ങനെ സമയം നഷ്ടപ്പെടുകയല്ലേ ചെയ്യുന്നത്? കാരണം അത് ശ്രദ്ധിച്ചുവായിച്ച് മൗലവി സാഹിബ് അതിലൊന്നും തിരുത്താറില്ല. മറിച്ച്, മൗലവി സാഹിബ് പറയുന്നത്, ഹുസൂർ(അ)ന്റെ ഗ്രന്ഥത്തിൽ എന്റെ പേന വെക്കാൻ ഒരിടവും കാണുന്നില്ല എന്നാണ്. അതുകൊണ്ട് ഹുസൂറിന്റെ കല്പന അനുസരിക്കുന്നുവെന്നുമാത്രം. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. വാസ്തവത്തിൽ തന്റെ ജോലിത്തിരക്കുകൊണ്ട് മൗലവി സാഹിബിന് എന്റെ ഗ്രന്ഥം വായിക്കാൻ ഒഴിവുണ്ടാകാറില്ല. അതുകൊണ്ട് ഈ രീതിയിലെങ്കിലും അദ്ദേഹം നമ്മുടെ ഗ്രന്ഥം വായിക്കുമല്ലോ.

●

അനുസ്മരണം

# മർഹൂം കെ.പി.ആയിശ സാഹിബ

പത്തപ്പിരിയം ജമാഅത്തിലെ ഒരു പ്രധാന അംഗമായിരുന്ന മർഹൂം സി.കെ. വീരാൻസാഹിബിന്റെ സഹധർമ്മിണി ആയിശ സാഹിബ(65) 2006 ഡിസംബർ 23-ന് ശനിയാഴ്ച പുലർച്ചെ 4 മണിക്ക് പെരിന്തൽമണ്ണ മൗലാനാ ആശുപത്രിയിൽ നിര്യാതയായി. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. പരേത അലനല്ലൂർ ജമാഅത്തിലെ ആദ്യ അഹ്മദികളിൽ പ്രധാനിയും പണ്ഡിതനുമായിരുന്ന കിഴക്കുംപാടം കുഞ്ഞലവി മൗലവി സാഹിബിന്റെ സീമന്തപുത്രിയായിരുന്നു. ഒന്നിലധികം തവണ പത്തപ്പിരിയം ലജ്നപ്രസിഡന്റും കൂടാതെ ലജ്നയുടെ പല ഭാരവാഹിത്വങ്ങളും നിർവ്വഹച്ചിട്ടുണ്ട്. തികച്ചും മാതൃകായോഗ്യയും തികഞ്ഞ നിഷ്കർഷയും നേതൃത്വപാടവവും കൈമുതലാക്കിയ അവർക്ക് വനിതകളുടെ ഏത് പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിൽ പ്രത്യേക നൈപുണ്യമുണ്ടായിരുന്നു. ആയിശാ സാഹിബയിൽ തഖ്‌വയാൽ അധിഷ്ഠിതമായ ചലനങ്ങളും സംസാരങ്ങളും പ്രവർത്തികളും ഉപദേശങ്ങളുമല്ലാതെ മറ്റൊന്നും കാണാൻ കഴിയുകയില്ലായിരുന്നു.

അഹ്മദികളും പ്രത്യേകിച്ച് അനഹ്മദി സഹോദരങ്ങളും അവരെ വളരെയധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. അവർക്കുണ്ടാകുന്ന ഗാർഹികമായ പല പ്രശ്നങ്ങൾക്കും ആയിശ സാഹിബയുടെ നിർദ്ദോശോപദേശങ്ങൾ തേടുകയും പ്രശ്നങ്ങൾക്ക് സമാധാനപരമായി രമ്യമായ പരിഹാരം കാണുകയും ചെയ്തിരുന്നു. പരേതയുടെ ജനാസ കാണാൻവന്ന അയൽവാസികളായ അനഹ്മദിസഹോദരിമാർ 'ഞങ്ങളുടെ വെളിച്ചം പോയി' എന്ന് പറഞ്ഞ് വിങ്ങിപ്പൊട്ടിയ രംഗം വിവരണാതീതമാണ്.

തബ്ലീഗ് കാര്യത്തിൽ പ്രത്യേക താല്പര്യം കാണിച്ചിരുന്ന അവർ തന്റെ ജീവിതത്തിന്റെ എല്ലാ തുറകളിലും പരിചയപ്പെടുന്ന എല്ലാവർക്കും ജമാഅത്തിന്റെ സന്ദേശം എത്തിക്കുക എന്ന പ്രത്യേക നിർബന്ധബുദ്ധിയുടെ ഉടമയായിരുന്നു. തന്നെ ചികിത്സിച്ച മിക്ക ഡോക്ടർമാർക്കും ജമാഅത്തിന്റെ സന്ദേശം എത്തിച്ചിട്ടുണ്ട്. കൂടാതെ ഹോസ്പിറ്റലിൽ ചികിത്സക്കെത്തുന്ന പലർക്കും പരിചയപ്പെടുന്നവർക്കുമെല്ലാം ജമാഅത്തിന്റെ ശബ്ദം എത്തിക്കുക എന്ന കാര്യം ഒരു പ്രതിജ്ഞപോലെയായിരുന്നു ചെയ്തിരുന്നത്. മരിക്കുന്നതിന് രണ്ടാഴ്ചമുമ്പേ എടവണ്ണ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചപ്പോൾ തന്നെ ചികിത്സിച്ച ഡോക്ടറോട് ജമാഅത്തിന്റെ കാര്യങ്ങൾ സംസാരിക്കുകയും പുസ്തകങ്ങൾ നൽകുകയും ചെയ്തിരുന്നു. മരണവിവരം എങ്ങനെയോ അറിഞ്ഞ് ഡോക്ടറും സഹപ്രവർത്തകരും പത്തപ്പിരിയം വീട്ടിൽ ജനാസ കാണാൻ എത്തിയിരുന്നു. ആയിശ സാഹിബയുടെ പ്രത്യേക സ്വഭാവമഹിമയുള്ള വ്യക്തിത്വത്തെക്കുറിച്ച് അവർ പ്രത്യേകം പറയുകയുണ്ടായി. തന്റെ വീട്ടിൽ സഹായമർത്ഥിച്ചുകൊണ്ട് ആരുവന്നാലും അവരെ തൃപ്തരാക്കി മടക്കുക എന്നത് അവരുടെ എടുത്തുപറയത്തക്ക ഗുണമായിരുന്നു. ആയിശ സാഹിബയുടെ ഉമ്മറത്ത് ആരെത്തിയാലും അവർക്ക് ഭക്ഷണമുണ്ട്. ഭിക്ഷക്കാർക്ക് മാത്രമല്ല, സാധാരണക്കാർക്കും. അതിഥി സൽക്കാരത്തിൽ പ്രത്യേക തല്പരയായിരുന്നു. തന്റെ മക്കളെ കാണാൻ പുറത്തുനിന്ന് ആരെങ്കിലും വന്നാൽ അതിഥി ആവശ്യപ്പെടാതെതന്നെ അവർക്കുള്ള ചായ ഉടൻതന്നെ മുന്നിലെത്തും. അവരുടെ ഈ ശീലം മക്കൾക്കും മരുമക്കൾക്കും ലഭിച്ചിട്ടുണ്ട്.

ഖുർആൻ പാരായണം നിത്യശീലമാക്കിയ അവർക്ക് വിശുദ്ധഖുർആനിലെ കുറേ ഭാഗങ്ങൾ മനഃപാഠമായിരുന്നു. തന്റെ മക്കളോടും മറ്റും സംസാരിക്കുമ്പോൾ ഖുർആനിലേയും ഹദീസിലേയും കാര്യങ്ങൾ ഓർമ്മിപ്പിച്ചാണ് മിക്ക സമയങ്ങളിലും അവർ കാര്യങ്ങൾ പറഞ്ഞുകൊടുക്കാറ്. പിതാവ് തന്നെയായിരുന്നു ആയിശാസാഹിബയെ ഖുർആൻ പഠിപ്പിച്ചത്. വളരെ ഭംഗിയായി അക്ഷരസ്ഫുടതയോടെ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. പത്തുമക്കളുടെ മാതാവായ ആയിശസാഹിബ തന്റെ മക്കളെ എല്ലാവരേയും ഖുർആൻ നന്നായി ഓതാൻ പഠിപ്പിച്ചിട്ടുണ്ട് എന്നത് മറ്റുള്ളവർക്ക് മാതൃകയാണ്. വീടും പരിസരവും വൃത്തിയാക്കുന്നതിൽ പ്രത്യേക ശ്രദ്ധപതിപ്പിച്ചിരുന്ന ആയിശസാഹിബ വ്യക്തിശുദ്ധിയിലും പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. അഞ്ചുസമയങ്ങളിലും ദന്തശുദ്ധി വരുത്തുകയും അപ്രകാരം തന്നെ വീട്ടിലെ എല്ലാവരും പ്രത്യേകിച്ച് രാത്രിയിൽ ദന്തശുദ്ധി വരുത്തേണ്ട കാര്യത്തിൽ അവർ സഗൗരവം ശ്രദ്ധിക്കുമായിരുന്നു.

ചെറുപ്പം മുതൽതന്നെ തഹജ്ജുദ് നമസ്കാരം നിത്യശീലമാക്കിയിരുന്നു. തന്റെ ഭർത്താവ് സി.കെ. വീരാൻ സാഹിബ് മരിക്കുന്നതുവരെ അവർ ഒരുമിച്ച് തഹജ്ജുദ് നമസ്കരിക്കുകയും പിന്നീട് ആയിശ സാഹിബ തന്റെ മരണംവരെ അത് തുടരുകയും

ചെയ്തിട്ടുണ്ട്.

സി.കെ. ശംസുദ്ദീൻ, സി.കെ. ഖമറുദ്ദീൻ, നൂറുദ്ദീൻ, ജലാലുദ്ദീൻ, സഫറുള്ള, മൻസൂർ അഹ്മദ്, ഫാത്തിമ, റംലത്ത്, സലീന, നസീറ എന്നിവർ മക്കളും ടി. കെ. നാസർ (സൗദി), കെ. ജമീൽ(കരുളായി) സി. എം. സലീം (സൗദി), എച്ച്. ബശീർ അഹ്മദ് (കുവൈത്ത്), ടി.കെ. നുസ്റത്ത് (കൽക്കുളം), വി. മുനീറ (വാണിയമ്പലം), സി.എം. നുസ്റത്ത് (കൊടിയത്തൂർ), സി. ശഹർബാൻ (അലനല്ലൂർ), പി.പി. സജ്ന (എടവണ്ണ), യു. ഫെബ്ന (മഞ്ചേശ്വരം) എന്നിവർ മരുമക്കളുമാണ്.

ജനാസയിൽ പങ്കെടുക്കാൻ മലബാറിലെ മിക്ക ജമാഅത്തുകളിൽനിന്നും സഹോദരങ്ങൾ എത്തിയിരുന്നു. ജനാസ നമസ്കാരത്തിൽ പരിസരപ്രദേശങ്ങളിലെ പല അനഹ്മദി സഹോദരങ്ങളും പങ്കെടുത്തു. സഹോദരനും പത്തപ്പിരിയം ജമാഅത്തിലെ ഇമാമുസ്സലാത്തുമായ കെ.പി. സിദ്ദീഖ് സാഹിബ് ജനാസ നമസ്കരിപ്പിച്ചു. മൗലാനാ മുഹമ്മദ് ഇസ്മായിൽ സാഹിബ് ദുആക്ക് നേതൃത്വം നൽകി.

പരേതയെ അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മത്തുല്ലാഹി ഖാദിയാനിൽ വന്നപ്പോൾ ഹുസൂറിനെ കണ്ട് മുലാഖാത്ത് ചെയ്തത് മരണംവരേയും വലിയ അനുഭൂതിയായി പറയുമായിരുന്നു. പരിശുദ്ധ ഖാദിയാനിൽ മൂന്നുതവണ സന്ദർശിച്ചിട്ടുണ്ട്. ബൈത്തുദ്ദുആയിൽ ദുആ ചെയ്തതും എപ്പോഴും എടുത്തുപറയുമായിരുന്നു.

പത്തപ്പിരിയം സയീം കെ.പി. മുഹമ്മദ് സാഹിബ്, കെ.പി. സിദ്ദീഖ് സാഹിബ്, കെ.പി. അബ്ദുൽലത്തീഫ് സാഹിബ് പഴയങ്ങാടി, കെ.പി. ബശീർ സാഹിബ് എന്നിവർ സഹോദരങ്ങളാണ്. ●

---

*പേജ് 18-ൽ നിന്ന്*

ഷ്യൻ അന്യോന്യമല്ലാതെ മനുഷ്യരും ഒരു സൂക്ഷ്മ സൃഷ്ടിയും തമ്മിലാകാൻ തരമില്ല. ആകയാൽ, ഇവിടെ ജിന്ന് എന്നും ഇൻസ് എന്നും പറഞ്ഞിരിക്കുന്നത് മനുഷ്യരിലുള്ള രണ്ട് വിഭാഗക്കാരെക്കുറിച്ച് തന്നെയാണ്. അതായത്, ഖുർആനെ പ്രത്യക്ഷത്തിൽ എതിർക്കുന്നവരും മറഞ്ഞിരുന്ന് ആ എതിർപ്പിന് നേതൃത്വം നല്കുന്നവരും. വിശുദ്ധഖുർആനിൽ മനുഷ്യർക്ക് മാർഗ്ഗദർശകമായുള്ള എല്ലാ വിവരങ്ങളും അടങ്ങിയിട്ടുണ്ടെന്നും എന്നാൽ, അധികംപേരും അതിനെ നിഷേധിക്കുകയാണ് ചെയ്യുന്നതെന്ന് തുടർന്നുകൊണ്ട് പ്രസ്താവിച്ചിരിക്കുന്നതിൽനിന്ന് അത് മനുഷ്യർക്ക് വേണ്ടിയുള്ളതാണെന്നും അതിനെ നിഷേധിക്കുന്നത് മനുഷ്യർ തന്നെയാണെന്നും സുവ്യക്തമാക്കുന്നു. ഖുർആൻ ദൈവവചനമല്ലെന്ന് നിഷേധിച്ചുപറയുന്നവരും അതിന് തുല്യമായ ഒരു ഗ്രന്ഥം കൊണ്ടുവരാൻ ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നവരും ആയ ജിന്നും ഇൻസും മനുഷ്യർ തന്നെയല്ലാതെ മറ്റൊരു സൃഷ്ടിയായിരിക്കാൻ തരമില്ല.

**ജിന്ന് ബുദ്ധിജീവി**

കണ്ണുണ്ടായിട്ടും കാണാത്തവരും ചെവിയുണ്ടായിട്ടും കേൾക്കാത്തവരും ബുദ്ധിയുണ്ടായിട്ടും ചിന്തിക്കാത്തവരുമാണ് ജിന്നുകളിൽ വലിയ വിഭാഗമെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നുണ്ട്. ആ പവിത്രഗ്രന്ഥത്തിൽ പറയുന്നു. "നിശ്ചയമായും നാം ജിന്നിലും ഇൻസിലും നിന്നുള്ള വളരെപേരെ നരകത്തിനായിട്ട് സൃഷ്ടിച്ചിരിക്കുന്നു. അവർക്ക് ഹൃദയമുണ്ട്. അവ കൊണ്ട് അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട്. അവകൊണ്ട് അവർ കാണുന്നില്ല. അവർക്ക് ചെവികളുണ്ട് അവകൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികളെ പോലെയാകുന്നു. എന്നല്ല, അവയേക്കാൾ വഴിപിഴച്ചവരാണ് ഇവരത്രെ മതിമറന്നവർ.' (7:179)

ഇവിടെ ജിന്നിനും ഇൻസിനും ഉള്ളതായി പൊതുവെ പറഞ്ഞ ഗുണങ്ങൾ മനുഷ്യർക്ക് മാത്രമുള്ളവയാണ്. ആകയാൽ, ജിന്ന് എന്ന് പറയുന്നത് വലിയവരെന്ന് ഊറ്റം നടിക്കുന്ന മനുഷ്യരെക്കുറിച്ച് തന്നെയാണെന്ന് കരുതാനേ തരമുള്ളൂ. ഈ വാക്യത്തിൽ ജിന്നിനേയും ഇൻസിനേയും മൃഗങ്ങളോട് ഉപമിച്ചിരിക്കുന്നു. വിശേഷബുദ്ധിയും ചിന്താശക്തിയുമുള്ള മനുഷ്യർ ഈ ഗുണങ്ങളെ നിരുപയോഗമാക്കി ജഢികസുഖങ്ങൾ മാത്രം ഇച്ഛിച്ച് മൃഗസമാനരായി ജീവിക്കുമ്പോൾ അവരെ മൃഗത്തോട് ഉപമിക്കുന്നത് ന്യായം തന്നെ. ജിന്നുകൾ മനുഷ്യരല്ലാതെ സൂക്ഷ്മദേഹികളും ജഢികാവശ്യങ്ങളുമായി ബന്ധമില്ലാത്തവരുമാണെങ്കിൽ ആ അത്ഭുതസൃഷ്ടിയെ മൃഗത്തോടുപമിക്കുന്നത് യുക്തിസഹമല്ല.

അല്ലാഹു ആദമിന്റെ സന്താനങ്ങളെ പറപ്പെടുവിക്കുകയും അവരോട് താൻ അവരുടെ ദൈവമല്ലയോ എന്ന് ചോദിക്കുകയും ചെയ്ത സംഗതി വിവരിച്ചശേഷമാണ് ഉപരി ഉദ്ധരിച്ച വാക്യം ഖുർആനിൽ വന്നിട്ടുള്ളത്. ഇങ്ങനെ ദൈവത്തിൽ വിശ്വസിക്കുവാനുള്ള ഒരു അന്തർബോധം മനുഷ്യന് നല്കപ്പെട്ടുവെങ്കിലും അവരിൽ ചിലർ ഈ ആത്മബോധത്തിന് വിപരീതമായി പ്രവർത്തിക്കുന്നുവെന്ന സംഗതി പ്രസ്താവിച്ചുകൊണ്ടാണ് ജിന്നിലും ഇൻസിലുംനിന്ന് അനേകർ നരകത്തിലേക്കുള്ളവരാണെന്ന് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഈ ജിന്നും ഇൻസും ആദമിന്റെ സന്തതികളിൽപെട്ടവരും എന്നാൽ, ദൈവഹിതത്തിന് വിപരീതം പ്രവർത്തിച്ചവരും ആയിരിക്കാൻ മാത്രമേ പാടുള്ളൂ.

**ജിന്ന്– വിശ്വാസിയും നിഷേധിയും**

നബിതിരുമേനിയുടെ ദൗത്യം സാർവ്വജനീനമായിട്ടുള്ളതാണെന്നും ഖുർആനിൽ ജിന്ന് എന്നും ഇൻസ്

എന്നും പറയപ്പെട്ടവർ ആ ദൗത്യം സ്വീകരിക്കുന്നതിന് ബാധ്യതപ്പെട്ടവരാണെന്നും എല്ലാ മുസ്‌ലിംകളും സമ്മതിക്കുന്നു. നബി(സ) തിരുമേനി ഇൻസിനെന്നപോലെ ജിന്നിനുവേണ്ടിയുള്ള പ്രവാചകനത്രെ. തിരുനബി (സ) സകല മനുഷ്യർക്കും വേണ്ടിയുള്ള പ്രവാചകനാണെന്നും ഖുർആനിൽ ഒന്നിലധികം സ്ഥലങ്ങളിൽ പറയപ്പെട്ടിട്ടുണ്ടെങ്കിലും ജിന്നുകളുടെ അടുക്കൽ നിയോഗിക്കപ്പെട്ട പ്രവാചകനാണെന്ന് തരംതിരിച്ച് പറഞ്ഞിട്ടില്ല. ജിന്നും മനുഷ്യരിൽ ഉൾപ്പെട്ടിരിക്കുന്നവരാകയാലാണ് ഇപ്രകാരം പറയാതിരുന്നതെന്ന് കരുതാനേ തരമുള്ളൂ.

മനുഷ്യൻ മനുഷ്യർക്കല്ലാതെ മറ്റൊരു സൃഷ്ടിക്ക് പ്രവാചകനായിരിക്കാൻ സാധ്യമല്ല. "അല്ലാഹു ഒരു മനുഷ്യനെയാണോ പ്രവാചകനാക്കിയിരിക്കുന്നത്?" എന്ന ശത്രുക്കളുടെ ചോദ്യത്തിന് ഖുർആൻ പറയുന്ന സമാധാനം ഇതാണ്. "പറയുക, ഭൂമിയിൽ ശാന്തരായി നടക്കുന്ന മലക്കുകൾ ഉണ്ടായിരുന്നെങ്കിൽ അവർക്കൊരു മലക്കായ റസൂലിനെ ആകാശത്തുനിന്നും ഇറക്കികൊടുക്കുമായിരുന്നു." (17:95) ഈ വാക്യത്തിൽനിന്ന് മനുഷ്യൻ സൂക്ഷ്മസൃഷ്ടികൾക്ക് പ്രവാചകനായിരിക്കുകയോ ഒരു സൂക്ഷ്മസൃഷ്ടി മനുഷ്യർക്ക് റസൂലായി വരികയോ ചെയ്യാവതല്ലെന്ന് മനസ്സിലാകുന്നു. ഭൂവാസികൾ മനുഷ്യരായിരിക്കയാൽ അവർക്ക് മനുഷ്യനായ റസൂലിനെ അയച്ചിരിക്കയാണെന്നും മലക്കുകളായിരുന്നുവെങ്കിൽ അവർക്ക് മലക്കിനെതന്നെ അയക്കുമായിരുന്നുവെന്നും ആണ് അല്ലാഹു പറയുന്നത്. പ്രവാചകന്റെ പ്രധാന കർത്തവ്യം തന്റെ പരിപൂർണ്ണവും ശ്രേഷ്ഠവുമായ മാതൃകകളെ കാണിച്ചു മനുഷ്യരെ ദൈവപഥത്തിലേക്ക് ക്ഷണിക്കുക എന്നതാണ്. അതുകൊണ്ട് തിരുനബിയുടെ ദൗത്യത്തിന് വിധേയരായ ജിന്നുകൾ മനുഷ്യരല്ലാതെ മറ്റൊരു സൃഷ്ടിയാകാൻ സാധ്യമല്ല.

**ജിന്ന് ദൈവാരാധകർ**

മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യത്തെപറ്റി അല്ലാഹു ഖുർആനിൽ ഇങ്ങനെ പറയുന്നു: ''ഞാൻ ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കുവാനായിട്ടല്ലാതെ സൃഷ്ടിച്ചിട്ടില്ല.'' (51:56) ഈ വാക്യത്തിൽനിന്ന് ഇൻസിനെപോലെ ജിന്നും ദൈവാരാധന ചെയ്യേണ്ടവരാണെന്ന് മനസ്സിലാകുന്നു. എന്നാൽ, അവർ ആരാധന നടത്തേണ്ടത് വിശുദ്ധഖുർആന്റെ ഉപദേശമനുസരിച്ചും നബിതിരുമേനിയുടെ മാതൃക സ്വീകരിച്ചും കൊണ്ടായിരിക്കണമെന്നതിൽ പക്ഷാന്തരമുണ്ടാകില്ല. ഖുർആനിലെ എല്ലാ ഉപദേശങ്ങളും നബിതിരുമേനി (സ) പഠിപ്പിക്കുകയും ജീവിച്ചുകാണിക്കുകയും ചെയ്ത എല്ലാ സംഗതികളും മനുഷ്യർക്കെന്നപോലെ ജിന്നുകൾക്കും ബാധകമായിരിക്കും. എന്നാൽ, ഇസ്‌ലാം നിർദ്ദേശിക്കുന്ന കല്പനകൾ മനുഷ്യരെ സംബന്ധിക്കുന്നവയായിരിക്കുന്നതുപോലെതന്നെ നബി(സ) ഉപദേശിച്ചവരും ആ ഉപദേശമനുസരിച്ച് പ്രവർത്തിച്ചവരും മനുഷ്യർതന്നെയാണ്. നമസ്കാരം, നോമ്പ്, ഹജ്ജ്, സക്കാത്ത് ഇത്യാദി കർമ്മങ്ങളിൽ മനുഷ്യൻ അനുഷ്ഠിക്കാൻ ബാധ്യതപ്പെട്ട ഓരോ സംഗതിയും സ്ഥൂലശരീരികളായ മനുഷ്യർക്കല്ലാതെ സൂക്ഷ്മദേഹികൾക്ക് ചെയ്യുവാൻ സാധിക്കാത്തതാകുന്നു. വിവാഹം, കച്ചവടം, കൃഷി, ഭരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അപ്രകാരം തന്നെ. സ്ഥൂലശരീരികൾക്കു മാത്രം ബാധിക്കത്തക്കതാകുന്നു. ശരീരംതന്നെയില്ലാത്തവർക്ക് വസ്ത്രം ധരിക്കുക, ഭക്ഷിക്കുക, കുളിക്കുക എന്നിവയെ സംബന്ധിച്ച കല്പനകൾ ബാധിക്കുകയോ കച്ചവടം, കൃഷി കൈത്തൊഴിൽ മുതലായ പ്രവൃത്തികൾ അവർക്ക് ചെയ്യേണ്ടിവരികയോ ഉണ്ടാവില്ല. ഇത്തരം ഇസ്‌ലാമിക നിർദ്ദേശങ്ങളൊക്കെ മനുഷ്യർക്ക് മാത്രമേ ബാധകമായിരിക്കുകയുള്ളൂ. നബി(സ) അഞ്ച് നേരം നമസ്കരിച്ചു ശിഷ്യഗണത്തിന് കാണിച്ചുകൊടുത്തു. എന്നാൽ, ഒരു ദിവസമെങ്കിലും നബിതിരുമേനി(സ) ജിന്നുകളെന്ന് പറയുന്ന ഇതര സൃഷ്ടികളെക്കൊണ്ട് അഞ്ചുനേരത്തെ നമസ്കാരം ചെയ്യിച്ചിട്ടുള്ളതായി തെളിയിക്കാൻ ആർക്കും സാധ്യമല്ല.

നബിതിരുമേനിയെ സ്വീകരിക്കുകയും തിരുമേനിയുടെ ഉപദേശമനുസരിച്ച് ജീവിക്കുകയും ചെയ്ത മനുഷ്യരുടെ പ്രവർത്തികളെക്കുറിച്ച് വിശുദ്ധഖുർആനും ചരിത്രവും പ്രസ്താവിക്കുന്നുണ്ട്. എന്നാൽ, ജിന്നുകളായ അനുയായികൾ എന്തൊക്കെ പ്രവർത്തിച്ചുവെന്ന് ആരും എവിടെയും പറഞ്ഞുകാണുന്നില്ല. നബിതിരുമേനിയുടെ സഹചർ ഇസ്‌ലാമിനുവേണ്ടി പല ത്യാഗങ്ങളും ചെയ്യുകയും പലവിധ കഷ്ടങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അവർ പല യുദ്ധങ്ങളിലും പങ്കെടുക്കുകയുണ്ടായി. എന്നാൽ, വിചാരിക്കുന്നതെന്തും ചെയ്യുവാനും ഉദ്ദേശിക്കുന്നേടത്തെല്ലാം തൽക്ഷണം എത്തിച്ചേരുവാനും ഇച്ഛിക്കുന്ന ഏവരേയും സഹായിക്കുവാനും സാധിക്കുന്നവരെന്ന് പറയപ്പെടുന്ന ജിന്നുകളാകട്ടെ നബിതിരുമേനിയേയും, സഹചരരേയും സഹായിക്കുന്നതിന് ആ യുദ്ധങ്ങളിൽ എത്തിനോക്കുകപോലും ചെയ്തിട്ടില്ല. ജിന്നിന്റെ പട്ടാളം വരികയോ സഹാബാക്കളുടെ വിശുദ്ധസംഘത്തെ സഹായിക്കുകയോ ചെയ്തതായി എവിടേയും കാണുന്നില്ല. അല്ലാഹു മലക്കുകളെ ഇറക്കി ആ വിശ്വാസിസംഘത്തെ സഹായിച്ചതായി ഖുർആൻ പറയുന്നു. എന്നാൽ, സഹായിക്കേണ്ടതിന് കടമപ്പെട്ട 'ജിന്ന്' ആയവസരത്തിൽ ഇസ്‌ലാമിനുവേണ്ടി ഒന്നും പ്രവർത്തിച്ചതായി പറഞ്ഞുകാണുന്നില്ല. ഇവയിൽനിന്നെല്ലാം മനസ്സിലാകുന്നത് ദൈവാരാധനയ്ക്കും ഇസ്‌ലാംമത സ്വീകരണത്തിനും ബാധ്യതപ്പെട്ടവരായ ജിന്ന് മനുഷ്യരല്ലാത്ത സൂക്ഷ്മദേഹികളായ ഒരന്യ സൃഷ്ടി ആയിരിക്കാവതല്ലെന്ന് തന്നെയാണ്.

# ഹൽ തറാമിൻ ഫുത്വൂർ?

**2007** ഫെബ്രുവരി 11 ഞായറാഴ്ചയിലെ മാതൃഭൂമി വാരാന്തപതിപ്പിൽവന്ന കോഴിവേഴാമ്പലിനെ കുറിച്ചുള്ള ലേഖനം ഏറെ ശ്രദ്ധേയമായിരുന്നു.

കോഴിവേഴാമ്പലിന്റെ പെൺപക്ഷി കൂടുകൂട്ടി മുട്ടയിടുന്നു. മൂന്ന് മാസക്കാലം മരപ്പൊത്തിനുള്ളിൽ മുട്ടകളും, പിന്നീട് ചിറകു മുളക്കാത്ത കുഞ്ഞുങ്ങളുമായി കഴിഞ്ഞുകൂടുന്ന പെൺപക്ഷിക്കും ദിവസത്തിൽ അഞ്ചാറ് തവണ കൃത്യമായി ആൺപക്ഷി ഭക്ഷണമെത്തിക്കുന്നു. മക്കളായാൽ തവണകൾ വർദ്ധിക്കുന്നു. അത്ഭുതകരമായ ഈ പ്രപഞ്ചസംവിധാനം ഏറെ കൗതുകവും അതോടൊപ്പം ചിന്തോദ്ദീപകവുമാണ്!

ആരാണ് ഈ പക്ഷിയോട് പെൺപക്ഷിയേയും മക്കളേയും പോറ്റാൻ നിർദ്ദേശിച്ചത്? ഏറെ സങ്കീർണ്ണമായ ഈ ചോദ്യത്തിന് മുന്നിൽ ശാസ്ത്രം ഒന്ന് അന്ധാളിക്കുന്നു.

കാര്യങ്ങൾ കൃത്യമായി നടക്കാനുതകുംവിധം ചിട്ടപ്പെടുത്തിയ ഒരു നിയാമകൻ അതിന് പിന്നിൽ ഉണ്ടെന്ന യാഥാർത്ഥ്യത്തിലേക്കല്ലേ നമ്മുടെ ചിന്ത ചെന്നെത്തുന്നത്?

വിശുദ്ധഖുർആൻ പറയുന്നു: “നമ്മുടെ നാഥൻ എല്ലാം ഔദാര്യമായി തരുന്നവനും സൃഷ്ടിക്കുന്നവനും അതിനുയോജ്യമായ നിർദ്ദേശങ്ങൾ നൽകുന്നവനുമാണ്.”

അലംഘനീയമായ ദൈവികതത്ത്വം എല്ലാ ജീവജാലങ്ങളിലും പ്രകടമാണ്. എങ്ങനെ ജീവിക്കണമെന്നും എങ്ങനെ ഇരതേടണമെന്നും എങ്ങനെ പങ്കാളിയോട് വർത്തിക്കണമെന്നുമെല്ലാം ദൈവികമായി ഉദ്ബോധനം നൽകപ്പെട്ടിരിക്കുന്നു.

അത്യത്ഭുതകരമായ ഈ പ്രപഞ്ചസംവിധാനം ഏറെ വിസ്മയാവഹവുമാണ്. പ്രപഞ്ചസംവിധാനത്തിന്റെ ഏതുഭാഗവും ദൈവികസത്തയെ വിളിച്ചോതുന്നു. മാത്രമല്ല, യാതൊരുതരത്തിലുള്ള ഏറ്റക്കുറച്ചിലും അതിൽ കാണാനും സാധ്യമല്ല.

വിശുദ്ധഖുർആൻ പറയുന്നു: “അവൻ തന്നെയാണ് ഏഴ് ആകാശങ്ങളെ ഘട്ടം ഘട്ടമായി സൃഷ്ടിച്ചത്. നിനക്ക് ഔദാര്യവാരിധിയായ ദൈവത്തിന്റെ സൃഷ്ടിപ്പിൽ യാതൊരു വൈരുദ്ധ്യവും കാണാൻ സാധ്യമല്ല. നീ കണ്ണോടിക്കൂ! വല്ല ന്യൂനതയും കാണാൻ കഴിയുന്നുണ്ടോ? വീണ്ടും നീ ദൃഷ്ടിപായിക്കുക. ദൃഷ്ടി ക്ഷീണിച്ചും പരാജയപ്പെട്ടുംകൊണ്ട് നിന്നിലേക്ക് മടങ്ങിവരുന്നതാണ്.” (68:45)

ദൈവാസ്തിക്യത്തെ ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ട് ഈ ദൈവികവാക്യം ചിന്താശീലരെ കാര്യം ഗ്രഹിക്കാൻ പ്രേരിപ്പിക്കുന്നു.

അതോടൊപ്പംതന്നെ ആകാശഭൂമികളുടേയും സൃഷ്ടിജാലങ്ങളുടേയും അറ്റമില്ലാത്ത ലോകത്തെക്കുറിച്ച് പരിചിന്തനം നടത്താനും ഗവേഷണങ്ങളിൽ ഏർപ്പെടാനും വിശുദ്ധഖുർആൻ മാനവരാശിയെ സ്വാഗതം ചെയ്യുന്നുമുണ്ട്.

മറ്റൊരു മതഗ്രന്ഥത്തിനുമില്ലാത്ത വിശുദ്ധഖുർആന്റെ സവിശേഷതകൂടിയാണിത്. അതേ, ആധുനിക ശാസ്ത്രീയപുരോഗതികൾ ഖുർആൻ സൂക്തങ്ങളെ അംഗീകരിക്കുന്നു, സാധൂകരിക്കുന്നു.